# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



## മാർച്ച് 31 – ഉയിർപ്പുതിരുനാൾ

Vol. LXXIV March 2024 No. 3

# ആശംസകൾ





മാർച്ച് 19 ന് നാമഹേതുകത്തിരുനാൾ
ആഘോഷിക്കുന്ന

**മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും**
**മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനും**

**സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ**



സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്
പാലാ അരമനയിലും ഭരണങ്ങാനം അൽഫോൻസാ ഷ്റൈനിലും
നൽകിയ പ്രൗഢോജ്ജ്വലമായ സ്വീകരണം

## – ഇനിയുമിതുപോലൊന്ന് ആവർത്തിച്ചുകൂടാ –



പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനപ്പള്ളി അസ്തേന്തി ബഹു. ആറ്റുചാലിൽ ജോസഫച്ചനെ ഒരുകൂട്ടം സാമൂഹികവിരുദ്ധർ ആക്രമിച്ചതിനെത്തുടർന്ന് സംഘടിതമായ സഭാനേതൃത്വവും വിശ്വാസികളും.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**MARCH 2024**
**Vol. LXXIV No. 3**

# CONTENTS

ഇടയലേഖനം ........................................................................ 183

സർക്കുലർ 323 .................................................................... 192

അറിയിപ്പ് ........................................................................... 194

ബഹു. വൈദികരുടെ വാർഷികധ്യാനം ................................ 205

അറിയിപ്പ് ........................................................................... 211

വാർത്തകൾ ........................................................................ 220

ആദരാഞ്ജലികൾ ................................................................ 253

അഭിവന്ദ്യപിതാവിന്റെ ഡയറി ............................................. 255

Prot. No. 0205/2024

# ഇടയലേഖനം

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

## മാർ റാഫേൽ തട്ടിൽ

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പായി ചുമതലയേറ്റതിനുശേഷം ഒരു ഇടയലേഖനത്തിലൂടെ ഞാൻ ആദ്യമായി നിങ്ങളെ അഭിസംബോധന ചെയ്യുകയാണ്. സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ ജനുവരി 8 മുതൽ 10 വരെ നടന്ന മുപ്പത്തിരണ്ടാമതു സിനഡിന്റെ ഒന്നാം സമ്മേളനം സഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി എന്നെ തിരഞ്ഞെടുക്കുകയും പ്രസ്തുത തിരഞ്ഞെടുപ്പ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്ഥിരീകരിക്കുകയും ചെയ്തു. ജനുവരി പതിനൊന്നാം തീയതി മേജർ ആർച്ചുബിഷപ്പിന്റെ ചുമതല ഞാൻ ഏറ്റെടുത്തു. പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തിരഞ്ഞെടുപ്പിനായി ആത്മാർഥമായി പ്രാർഥിച്ച സഭ മുഴുവനോടും ഞാൻ ഹൃദയപൂർവം നന്ദിപറയുന്നു. സഭയുടെ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ സിനഡു വിളിച്ചുകൂട്ടുകയും മേജർ ആർച്ചുബിഷപ്പിന്റെ തിരഞ്ഞെടുപ്പും സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ദൈവാനുഗ്രഹപ്രദമായും സൂക്ഷ്മതയോടെയും കൃത്യതയോടെയും ക്രമീകരിക്കുകയും ചെയ്ത കൂരിയാ ബിഷപ്പ് മാർ

സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിനും ഏറ്റവും ഹൃദ്യമായി നന്ദിപറയുന്നു.

സീറോമലബാർസഭയുടെ ചരിത്രം ദൈവിക ഇടപെടലുകളുടെ അദ്ഭുതവിവരണമാണ്. മാർതോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്താൽ രൂപമെടുത്ത ഈ ക്രൈസ്തവ സമൂഹത്തിനു നൂറ്റാണ്ടുകൾ നീണ്ട സങ്കീർണവും വേദനാജനകവുമായ അനുഭവങ്ങളിലൂടെയാണ് കടന്നുപോകേണ്ടിവന്നത്. കത്തോലിക്കാക്കൂട്ടായ്മയിൽനിന്നു വിഘടിച്ചുപോകാനുള്ള പ്രലോഭനങ്ങളെ അതിജീവിച്ച ഈ സഭാസമൂഹം സ്വന്തം അസ്തിത്വം രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നിരന്തരം തുടർന്നുകൊണ്ടേയിരുന്നു. 1923 ൽ സീറോ മലബാർ ഹയരാർക്കി സ്ഥാപിതമായെങ്കിലും 1992 ൽ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതോടെയാണ് സീറോമലബാർസഭയിൽ കാനോനികമായ സംവിധാനങ്ങൾ പൂർണമായും രൂപപ്പെട്ടത്. നമ്മുടെ സഭയെ കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളിൽ വഴിനടത്തിയ ദൈവപരിപാലനയ്ക്കു നന്ദിപറയാം. സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ആന്റണി പടിയറ പിതാവിനെയും പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചുബിഷപ് മാർ അബ്രാഹം കാട്ടുമന പിതാവിനെയും രണ്ടാമത്തെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിനെയും ഈ അവസരത്തിൽ ആദരവോടും കൃതജ്ഞതയോടുംകൂടി അനുസ്മരിക്കുന്നു.

സഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ്പായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ ശുശ്രൂഷകൾ സമാനതകളില്ലാത്തതാണ്. ജീവിതലാളിത്യവും നലംതികഞ്ഞ സഭാസ്നേഹവും സുവിശേഷത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും വിശ്രമരഹിതമായ അധ്വാനവും വ്രതമാക്കിയ ജീവിതമാണു പിതാവിന്റേത്. ഭാരതം മുഴുവനും ഭരണാധികാരമുള്ള

സഭയായി സീറോ മലബാർസഭയെ വളർത്തുകയും ഭാരതത്തിനു പുറത്ത് മെൽബൺ, മിസ്സിസാഗാ, ഗ്രേറ്റ് ബ്രിട്ടൺ രൂപതകളുടെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷന്റെയും സ്ഥാപനത്തിലൂടെ നമ്മുടെ സഭയ്ക്ക് ആഗോളമാനം നല്കുകയും ചെയ്തത് അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ ക്രാന്തദർശനമാണ്. ആരാധനക്രമനവീകരണം എന്നും സങ്കീർണമായിരുന്ന നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണവും യാമപ്രാർഥനകളുടെയും നവീകരണവും ഏറ്റെടുത്തു ലക്ഷ്യത്തിലെത്തിച്ചത് അഭിവന്ദ്യപിതാവിന്റെ നിശ്ചയദാർഢ്യവും നേതൃപാടവവുമാണ്. വന്ദ്യപിതാവു സഭയ്ക്കുവേണ്ടി ചെയ്ത ത്യാഗപൂർണമായ സമർപ്പണത്തിനു നമുക്കു പിതാവിനോടു നന്ദിപറയാം.

പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ എന്റെ തിരഞ്ഞെടുപ്പിനു സ്ഥിരീകരണം നല്കിക്കൊണ്ട് എഴുതിയ കത്തിൽ സമൂഹത്തിലെ പാവങ്ങൾക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും തണലാകണമെന്ന പ്രത്യേക നിർദേശം നല്കിയിട്ടുണ്ട്. ഭക്ഷണവും വെള്ളവും വസ്ത്രവും കിടപ്പാടവും സ്വന്തമായ ഭൂമിയും സ്വാതന്ത്ര്യവുമില്ലാത്തവരോടാണ് ഈശോ തന്നെത്തന്നെ താദാത്മ്യപ്പെടുത്തിയത് (മത്താ. 25: 35-36). 'പാവങ്ങളുടെ സഭ' എന്ന ഫ്രാൻസിസ് പാപ്പായുടെ സഭാദർശനം ജീവിക്കാൻ നാം ശ്രദ്ധിക്കണം. ധൂർത്തും ആഡംബരവും പ്രദർശനപരതയും സുവിശേഷവിരുദ്ധമായ പാപങ്ങളാണ്. ഈശോ തന്റെ സഭയെക്കുറിച്ചു കണ്ട ലാളിത്യത്തിന്റെ സ്വപ്നം സഭയുടെ എല്ലാ പ്രവർത്തനമേഖലകളിലും പ്രതിഫലിക്കണം. നമ്മുടെ നിർമാണപ്രവൃത്തികളിലും തിരുനാൾ, വിവാഹം, തിരുപ്പട്ടം തുടങ്ങിയ ആഘോഷങ്ങളിലും സുവിശേഷത്തിന്റെ ലാളിത്യമായിരിക്കണം നമുക്കു മാർഗദീപം. പാവപ്പെട്ടവർക്കു പ്രാപ്യമല്ലാത്ത സ്ഥാപനങ്ങളൊന്നും സഭയുടെ സ്ഥാപനങ്ങളായി അറിയപ്പെടാൻ അവകാശമില്ലാത്തവയാണ്.

ഭാരതത്തിലും കേരളത്തിലും ക്രൈസ്തവസമൂഹം നേരിടുന്ന വിവേചനങ്ങളെക്കുറിച്ചു നാം കരുതലുള്ളവരാകണം. ഒരു ന്യൂനപക്ഷമെന്ന നിലയിൽ ഈ സമൂഹത്തിന്റെ വളർച്ചയ്ക്കും നിലനില്പിനും ആവശ്യമായതും ഭരണഘടന ഉറപ്പു നല്കുന്നതുമായ എല്ലാ ന്യായമായ അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കാനും അവയെ പരിരക്ഷിക്കാനും നമുക്കു സാധിക്കണം. കർഷകർ, അസംഘടിതരായ തൊഴിലാളികൾ, ചെറുകിട വ്യവസായികൾ തുടങ്ങിയവർ ഇന്ന് എല്ലാ മേഖലകളിലും തഴയപ്പെട്ടുകൊണ്ടിരിക്കുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നു മലയോരമേഖലയിൽ താമസിക്കുന്നവരുടെ ജീവനും സ്വത്തിനും സംരക്ഷണമൊരുക്കുന്നതിൽ ഭരണസംവിധാനങ്ങൾ പരാജയപ്പെടുമ്പോൾ നമുക്കു നഷ്ടമാകുന്നതു മനുഷ്യജീവിതങ്ങളും അവരുടെ ഒരായുസ്സിന്റെ അധ്വാനവുമാണ്. ഇവിടെയെല്ലാം ജനാധിപത്യപരമായ സംഘടിതമുന്നേറ്റങ്ങൾ ആവശ്യമാണ്.

ക്രൈസ്തവർ എക്കാലവും മതസൗഹാർദത്തിന്റെ വക്താക്കളാണെന്ന സത്യം നാം മറക്കരുത്. ഈശോയിലൂടെ കൈവന്ന രക്ഷ സകല മനുഷ്യർക്കുംവേണ്ടിയുള്ളതാണെന്ന സാർവത്രിക സാഹോദര്യത്തിലാണു നാം വിശ്വസിക്കുന്നത്. അതിനാൽ വർഗീയതയ്ക്കോ വിഭാഗീയതയ്ക്കോ ക്രിസ്തീയജീവിതത്തിൽ പ്രസക്തിയില്ല. എല്ലാ മതങ്ങളും സഹോദരനിർവിശേഷമായ സ്നേഹത്തോടെ വസിക്കുന്ന നമ്മുടെ നാടിന്റെ നന്മ നഷ്ടമാകാതിരിക്കാൻ നാം ജാഗ്രതയോടെ വർത്തിക്കണം.

നമ്മുടെ സഭയ്ക്കു ദൈവം നല്കിയിരിക്കുന്ന അനുഗ്രഹങ്ങൾ നിരവധിയാണ്. 35 രൂപതകളിലും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലും മറ്റ് അസംഘടിത സമൂഹങ്ങളിലുമായി അൻപതുലക്ഷത്തിലധികം വരുന്ന വിശ്വാസികൾ നമുക്കുണ്ട്. വൈദിക സമർപ്പിത ദൈവവിളി

കളാൽ സമ്പന്നമാണു നമ്മുടെ സഭ. നമ്മുടെ രൂപതകളിലും സംവിധാനങ്ങളിലുംമാത്രമല്ല മറ്റു സഭകളിലും ലോകം മുഴുവനിലും ശുശ്രൂഷചെയ്യുന്ന വൈദികരും സമർപ്പിതരും നമ്മുടെ അഭിമാനമാണ്. മാനുഷികമായ പോരായ്മകളും സ്വഭാവരീതികളും പൗരോഹിത്യത്തിന്റെയും സമർപ്പിതജീവിതത്തിന്റെയും ശോഭ നഷ്ടപ്പെടുത്താതെ ഫലപ്രദമായ ശുശ്രൂഷചെയ്യാൻ വൈദികരും സമർപ്പിതരും കൂടുതൽ ആത്മീയമായ കാഴ്ചപ്പാട് ഉള്ളവരാകണമെന്നു സഭ ആഗ്രഹിക്കുന്നു. പത്തുലക്ഷത്തോളംവരുന്ന കുടുംബങ്ങളാണു നമ്മുടെ സഭയുടെ ശക്തി. പ്രാർഥനയിലും സ്നേഹത്തിലും പരസ്പരബഹുമാനത്തിലും രൂപപ്പെടുകയും വളരുകയും ചെയ്യുന്ന കുടുംബങ്ങൾക്കു മാത്രമേ കാലഘട്ടം ഉയർത്തുന്ന ശിഥിലീകരണത്തെ നേരിടാൻ സാധിക്കുകയുള്ളൂ.

നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും അവരുടെ വിശ്വാസജീവിതവും ദൈവം നമുക്കു നല്കിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളാണ്. യുവജനങ്ങളുടെ കൂടെനടക്കാനും ജീവിതസാഹചര്യങ്ങളിൽ അവർ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ അവരെ ശക്തരാക്കാനും നമുക്കു കഴിയേണ്ടതുണ്ട്. യുവജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും വിശ്വാസപരിശീലനം സഭ മുഴുവന്റെയും ഉത്തരവാദിത്വമായി കണക്കാക്കണം. ഈശോയെ നാഥനും രക്ഷകനുമായി സ്വന്തം ജീവിതത്തിൽ സ്വീകരിക്കാനും അതു മറ്റുള്ളവർക്കുമുൻപിൽ സാക്ഷ്യപ്പെടുത്താനും നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും ബോധ്യമുള്ളവരാകണം. വിശ്വാസപരിശീലനം ഈ ലക്ഷ്യം നേടുന്നതിനു പര്യാപ്തമാകേണ്ടിയിരിക്കുന്നു.

സാർവത്രികസഭയുടെ പ്രേഷിതസ്വഭാവം അതിന്റെ എല്ലാ തലങ്ങളിലും സ്വാംശീകരിക്കാൻ സീറോമലബാർസഭയെ ദൈവം ധാരാളമായി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ മിഷൻ രൂപതകളിലും മിഷൻപ്രദേശങ്ങളിലും ശുശ്രൂഷചെയ്യുന്നവരെ

പ്രാർഥനയിൽ പ്രത്യേകം ഓർക്കണം. ഭാരതത്തിലെ പല അവികസിതമേഖലകളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും ആതുരശുശ്രൂഷകളിലൂടെയും സാമൂഹികപ്രവർത്തനങ്ങളിലൂടെയും സ്നേഹവും കാരുണ്യവും പകർന്നുകൊടുത്തുകൊണ്ടു സാമൂഹികസേവനത്തിലേർപ്പെട്ടിരിക്കുന്നവർക്കെതിരേ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടു കേസുകളെടുക്കാനും സേവനമേഖലകളിൽ നിന്നു അവരെ പുറത്താക്കാനും ജനോപകാരപ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനും നടത്തുന്ന സംഘടിതശ്രമങ്ങൾ നമ്മുടെ ശ്രദ്ധയിലുണ്ട്. ഇപ്രകാരം സുവിശേഷത്തിനുവേണ്ടി പീഡിപ്പിക്കപ്പെടുന്നവരെയോർത്തു സഭ മുഴുവനും പ്രാർഥിക്കണം. അവരുടെ പ്രവർത്തനങ്ങൾക്കു സാധ്യമായ എല്ലാ പിന്തുണയും നല്കേണ്ടതു നമ്മുടെ ഓരോരുത്തരുടെയും കടമയാണെന്നതു മറക്കാതിരിക്കാം.

നമ്മുടെ സമൂഹം മറ്റൊരു കുടിയേറ്റാനുഭവത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിനും മികച്ച ജോലിസാധ്യതയ്ക്കും ഉയർന്ന ജീവിതനിലവാരത്തിനും വേണ്ടി നമ്മുടെ യുവജനങ്ങളും കുടുംബങ്ങളും വിദേശരാജ്യങ്ങളിലേക്കു കുടിയേറിക്കൊണ്ടിരിക്കുകയാണ്. വിദേശരാജ്യങ്ങളിലുള്ള സീറോമലബാർ രൂപതകളും നാട്ടിലെ രൂപതകളുമായി യോജിച്ചുള്ള പ്രവർത്തനത്തിലൂടെ ഇത്തരം കുടുംബങ്ങളെയും വ്യക്തികളെയും അനുഗമിക്കാനും ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കാനും സാധിക്കണം. ചില സാഹചര്യങ്ങളിലെങ്കിലും വാഗ്ദാനം ചെയ്യപ്പെടുന്ന കോഴ്സുകളോ ജോലിയോ ശമ്പളമോ ലഭിക്കാതെ പ്രവാസികൾ വഞ്ചിതരാകുന്ന സംഭവങ്ങൾ ഉടലെടുക്കുന്നുണ്ട്. പന്ത്രണ്ടാം ക്ലാസു കഴിഞ്ഞയുടൻ വിദേശത്തേക്കുപോകാനുള്ള പ്രവണതയും കുടുംബങ്ങൾ വലിയ കടബാധ്യത എടുത്തുവച്ചു മക്കളെ വിദേശത്തേക്ക് അയയ്ക്കുന്ന സാഹ

ചര്യവും വിശകലനവിധേയമാക്കണമെന്നു ഞാനാഗ്രഹിക്കുന്നു. ഉന്നതപഠനത്തിനും അതിനനുസൃതമായ ജോലിക്കുമുള്ള സ്വന്തം നാട്ടിലെ സാധ്യതകൾ പ്രയോജനപ്പെടുത്താനും സാധിക്കണം.

സീറോമലബാർസഭയുടെ മുന്നിൽ ചക്രവാളത്തോളം വിശാലമായ സാധ്യതകളാണു ദൈവം തുറന്നുതരുന്നത്. സഭയുടെ ഏറ്റവും വലിയ മൂലധനം കൂട്ടായ്മയും വിശ്വാസവുമാണെന്ന സത്യം നാം വിസ്മരിക്കരുത്. ഏതൊരു വ്യക്തിസഭയുടെയും വളർച്ചയിൽ സഭാപാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയും (resourcement) സമകാലികതയോടുള്ള തുറവിയും (aggiornamento) ഒരുപോലെ പ്രധാനമാണെന്ന വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെ ദർശനം നമുക്കു വഴികാട്ടണം. പാരമ്പര്യവാദവും പുരോഗമനചിന്തയും പരസ്പരപൂരകങ്ങളാകയാൽ അവയെ ഭിന്നതയുടെ കാരണങ്ങളായി നാമാരും കാണരുത്. വ്യത്യസ്ത ചിന്താഗതികളുള്ളവർ ചേരിതിരിഞ്ഞു സാമൂഹികമാധ്യമങ്ങളിലൂടെ പരസ്പരം അധിക്ഷേപിക്കുമ്പോൾ മുറിവേല്ക്കുന്നതു നമ്മുടെ കർത്താവിന്റെ ശരീരമായ തിരുസ്സഭയ്ക്കാണെന്ന സത്യം നമുക്കു മറക്കാതിരിക്കാം.

വിശുദ്ധ കുർബാനയുടെ ഏകീകൃതരൂപം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനില്ക്കുന്ന പ്രതിസന്ധികളെക്കുറിച്ചു നിങ്ങൾക്കറിയാമല്ലോ. തിരുസ്സഭാഗാത്രത്തിലെ ഈ മുറിവുണക്കാൻ നമുക്കെല്ലാവർക്കും ഒരുമിച്ചു പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. ഈ വിഷയത്തിനു പരിഹാരംകാണാൻ പൊന്തിഫിക്കൽ ഡെലഗേറ്റായ ആർച്ചുബിഷപ് സിറിൽ വാസിൽ പിതാവിനെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് മാർ ബോസ്കോ പുത്തൂർ പിതാവിനെയുമാണ് പരിശുദ്ധ സിംഹാസനം ചുമതലപ്പെടുത്തിയിരിക്കുന്നത്. സഭയിൽ ഐക്യം സംജാതമാക്കാൻ അവർ നടത്തുന്ന പരിശ്രമങ്ങളോട് എല്ലാവരും ആത്മാർഥമായി സഹകരിക്കണം. നമ്മുടെ കുർ

ബാനക്രമത്തിന്റെ സിനഡു തീരുമാനിച്ച ഏകീകൃതരൂപം നട പ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു പരിശുദ്ധ പിതാവ് ഫ്രാൻ സിസ് മാർപാപ്പ ആവർത്തിച്ചു നല്കിയ ഉദ്ബോധനത്തിൽ നിന്നു പിന്നോട്ടുപോകാൻ ആർക്കും സാധിക്കില്ല. കത്തോലി ക്കാകൂട്ടായ്മയിൽ നമ്മൾ നിലനില്ക്കുന്നതു പരിശുദ്ധ പിതാ വിനോടു പൂർണമായ വിധേയത്വം പുലർത്തിക്കൊണ്ടാവണം.

പ്രിയപ്പെട്ടവരേ, സീറോമലബാർസഭയെ നയിക്കുക എന്ന ദൗത്യം ദൈവം എന്നെ ഭരമേല്പിക്കുമ്പോൾ നിങ്ങളുടെ പ്രാർ ഥനയിലും വിശ്വാസത്തിലും സ്നേഹത്തിലുമാണു ഞാൻ പ്രത്യാശവയ്ക്കുന്നത്. "പ്രതിസന്ധികളുടെ നടുവിലൂടെ കടന്നു പോകുമ്പോഴും, അവിടന്നു തന്റെ കാരുണ്യം ഒരിക്കലും നമ്മിൽനിന്നു പിൻവലിക്കുന്നില്ല. വിപത്തുകൾകൊണ്ടു നമുക്കു ശിക്ഷണം നല്കുമെങ്കിലും അവിടന്നു സ്വജനത്തെ കൈവിടുന്നില്ല" (2 മക്ക 6:16) എന്ന ആഴമായ വിശ്വാസം നമുക്കുണ്ടാവണം. "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കയാണു ചെയ്തത്" (യോഹ 15:16) എന്ന ഈശോയുടെ വചനം നമുക്കു ബലം പകരുന്നു. "നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാണ്" (1 തെസ 5:24) എന്ന വി. പൗലോസിന്റെ ആഴമായ ബോധ്യവും നമുക്കു കരുത്തേകട്ടെ. സാർവത്രികസഭയുടെ കൂട്ടായ്മയിൽ, പരിശുദ്ധ പിതാവിനോടുള്ള വിധേയത്വത്തിൽ, പൗരസ്ത്യ വ്യക്തിസഭ കളിലൊന്നായ സീറോമലബാർസഭയുടെ മക്കളായ നമുക്ക് ഈ കാലഘട്ടം ആവശ്യപ്പെടുന്ന വിശ്വാസസാക്ഷ്യം നല്കാൻ സ്നേഹത്തിലും ഐക്യത്തിലും വ്യാപരിക്കാം. നിങ്ങളെല്ലാ വരെയും നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹാ യുടെ മാധ്യസ്ഥ്യത്തിനും സമർപ്പിക്കുന്നു. നമ്മുടെ കർത്താ വീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്ന് 2024-ാം ആണ്ട് ഫെബ്രുവരി മാസം 22-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

NB: ഈ ഇടയലേഖനം 2024 മാർച്ച് 10-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

**സർക്കുലർ 323**

## പാലാ സെന്റ് തോമസ് കോളേജിൽ മെഗാ ജോബ് ഫെയർ

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

പഠിപ്പിക്കുക, നയിക്കുക, പ്രബോധിപ്പിക്കുക എന്നീ ത്രിവിധ ധർമ്മങ്ങളിൽ അധിഷ്ഠിതമായാണല്ലോ സഭ എക്കാലവും തന്റെ പ്രേഷിതപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. അതിവേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന തൊഴിലുകളും തൊഴിൽസംസ്കാരങ്ങളും സൃഷ്ടിക്കുന്ന മികച്ച അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വെല്ലുവിളികൾ നേരിടുന്നതിനും നമ്മുടെ യുവതലമുറയെ പ്രാപ്തരാക്കുക എന്നത് സഭയുടെ അടിയന്തരശ്രദ്ധ പതിയേണ്ട മേഖലയാണ്.

തൊഴിൽകേന്ദ്രിത വിദ്യാഭ്യാസവും നൈപുണ്യപരിശീലനവുമെല്ലാം എക്കാലവും നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മുഖമുദ്രയാണ്. എങ്കിലും ഇന്നത്തെ മത്സരാധിഷ്ഠിതലോകത്ത് നമ്മുടെ യുവതലമുറയ്ക്ക് പലപ്പോഴും ജോലിസാദ്ധ്യതകൾതേടി അലയേണ്ടിവരുന്നു എന്ന യാഥാർത്ഥ്യം നമുക്കു വിസ്മരിക്കാനാവില്ല. മികച്ച വിദ്യാഭ്യാസത്തോടൊപ്പം നവീനകാലഘട്ടത്തിന് അനുസൃതമായ വൈദഗ്ധ്യവും തൊഴിൽപരിചയവും നേടിയാൽമാത്രമേ യുവജനങ്ങൾക്ക് അവരാഗ്രഹിക്കുന്ന ജോലിസാദ്ധ്യതകളിലേക്ക് എത്തിച്ചേരാൻ സാധിക്കൂ. നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന ഈ വിധത്തിലുള്ള ക്രിയാത്മകമായ ഇടപെടലുകൾ അഭിനന്ദനം അർഹിക്കുന്നു. കോളേജുകളിൽ ക്രമീകരിക്കുന്ന തൊഴിൽമേളകൾ ഇതിന് ഉത്തമ ഉദാഹരണമാണ്. ആദ്യജോലി നേടാൻ ശ്രമിക്കുന്നവരും പലവിധ കാരണങ്ങളാൽ ജോലിയിൽ തുടർച്ച നഷ്ടപ്പെട്ടവരും നേരിടുന്ന ബുദ്ധിമുട്ടുകൾ മറികടക്കാൻ തൊഴിൽമേളകൾ സഹായകമാണ്.

വിവിധ കോഴ്സുകളിൽ പഠനം പൂർത്തിയാക്കി ജോലിയിൽ പ്രവേശിക്കണമെന്ന് ആഗ്രഹിക്കുന്നവർക്കും തങ്ങളുടെ വിദ്യാഭ്യാസയോഗ്യതകൾക്കനുസരിച്ചുള്ള ജോലികൾ കരസ്ഥമാക്കണമെന്ന് താത്പര്യപ്പെടുന്നവർക്കും ഉപയുക്ത മാകുന്നവിധത്തിൽ ഈ മാസം ഇരുപത്തിനാലാം തീയതി ശനിയാഴ്ച പാലാ സെന്റ് തോമസ് കോളേജിൽ വച്ച് 'കരിയർ എക്സ്പോ ദിശ' എന്ന പേരിൽ ഒരു 'മെഗാ ജോബ് ഫെയർ' നടത്തപ്പെടുന്നുണ്ട്. പത്താംക്ലാസുമുതൽ ബിരുദാനന്തര ബിരുദംവരെ യോഗ്യതയുള്ള പതിനെട്ടിനും നാല്പതിനും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്കു ജോലി സമ്പാദി ക്കാനുള്ള മികച്ച അവസരമാണിത്. പാഠ്യപാഠ്യേതര പ്രവർത്ത നങ്ങളിലുള്ള മികവിന് അംഗീകാരമയി യു.ജി.സി. നൽകുന്ന ഓട്ടോണമസ് പദവി കരസ്ഥമാക്കിയ സെന്റ് തോമസ് കോളജ് ക്രമീകരിക്കുന്ന ഈ സാധ്യത എല്ലാവരും പരമാവധി പ്രയോ ജനപ്പെടുത്തണമെന്ന് താത്പര്യപ്പെടുന്നു.

യുവജനങ്ങൾ സഭയുടെ വാഗ്ദാനങ്ങളാണ്. സഭാഗാത്ര ത്തിന്റെ വളർച്ചയിലും രാഷ്ട്രത്തിന്റെ പുരോഗതിയിലും അവർക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. സമഗ്രമായ വ്യക്തിത്വ വികസനം ഉറപ്പാക്കാനും അതുവഴി സന്തുഷ്ടവും സംതൃപ്ത വുമായ ജീവിതം കെട്ടിപ്പടുക്കാനും ബോധപൂർവ്വമായ ശ്രമങ്ങൾ അവരുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 15.02.2024

NB: ഈ സർക്കുലർ 2024 ഫെബ്രുവരി മാസം പതിനെട്ടാം തീയതി ഞായ റാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാനയർപ്പണമുള്ള സ്ഥാപനങ്ങളിലും വായിക്കാൻ നല്കപ്പെട്ടത്.

**CATHOLIC BISHOPS' CONFERENCE OF INDIA (CBCI)**
CBCI Centre, 1 Ashok Place, Near Gole Dakkhana, New Delhi - 110 001 India
Tel : +91 11 2334 4470 Mob.: 987 114 7838

23rd February 2024

Your Eminence/ Your Beatitude/ Your Grace/ Your Excellency/ Your Lordship,

Greetings to you from the CBCI Secretariat.

It is with fraternal joy that I congratulate and thank all the Cardinals, my fellow Archbishops and Bishops for the co-operation and support extended for the successful completion of the 36th General Body Meeting of CBCI.

In the light of the presentations and discussions we had during the eventful meeting, we have come to know of the importance of prayer for our Nation and thus we unanimously decided on observing **Friday, 22nd March 2024** as the **'National Day of Fasting and Prayer'** for the Church and the Nation.

I, humbly and earnestly exhort all of you to ensure that the **'National Day of Fasting and Prayer'** is observed in the most fruitful way in your respective dioceses or regions so that the power of prayer is harnessed to its fullest for the good of our nation. Mentioned below are a few suggestions put forward by CHARIS India which could be adopted at the parish/diocese/regional/state level:

1. Chain rosary

2. Jericho Prayer

3. Holy hour in every parish

4. 40 hours adoration with fasting

5. Night Vigil

6. Way of the Cross, Divine Mercy at a specified time in every parish

7. Bible passage readings with reflection

Seeking your continual support and joining in prayers for the Church and our Nation.

Yours sincerely,

+ Andrews Thazhath

Archbishop Andrews Thazath
President of CBCI

e-mail: secretarygeneral@cbci.in • website: www.cbci.in

# ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽനിന്ന്

സ്നേഹബഹുമാനപ്പെട്ട അച്ചന്മാരേ,

ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽനിന്ന് സ്നേഹാന്വേഷണങ്ങൾ.

നമ്മുടെ രൂപതയിൽ അജപാലനശുശ്രൂഷ നടത്തുവാൻ താത്പര്യവും യോഗ്യതയും ഉള്ളവരെ ബഹുമാനപ്പെട്ട അച്ചന്മാർ കണ്ടെത്തി സെമിനാരിയിലേക്കു പറഞ്ഞുവിടുവാൻ പരിശ്രമിക്കണമേ. സ്കൂളുകളിലെ വാർഷികപ്പരീക്ഷയ്ക്കും വിശ്വാസോത്സവത്തിനുംശേഷം ഏപ്രിൽ 7, 8 (ഞായർ, തിങ്കൾ) ദിവസങ്ങളിൽ കുട്ടികൾക്കായി ദൈവവിളിക്യാമ്പ് നടത്തുന്നതാണ്. ഇപ്പോൾത്തന്നെ മിടുക്കരും സത്സ്വഭാവികളുമായ കുട്ടികളെ കണ്ടെത്തി ക്യാമ്പിനു പറഞ്ഞുവിടുവാനായി ഒരുക്കണമേ. അൾത്താരബാലന്മാരുടെ ക്യാമ്പ് ഏപ്രിൽ 10,11 (ബുധൻ, വ്യാഴം) തീയതികളിലും ക്രമീകരിച്ചിരിക്കുന്നു. എല്ലാ സഹകരണങ്ങൾക്കും സ്നേഹപൂർവം നന്ദിപറയുന്നു.

സ്നേഹാദരവുകളോടെ,

**ഫാ. ജേക്കബ് വടക്കേൽ**

റെക്ടർ, ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി, പാലാ

# ഇൻഫാം
# ഇൻഡ്യൻ ഫാർമേഴ്സ് മൂവ്മെന്റ്

സ്നേഹ ബഹു. വികാരിയച്ചാ,

കേരള മെത്രാൻ സമിതി (KCBC) യുടെ ഇൻഫാം കമ്മീഷൻ നൽകിയ സർക്കുലർ കഴിഞ്ഞ ഞായറാഴ്ച നമ്മൾ വായിക്കുകയുണ്ടായല്ലോ ഇൻഡ്യൻ ഫാർമേഴ്സ് മൂവ്മെന്റ് (Infarm) സ്ഥാപിതമായിട്ട് 2025 ൽ 25 വർഷം പൂർത്തിയാവുകയാണ്. നമ്മുടെ ഇടവകകളിൽ ഇൻഫാമിന്റെ യൂണിറ്റുകൾ പുതുതായി ആരംഭിച്ച് പുതിയ നേതൃത്വത്തിൽ ഇൻഫാമിന്റെ ഉയർത്തെഴുന്നേൽ ഏറ്റവും ആവശ്യമായിരിക്കുന്ന സമയമാണിത്. രൂപതയിൽ ഡോ. കെ. കെ. ജോസ് കരിപ്പാകുടിയിലിന്റെ (രാമപുരം) നേതൃത്വത്തിൽ പുതിയ-പാലാ ജില്ലാനേതൃത്വം ചുമതലയേറ്റു. കർഷകരുടെ സംഘടന എന്നതിലും അപ്പുറം കർഷകമനസ്സുള്ള നാനാജാതിമതസ്ഥരായിട്ടുള്ള എല്ലാവരെയും ഉൾപ്പെടുത്തുന്ന ഒരു പ്രസ്ഥാനമായി ഇൻഫാം വളരാൻ അച്ചൻ സഹായിക്കുമല്ലോ. കർഷകർ ഒരുകാലത്ത് എല്ലാവരെയും വളർത്തി വലുതാക്കി ഇന്ന് ആ കർഷകർ അതിജീവന പ്രതിസന്ധിയിലായിരിക്കുമ്പോൾ കർഷകരെയും കർഷകമനസ്സുള്ള - ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, ബാങ്ക് ജീവനക്കാർ തുടങ്ങിയ എല്ലാവരെയും സഹകരിപ്പിച്ച് ഇൻഫാമിന്റെ യൂണിറ്റ് അവിടെ തുടങ്ങുവാൻ അച്ചൻ ഒരുദിവസം നിശ്ചയിച്ച് അറിയിച്ചാൽ ഞങ്ങൾ അവിടെ ഇൻഫാം ആരംഭപ്രവർത്തനങ്ങളെക്കുറിച്ചു വിശദീകരിക്കുവാൻ എത്തിച്ചേരുന്നതാണ്. കർഷകർ കൃഷിരംഗത്തുനിന്നു പിൻമാറാതിരിക്കണമെങ്കിൽ അടുത്ത തലമുറ കൃഷി പഠിക്കണമെങ്കിൽ കർഷകർക്കുവേണ്ടി നമ്മൾ മുന്നിട്ടിറങ്ങണം. ആഘോഷങ്ങൾ ഒഴിവാക്കപ്പെടുന്ന ഈ നോമ്പുകാലത്തുതന്നെ ഇൻഫാം തുടങ്ങുവാൻ അച്ചൻ മുൻകൈയെടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു താഴെക്കാണുന്ന ഫോൺ നമ്പരിൽ ഞങ്ങളെ ആരെയെങ്കിലും വിളിച്ചാൽ മതി.

സ്നേഹാദരങ്ങളോടെ,

**ഫാ. ജോസഫ് ചെറുകരക്കുന്നേൽ**
ഇൻഫാം ദേശീയ ഡയറക്ടർ
9447067779, 6282156412

**ഫാ. ജോസഫ് തറപ്പേൽ**
ഇൻഫാം ജില്ലാ ഡയറക്ടർ
9400206391, 9447136390

**ഡോ. കെ.കെ. ജോസ്**
പ്രസിഡന്റ് 9447140779

**ശ്രീ തോമസ് മറ്റം**
സെക്രട്ടറി 9447146526

ഷാലോം സെന്റർ പാലാ 22-02-2024

## വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

# ആണ്ടുതിരട്ട്

1. ആണ്ടുതിരട്ട് രൂപതക്കച്ചേരിയിൽനിന്നു നിർദ്ദേശിക്കുന്ന തീയതിക്കുമുമ്പായി പ്രതിനിധി/പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി രൂപതക്കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

2. ആണ്ടുതിരട്ട് പാസാക്കുന്ന യോഗത്തിൽവച്ചാണ് പുതിയ കൈക്കാരന്മാരെയും ഓഡിറ്റർമാരെയും തിരഞ്ഞെടുക്കേണ്ടത്. അവരുടെ **ഔദ്യോഗിക പേര് (ഐഡി/ആധാർ)** ആണ് നൽകേണ്ടത്. തുടർച്ചയായി രണ്ടു പ്രാവശ്യം തിരഞ്ഞെടുക്കപ്പെട്ടവർ വീണ്ടും തിരഞ്ഞെടുക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം.

3. **എല്ലാ പള്ളികൾക്കും ജോയിന്റ് അക്കൗണ്ട് (വികാർ & കൈക്കാരൻ) നിർബന്ധമാണ് (Statutory)**.

4. തിരഞ്ഞെടുക്കപ്പെട്ട ഓഡിറ്റർമാർ പരിശോധിച്ച കണക്കാണ് മാസത്തിരട്ട്, ആണ്ടുതിരട്ടുയോഗങ്ങളിൽ അവതരിപ്പിക്കേണ്ടത്. **മാസത്തിരട്ട് റിപ്പോർട്ട് അതതു മാസങ്ങളിൽ രൂപതാകേന്ദ്രത്തിലേക്ക് Edayan Software വഴി അയച്ചുതരേണ്ടതാണ്.** ആണ്ടുതിരട്ടു പരിശോധനയ്ക്കായി ഓരോ ഇടവകയ്ക്കും നിർദ്ദേശിച്ചിരിക്കുന്ന തീയതി/സമയക്രമം ചുവടെ ചേർക്കുന്നു. ഈ ക്രമം പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഫീസ് തുക ചെക്കായോ, Bank Transfer വഴിയോ നൽകേണ്ടതാണ്. **ക്യാഷ് സ്വീകരിക്കാൻ നിയമം അനുവദിക്കുന്നില്ല.** ഓരോ വർഷത്തെയും കണക്കുകൾ ആ വർഷംതന്നെ ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കുകയും റിപ്പോർട്ട് കൃത്യമായി പള്ളിയിൽ സൂക്ഷിക്കുകയും ചെയ്യണം. **12 A രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ്** ഇവ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഇവയുടെ **കോപ്പികൾ** രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്.

5. കല്പനപ്രകാരമുള്ള പിരിവുകൾ രൂപതാ ബുള്ളറ്റിനിൽ അറിയിക്കുന്നതിനനുസരിച്ച് പള്ളിയിൽ അറിയിച്ച് സംഭാവനകൾ

ശേഖരിക്കുകയും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സമയങ്ങളിൽ തന്നെ രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്. പിരിവുകൾ യഥാസമയങ്ങളിൽ ലഭിക്കാതെവന്നാൽ ഓരോന്നും അതതു കേന്ദ്രങ്ങളിലേക്കു നിശ്ചിതസമയങ്ങളിൽ അയച്ചുകൊടുക്കാനും കണക്കുകൾ ക്രമീകരിക്കാനും ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കാനും ബുദ്ധിമുട്ടുണ്ടാകും.

6. മരാമത്തുപണികളുടെ (പള്ളി, പള്ളിമുറി, കപ്പേള, സിമിത്തേരി, പാരീഷ് ഹാൾ മുതലായവ) കണക്കുകൾ പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതും വർഷാവസാനം അവ ഓഡിറ്റ് ചെയ്ത് നാൾവഴിയിൽ ചേർത്ത് യോഗത്തിൽ പാസ്സാക്കി അംഗീകാരത്തിനായി ഏല്പിക്കേണ്ടതുമാണ്.
7. ആണ്ടുതിരട്ടിനുമുമ്പായി മുന്നാണ്ടത്തെ നിത്യകുർബാനകൾ ചൊല്ലിത്തീർക്കേണ്ടതാണ്.
8. ആണ്ടുതിരട്ട് അംഗീകാരത്തിനായി കൊണ്ടുവരുമ്പോൾ പൊതുകണക്കിന്റെയും കൃഷിക്കണക്കിന്റെയും തന്നാണ്ടത്തെ **നാൾവഴി, പേരേട്, നിത്യക്കുർബാനയുടെ കണക്ക്, ഓഡിറ്റേഴ്സ് റിപ്പോർട്ട് ബുക്ക്, പാസ് ബുക്ക്, FD രസീതുകൾ, കഴിഞ്ഞവർഷത്തെ ആണ്ടുതിരട്ട് പരിശോധനാറിപ്പോർട്ടിന്റെ കോപ്പികൾ** എന്നിവ കൊണ്ടുവരേണ്ടതാണ്.
9. ആണ്ടുതിരട്ടു സംബന്ധിച്ച് **പാലാ രൂപത നിയമാവലിയിൽ (P 359 ff)** നല്കിയിട്ടുള്ള ഇതരനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
10. ഇടവകകളിലെ കണക്കുകൾ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തുതന്നിരിക്കുന്ന പ്രോഗ്രാമനുസരിച്ച് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.
11. ആണ്ടുതിരട്ടുമായി വരുമ്പോൾ നടത്തുകൈക്കാരനും അക്കൗണ്ടന്റും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
12. യോഗപ്പുസ്തകത്തിൽ ആണ്ടുതിരട്ട് പൊതുയോഗ/പള്ളിയോഗതീരുമാനം എഴുതണം.

13. Printed Copy എടുക്കുന്നവർ യോഗതീരുമാനംകൂടി ചേർത്ത് Bind ചെയ്യണം.

14. പകർത്തി എഴുതണം. Printed Copy എടുക്കുന്നവർ Decree പകർത്തി എഴുതുവാൻ കൂടുതൽ പേപ്പറുകൾ ചേർത്ത് Bind ചെയ്യണം.

15. ആണ്ടുതിരട്ടുയോഗത്തിൽ മറ്റു പൊതുവായ കാര്യങ്ങൾ യോഗനിശ്ചയം ചെയ്തിട്ടുണ്ടെങ്കിൽ അത് രൂപതാമുദ്ര പത്രത്തിൽ എഴുതി കച്ചേരിയിൽ നേരിട്ട് ഏല്പിക്കണം.

16. ആണ്ടുതിരട്ടുയോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം പൂർണമായും എഴുതണം.

## ആണ്ടുതിരട്ടുകണക്കിൽ സിംഹാസനഫീസ് തിട്ടപ്പെടുത്തുന്ന ക്രമം ഇപ്രകാരമാണ്

വിവിധയിനത്തിലുള്ള നേർച്ചവരുമാനം, തിരിപ്പണം, അടിമ നേർച്ച, വാടകയിനവരവ് (ഹാൾ, കെട്ടിടങ്ങൾ എന്നിവ) പ്രത്യേക കാര്യത്തിനു നിയോഗമില്ലാത്ത സംഭാവനകൾ, പലിശവരുമാനം, ശവസംസ്കാരവരുമാനം, കല്ലറയുടെ പണിക്കൂലി ഒഴിവാക്കിയുള്ള വരുമാനം (50:50), പലവക വരുമാനം, കാർഷികവരുമാനങ്ങൾ (തേങ്ങ, റബർ, ജാതിക്കാ, അടയ്ക്ക, കുരുമുളക്, പാട്ടവരുമാനം, തടികൾ (റബർ, തേക്ക്, ആഞ്ഞിലി, പാഴ്മരങ്ങൾ) എന്നിവയുടെ വിറ്റുവരവ്) ഇവയും പസ്സാരത്തിന്റെ പകുതിയും കൂട്ടിക്കിട്ടുന്ന തുകയിൽനിന്ന് നിത്യകുർബാനയ്ക്കുള്ള തുക, റബർ ടാപ്പിംഗ് കൂലി ഇവ കുറച്ചുകിട്ടുന്ന തുകയാണ് പൊതുവിൽ ആകെ വരുമാനമായി കണക്കാക്കുക. ഈ തുകയുടെ 7% സിംഹാസനഫീസ് (*Cathedraticum*) ആയി കണക്കാക്കുന്നു. മൊത്തം തുകയെ നേർച്ചവരുമാനമെന്നും, ഇതരവരുമാനമെന്നും (കാർഷികം, വാടക എന്നിവ) കണക്കാക്കി നേർച്ചവരുമാനത്തിൽനിന്നു 20,000 രൂപ കുറച്ച് (ഇരുപതിനായിരം രൂപയെങ്കിലും നേർച്ചവരുമാനമില്ലാത്ത പള്ളികളെ ഒഴിവാക്കാൻ) ബാക്കിവരുന്ന തുകയുടെ 10% വും ഇതരവരുമാനത്തിൽനിന്ന് 40,000 രൂപ കുറച്ചു ബാക്കി തുകയുടെ 3% വും ചേർന്നുവരുന്ന തുക Needy Church Fund (NCF) ആയി കണക്കാക്കുന്നു.

മൊത്തം വരുമാനത്തിന്റെ 0.5% (അരശതമാനം) (PWF) അഥവാ Priest Welfare Fund ആയി കണക്കാക്കുന്നു. രൂപതയിൽ സേവനം ചെയ്യുന്ന അച്ചന്മാരുടെ ഒരു മാസത്തെ ശമ്പളം ADCP ഫണ്ടിലേക്ക് 13th Month Allowance ആയി സ്വീകരിക്കുന്നു. പസാരത്തിന്റെ 43% പസ്സാരവിഹിതമെന്ന പേരിൽ വൈദികമന്ദിരങ്ങളുടെ നടത്തിപ്പിനും അച്ചന്മാരുടെ ചികിത്സാവശ്യങ്ങൾക്കായും ADCP Fund ലേക്കു പൂർണ്ണമായും നൽകുന്നു. വിളിച്ചുചൊല്ലു കുറവുചെയ്യുമ്പോൾ പരിഹാരപ്പിഴയായി നൽകുന്ന തുക Default Fees എന്ന പേരിലും സൺഡേ കളക്ഷൻ വേദപ്രചാരഫണ്ടിലേക്കും സ്വീകരിക്കുന്നു. ഇതിനുപുറമേ രൂപത ഡിറക്ടറി, സിന

ഡൽ ന്യൂസ്, സാന്ത്വനപ്രകാശം, തിരട്ടുഫോറം, Edayan Software Annual Subscription എന്നിവയുടെ തുകയും ചേർത്താണ് വാർഷികകണക്കുകൾ ക്രമപ്പെടുത്തുന്നത്.

| DATE | PARISH AND TIMING | | | |
|---|---|---|---|---|
| 22-04-2024<br>Monday | Arunapuram<br>(9 am)<br>Mutholy<br>(11 am) | Kudakkachira<br>(9.30 am)<br>Palakad<br>(11.30 am) | Lalam Old<br>(10 am)<br>Thodanal<br>(12 pm) | Moonnani<br>(10.30 am)<br>Urulikunnam<br>(12.30 pm) |
| 23-04-2024<br>Tuesday | Mevida<br>(9 am)<br>Moonilavu<br>(11 am) | Meenachil<br>(9.30 am)<br>Poovarany<br>(11.30 am) | Nelliyani<br>(10am)<br>Valavoor<br>(12 pm) | Paingulam<br>(10.30 am)<br>Nellappara<br>(12.30 pm) |
| 25-04-2024<br>Thursday | Bharananganam<br>(9 am)<br>Idamattom<br>(11 am) | Amparanirappel<br>(9.30am)<br>Plassanal<br>(11.30 am) | Choondacherry<br>(10 am)<br>Poovathodu<br>(12 pm) | Edapady<br>(10.30 am)<br>Piusmount<br>(12.30 pm) |
| 26-04-2024<br>Friday | Cherpunkal<br>(9 am)<br>Manalumkal<br>(11 am) | Alphonsagiri<br>(9.30 am)<br>Manjamattom<br>(11.30 am) | Kanjiramattom<br>(10 am)<br>Paduva<br>(12 pm) | Karimpani<br>(10.30 am)<br>Palayam<br>(12.30 pm) |
| 27-04-2024<br>Saturday | Elanji<br>(9 am)<br>Mutholapuram<br>(11 am) | Josegiri<br>(9.30 am)<br>Santhipuram<br>(11.30 am) | Kakkoor<br>(10 am)<br>Thirumarady<br>(12 pm) | Mulakulam<br>(10.30 am)<br>Xavierpuram<br>(12.30 pm) |
| 30-04-2024<br>Tuesday | Kadanad<br>(9 am)<br>Pizhaku (Urumpukavu)<br>(11 am) | Anthinad<br>(9.30 am)<br>Aimcombu<br>(11.30 am) | Kavumkandam<br>(10 am)<br>Kurumannu<br>(12 pm) | Manathoor<br>(10.30 am)<br>Geovally<br>(12.30 pm) |
| 02-05-2024<br>Thursday | Kaduthuruthy<br>(9 am)<br>Poozhikkol<br>(11 am) | Arunoottimangalam<br>(9.30 am)<br>Thuruthipally<br>(11.30 am) | Keezhoor<br>(10 am)<br>Eravimangalam<br>(12 pm) | Mannar<br>(10.30 am)<br>Vakkad<br>(12.30 pm) |

| | | | | |
|---|---|---|---|---|
| 03-05-2024 Friday | Koottickal (9 am) Parathanam (11 am) | Cholathadam (9.30 am) Velanilam (11.30 am) | Kavaly (10 am) Yenthayar (12 pm) | Malayinchipara (10.30 am) Vilakkumadam (12.30 pm) |
| 04-05-2024 Saturday | Kothanalloor (9 am) Nambiakulam (11 am) | Kalathoor (9.30 am) Perumthuruthu (11.30 am) | Mannarappara (10 am) Sleevapuram (12 pm) | Manvettam (10.30 am) Vedagiri (12.30 pm) |
| 06-05-2024 Monday | Kuravilangad (9 am) Monippally (11 am) | Kattampak (9.30 am) Udayagiri (11.30 am) | Kurichithanam (10 am) Vayala (12 pm) | Mannackanad (10.30 am) Kizhaparayar (12.30 pm) |
| 07-05-2024 Tuesday | Moolamattom (9 am) Elappally (11 am) | Arakulam New (9.30 am) Kudayathoor (11.30 am) | Arakulam Old (10 am) Kulamavu (12 pm) | Edadu (10.30 am) Lourdes Mount (12.30 pm) |
| 08-05-2024 Wednesday | Muttuchira (9 am) Malapuram (11 am) | Fathimapuram (9.30 am) Valachira (11.30 am) | Jaigiri (10 am) Alphonsapuram (12 pm) | Kanjirathanam (10.30 am) Vimalagiri (Chakkikavu) (12.30 pm) |
| 09-05-2024 Thursday | Poonjar (9 am) Maniamkunnu (11 am) | Adivaram (9.30 am) Payyanithottam (11.30 am) | Kaipally (10 am) Peringulam (12 pm) | Kunnonny (10.30 am) Thakady (12.30 pm) |
| 10-05-2024 Friday | Pravithanam (9 am) Kayyoor (11 am) | Elamthottam (9.30 am) Narianganam (11.30 am) | Kaveekunnu (10 am) Ullanad (12 pm) | Mundankal (10.30 am) Vezhanganam (12.30 pm) |
| 13-05-2024 Monday | Ramapuram (9 am) Ezhacherry (11 am) | Anthialam (9.30 am) Karoor (11.30 am) | Chakkampuzha (10 am) Kondad (12 pm) | Chittar (10.30 am) Kurinji (12.30 pm) |
| 14-05-2024 Tuesday | Teekoy (9 am) Mavady (11 am) | Ayyampara (9.30 am) Santhigiri (11.30 am) | Adukkam (10 am) Vagamon (12 pm) | Mangalagiri (10.30 am) Vellikulam (12.30 pm) |

| | | | | |
|---|---|---|---|---|
| 15-05-2024 Wednesday | Thudanganad (9 am)<br>Maryland (11 am) | Gagultha(Mattathippara) (9.30 am)<br>Melukavumattom (11.30 am) | Jose Mount (Illiary) (10 am)<br>Neeloor (12 pm) | Kakombu (10.30 am)<br>Sibigiri (12.30 pm) |
| 16-05-2024 Thursday | Varianikad (9 am)<br>Thidanad (11 am) | Chemmalamattom (9.30 am)<br>Vakakkad (11.30 am) | Chettuthodu (10 am)<br>Velliamattom (12 pm) | Paika (10.30 am)<br>Neeramthanam (12.30 pm) |
| 17-05-2024 Friday | Pala Cathedral (9 am)<br>Maniamkulam (11 am) | Kizhathadiyoor (9.30 am)<br>Kalathookadavu (11.30 am) | Lalam New (10 am)<br>Chennadu (12 pm) | Aruvithura (10.30 am)<br>Edamaruku (12.30 pm) |
| 20-05-2024 Monday | Chempilavu (9 am)<br>Mangalaram (11 am) | Kadaplamattom (9.30 am)<br>Mattakkara (11.30 am) | Kozhuvanal (10 am)<br>Moozhoor (12 pm) | Kuruvinal (10.30 am)<br>Poovakulam (12.30 pm) |
| 21-05-2024 Tuesday | Koothattukulam (9 am)<br>Vadakara (11 am) | Marangoly (9:30 am)<br>Pala Town Chapel (11.30 am) | Periappuram (10 am)<br>Mallikassery (12 pm) | Piravom (10.30 am)<br>Kochukottaram (12.30 pm) |
| 22-05-2024 Wednesday | Kalikavu (9 am)<br>Retnagiri (11 am) | Koodalloor (9.30 am)<br>Alphonsa Shrine (11.30 am) | Marangattupally (10 am) | Palakattumala (10.30 am) |

NB: ആണ്ടുതിരട്ട് പാസ്സാക്കിയവർക്ക് മുൻകൂട്ടി സമയം നിശ്ചയിച്ച് കണക്കുകൾ 2024 ഏപ്രിൽ 22 നു മുമ്പ് സമർപ്പിക്കാവുന്നതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

1. കച്ചേരിയിൽ ബോധിപ്പിക്കുന്ന അപേക്ഷകൾ, റിപ്പോർട്ടുകൾ മുതലായവ രൂപതാമുദ്രക്കടലാസിൽ വ്യക്തമായി എഴുതി സമർപ്പിക്കേണ്ടതാണ്. അപേക്ഷകളുടെ ഓരോ കോപ്പികൂടി ഇതോടൊപ്പം ഹാജരാക്കേണ്ടതാണ്. രൂപതാമുദ്രക്കടലാസ് ആവശ്യക്കാർക്ക് കൊടുക്കുന്നതിനായി ഇടവകകളിൽ വാങ്ങി സൂക്ഷിക്കണം.

2. പള്ളിയോഗ നിശ്ചയങ്ങൾ യോഗപുസ്തകത്തിൽ രേഖപ്പെടുത്തുകയും അതിന്റെ രണ്ടു ശരിപ്പകർപ്പുകൾ രൂപതാമുദ്രക്കടലാസിൽ എഴുതി രൂപതാദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. യോഗനിശ്ചയങ്ങൾ അംഗീകരിച്ചുള്ള കല്പന യോഗപ്പുസത്കത്തിൽ പകർത്തി ഇടവകവികാരി ഒപ്പുവയ്ക്കേണ്ടതാണ്.

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

### 1. സെമിനാരിവിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള സംഭാവന

നമ്മുടെ രൂപതയിലെ വൈദികവിദ്യാർഥികളുടെ പരിശീലനത്തിനുള്ള സംഭാവനയായി 2024 മാർച്ച് 28 പെസഹാവ്യാഴാഴ്ച വിശുദ്ധ കുർബാനമധ്യേ പിരിവ് നടത്തി ലഭിക്കുന്ന തുക 2024 ഏപ്രിൽ 15 നു മുമ്പായി രൂപത ഫിനാൻസ് ഓഫീസറെ (ഫാ. പ്രൊക്യുറേറ്റർ) ഏല്പിക്കേണ്ടതാണ്.

### 2. വിശുദ്ധനാടിനുള്ള സംഭാവന

വിശുദ്ധനാടിന്റെ സംരക്ഷണാർത്ഥം 2024 മാർച്ച് 29 പീഡാനുഭവവെള്ളിയാഴ്ച പിരിഞ്ഞുകിട്ടുന്ന തുക 2024 ഏപ്രിൽ 15 നു മുമ്പായി രൂപത ഫിനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

## ബഹു. വൈദികരുടെ വാർഷികധ്യാനം

നമ്മുടെ രൂപതയിലെ വൈദികരുടെ 2024-ലെ വാർഷികധ്യാനം ജൂലൈ മാസത്തിൽ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് രണ്ടു ബാച്ചുകളായി നടത്തപ്പെടുന്നു. മാർത്താണ്ഡം രൂപതാദ്ധ്യക്ഷൻ **അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ്** പിതാവാണ് വാർഷികധ്യാനം നയിക്കുന്നത്. **പതിവിൽനിന്നു വ്യത്യസ്തമായി തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വരെയാണ്** ഇരുബാച്ചുകളുടെയും ധ്യാനദിവസങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

Batch I : 2024 ജൂലൈ 15 തിങ്കൾ മുതൽ
ജൂലൈ 19 വെള്ളി വരെ

Batch II : 2024 ജൂലൈ 22 തിങ്കൾ മുതൽ
ജൂലൈ 26 വെള്ളി വരെ

ധ്യാനത്തിൽ പങ്കെടുക്കേണ്ട ബഹു. വൈദികരുടെ ലിസ്റ്റ് താഴെചേർക്കുന്നു.

### First Batch - July 15 – 19

| | |
|---|---|
| Alanickal Joseph | Chathankunnel George |
| Alappattu Kottayil Sebastian | Cheenothuparampil Joseph |
| Alencheril Joseph | Cheeramkuzhy Michael |
| Ambazhathinal George | Chennattu Mathew |
| Ammottukunnel Mathew | Chillackal Thomas |
| Ampazhathumkal Mathew | Choorackal Joseph |
| Andassery James | Choorakatt George (Jr.) |
| Anithanam Kurian | Edathinal Francis |
| Arackal Joseph | Edayodiyil George |
| Aranjani Puthenpura Augustine | Erimattathil Abraham |
| Arimattath Joseph | Eruvelikunnel Antony |
| Attappatt Zacharias | Ettackakunnel George |
| Ayallukunnel Thomas | Ettumanukaran Alvin |
| Chakkalackal Joseph | Ezhuparayil Joseph |
| Chamakalayil Sebastian | Illimoottil Thomas |
| Chandrankunnel Mathew (Sr.) | Kadalikattil Mathew |

| | |
|---|---|
| Kadaplackal Sebastian | Kuttikatt Thomas |
| Kadookunnel Mathew | Kuzhimullil Abraham |
| Kakkallil Jose | Kuzhinjalil Jose |
| Kalachirayil Thomas | Kuzhinjalil Joseph |
| Kalayil Kurian | Kuzhivelithadathil Joseph |
| Kaniampadickal Sebastian | Madappallil Thomas |
| Kaniyodickal Joseph | Madathikunnel Joseph |
| Kanjirathinkal Emmanuel | Madathikunnel Paul |
| Kappil Joseph | Madurapuzha Thomas |
| Kappiliparampil Kuriakose | Malamackal Scaria |
| Karamvelil George | Malayilputhenpura Thomas |
| Karottukizhakkel Thomas | Mampallikunnel Sebastian |
| Kattipparambil Joseph | Manankal John |
| Kavanadimalayil Mathew | Manarkattu Joseph |
| Kizhake Aranjaniyil George | Mandapathil George |
| Kizhakkekutt Sebastian | Mannanal Joseph |
| Kizhakkeparampil Michael | Maprakarottu Sebastian |
| Kochodackal Thomas | Mathilakath Mathew |
| Kochumuriyil Joseph | Mathothu Kurian |
| Kollithanathumalayil Abraham | Mattam Kurian |
| Koonanickal Joseph | Mecheril Augustine |
| Koottiyaniyil Augustine | Menachery Thomas |
| Koramkuzha Mathew | Menamparampil Scaria |
| Kottarathil Emmanuel | Mookkenthottathil Joseph |
| Kottayil Kurian | Moolayil Cherian |
| Kottukappally Lukose | Moolayil Thomas |
| Kozhikott Alexander | Moolechalil Thomas |
| Kozhuppankutty Augustine | Moongamakel Vincent |
| Kudilil James | Muthanattu Joseph |
| Kumbulumoottil Sebastian | Muthuplackal Mathew |
| Kunnackattu Cherian (Biju) | Mylapparampil Joseph |
| Kunnappallil Jose | Nadackal Antony |
| Kunnumpuram Berchmans | Nadackal George |
| Kuppapuzhackal Abraham | Naduthadam Sebastian |
| Kurisummoottil Mathew (Sr) | Naduvilekoot Ignatius |
| Kurumuttath Joseph | Narikkatt Michael |
| Kuttarappallil John | Narithookil Joseph |

| | |
|---|---|
| Nirappil Cyriac | Punnathanthukunnel Mathew |
| Niravath George | Purayidathil Joseph |
| Njarakunnel George | Puthenpuarckal Mathew |
| Olickal Thomas | Puthiyaparampil George |
| Oravachalil George | Puthiyidath Joseph |
| Ottathengumkal Enas | Puthumana Joseph |
| Ouseparampil Michael | Puthuparambil Thomas |
| Padickakuzhippil Sebastian | Thadathil Joseph (Jr.) |
| Pakkarampel John | Thadathil Kurian |
| Palackaparambil Augustine | Thakadiyel Abraham |
| Palliparampil George | Thalavayalil Abraham |
| Pampara Joseph | Thalodil Joseph |
| Panangattu Mathew | Thannickapara Joseph |
| Pandarakappil Alex | Tharappel Jose |
| Panthalanickal Christy | Thayil Joseph |
| Parackal Thomas | Thayil Mathew |
| Parampilthadathil George | Thekkel Joseph (Jr.) |
| Paravummel Joseph | Thekkumcherikunnel Sebastian |
| Pariath Joseph (Jr.) | Theruvath Augustine |
| Pariyappanal Johnson | Theruvil Joseph |
| Paruthiparayil Thomas | Thonakkara Antony |
| Pathikalputhenpurayil Kuriakose | Thonikuzhiyil Sebastian |
| Pazheparampil Sebastian | Thottumkal Michael |
| Peedikamalayil Augustine | Thudiamplackal Kuruvila |
| Peedikayil Mathew | Vadakara Joseph |
| Pendanam Sebastian | Vadakkel Cyriac |
| Periappuram Emmanuel | Vadakkenellikattil Joseph |
| Periyappurathu Abraham | Vadakkethakidiyel Kuriakose |
| Polakattu Kurian | Valiaveetil Thomas |
| Poovathumkal Jose | Valiyaveettil Kalappura Sebastian |
| Porunnolil James | Valloothadathil Joseph |
| Potheettel John | Valummel Thomas |
| Poyyaniyil Joseph | Vanchipurackal George |
| Pulickaparambil Mathew | Varakukalaparampil George |
| Puliurumpil James | Varickamackal Kurian |
| Pullukalayil George | Vattamattathil Philip |
| Punnathanathu Thomas | Vattamukalel Kuriakose |

| | |
|---|---|
| Vayalil James | Vekathanam Scaria |
| Vazhacharickal Mathew | Velamparambil Cyrus |
| Vazhakalayil Antony | Velooparambil George |
| Vazhakkaparayil Mathew | Vettukallel James |
| Vazhayil Antony | Vettukallel Mathew |

## Second Batch July 22-26

| | |
|---|---|
| Adappacheril Sebastian | Kadankavil Mathew |
| Alapattumedayil Mathew | Kadhaliyil Joseph |
| Alappattukunnel Sebastian | Kaitholil Joseph |
| Ambattu Joseph | Kakkaniyil Abraham |
| Ammanathukunnel Joseph | Kalappurackal Joseph |
| Ampazhathumkal George | Kalayil Mathew |
| Ancheril Jose | Kallarackal Martin |
| Anithottathil Gervasis | Kandathikudilil Augustine |
| Arackaprampil Mathew | Kaniampadickal Abraham |
| Aranjani Puthenpura Joseph | Kaniampady Mathew |
| Attangattil Joseph | Kannanthanam John |
| Attuchalil Joseph | Karikualm Joseph |
| Brahmanavelil Thomas | Kattackal Jacob |
| Chakkalayil Thomas | Kavalammackal Mathew |
| Chandrankunnel Mathew (Jr.) | Kavumpuarthu George |
| Chavelil John | Keeranchira Jose |
| Cheeramkuzhy George | Kizhakearanjaniyil Mathew |
| Chengazhacheril Joseph | Kizhakkekara Thomas |
| Cheripuram Sebastian | Kizhakkel Thomas |
| Cherukarakunnel Joseph | Kochayyankanal James |
| Chollanal George | Kochukaippettiyil Cyriac |
| Choorakatt George (Sr.) | Kochuparampil Joseph |
| Chovelikudiyil James | Kollamparambil Devasia |
| Edathumparampil Joseph | Kolliyil Antony |
| Ennackappallil Mathew | Konookunnel Joseph |
| Eruppakkattu Philip | Koovalloor Joseph |
| Ettuparayil Sebastian | Kottarathil George |
| Illimoottil Joseph | Kottayil James |
| Kachiramattam Augustine | Kottayil Joseph |

| | |
|---|---|
| Kozhuppankutty Mani | Mundackal Joseph |
| Kulamakkal Abraham | Nadackal Thomas |
| Kulangara Philip | Naduthadam John |
| Kumbulumkal Mathew | Naduviledam Paul |
| Kunnackatt Cherian (Joby) | Naduvilekoot Joseph |
| Kunnel Cyriac | Naduvilekoot Michael |
| Kunnumpurath Paul | Nangaparampil Antony |
| Kurichiyel Isaac | Narithookil Kuriakose |
| Kuruppasseriyil Joseph | Narively Mathew |
| Kuruvachira Joanny | Nellickatheruvil Jose |
| Kuttiankal Joseph | Nellikunnucherivupurayidom George |
| Kuttiyanickal Mathew | Njarakkattil Joseph |
| Kuzhinjalil Mathew | Njarakunnel George Varghese |
| Madathiparampil Joseph (Jr.) | Njaralakatt Philip |
| Madathiparampil Thomas | Njaralakkattu Antony |
| Madickangal James | Njavally Thomas |
| Madukavil George | Olayathil Thomas |
| Maleparampil Joseph | Olickal Alexander |
| Mamalasseril Tom Jose | Olickalputhenpura Thomas |
| Mangalath James | Ozhukayil George |
| Manianchira Joseph | Paikada Alexander |
| Maniangatt Zacharias | Palackathadathil Abraham |
| Mannoor Sebastian | Palithottam John |
| Mannoor Thomas | Pallackal Joseph |
| Mannukuzhumpil George | Panachickal Karottu James |
| Mattam John | Panackakuzhiyil Thomas |
| Mattamundayil John | Panampuzha Joseph |
| Mattel Francis | Pandaraparambil Jacob |
| Mecheril Joseph | Pandiamackal Joseph (Sr) |
| Meyickal Joseph | Pangottil Kuriakose |
| Modiyil Scaria | Panthalanickal Mathew |
| Moolakunnel Alexander | Panthiruvelil Martin |
| Moolechalil George | Parackal Paul |
| Moothedam Mathew | Paraplackal Augustine |
| Mukaleparambil Joseph | Paraplackal Francis |
| Mulangattil George | Parathotty Mathew |
| Mulanjanal Joseph | Parekkattu Emmanuel |

| | |
|---|---|
| Parekunnel George | Theruvil George |
| Pariath Joseph (Sr.) | Thevarkunnel Mathew |
| Pariyarath Thomas | Thottumkal Thomas |
| Pattery Thomas | Thuruthiyil Abraham |
| Pazheparampil George | Vadakkekara Michael |
| Peringamalayil Isaac | Vadakkekutt Joseph |
| Perumattathil Augustine | Vadakkel Jacob |
| Pezhumkattil Abraham | Vadakkemangalath Joseph |
| Polachirakunnumpuram George | Vadakkethottiyil George |
| Ponnamvarickayil George | Vadayattukuzhy George |
| Poovathinkal Joseph | Vallompurayidathil Jose |
| Pottakulam Jacob | Vanchipurackal Joseph |
| Pulinthanathu Kuriakose | Varickamakal Augustine |
| Pulleettu Johnson | Varickamakal Emmanuel |
| Pullukalayil Mathew | Vattappalam Devasiachan |
| Puthenpura Joseph | Vattappallil Joseph |
| Puthettu Cyriac | Vayalil Joseph |
| Puthiyamattam John | Vayaliparambil George |
| Puthiyaparampil Jacob | Vazhacharickal Thomas |
| Puthoor Sebastian | Vazhackapara Joseph |
| Thadathil Cyriac | Vazhayil Thomas |
| Thadathil Joseph (Sr.) | Vazheparambil Zacharia |
| Thadathil Mathew | Vedikunnel Thomas |
| Thadickaparambil Kuriakose | Vellachalil Kuriakose |
| Thannimalayil Thomas | Vellamaruthunkal Jacob |
| Tharappel George | Vellaringatt Kurian |
| Tharappel Joseph | Vennayappillil Mathew |
| Thayil Antony | Vethanath Sebastian |
| Thayyil Thomas | Vettathel Joseph |
| Thazhathuvarikayil Joseph | Vettukallel George |
| Thekkel Mathew | Vettukallel Sebastian |
| Thengumpallil Joseph | Vettukattil Thomas |
| Thennattil Mathew | Vilakkunnel Joseph |

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ എല്ലാ ചൊവ്വാഴ്ചകളിലും സ്റ്റാഫ് നഴ്സസിനായി വാക്ക് – ഇൻ – ഇന്റർവ്യൂ**

മാർ സ്ലീവാ മെഡിസിറ്റിയിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് - ഇൻ - ഇന്റർവ്യൂ നടത്തിവരുന്നു. ജി.എൻ.എം.നഴ്സിംഗ് ഡിഗ്രിയും ഒപ്പം, കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ ഉള്ളവർക്കും പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ ചൊവ്വാഴ്ചകളിൽ രാവിലെ 9 മണിക്ക് നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**ദയാവധത്തിന് അനുമതി തേടിയ കുടുംബത്തിന് ആശ്വാസം പകർന്ന് പാലാ മാർ സ്ലീവാ മെഡിസിറ്റി**

ജീവിക്കാൻ മാർഗമില്ലാത്തതിനെത്തുടർന്ന് ദയാവധത്തിനു ഹൈക്കോടതിയിലും സുപ്രീം കോടതിയിലും അനുമതി തേടാനൊരുങ്ങിയ കുടുംബത്തിന് പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ ഇടപെടൽ ആശ്വാസം പകർന്നു. കൊഴുവനാൽ പഞ്ചായത്ത് പത്താം വാർഡിൽ താമസിക്കുന്ന ദമ്പതികളും മൂന്നു മക്കളുമടങ്ങുന്ന കുടുംബമാണ് ദയാവധത്തിന് അനുമതി തേടാൻ ഒരുങ്ങിയത്. പാലാ രൂപത അധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ നിർദേശാനുസരണം മാർ സ്ലീവാ മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ മോൺ ഡോ. ജോസഫ് കണിയോടിക്കലിന്റെ നേതൃത്വത്തിൽ ഇവരുടെ ഭവനം സന്ദർശിച്ചു. ദമ്പതികൾക്കു പ്രവൃത്തിപരിചയവും പ്രാവീണ്യവും അനുസരിച്ചുള്ള ജോലി നൽകാൻ തയ്യാറാണെന്ന വിവരം കുടുംബാംഗങ്ങളെ അറിയിച്ചു. ഇവരുടെ ഇളയ രണ്ടു കുട്ടികൾ അപൂർവ്വ രോഗബാധിതരാണ്. ഈ കുട്ടികൾക്കു നിലവിലുള്ള രോഗത്തിനു പതിവായി വേണ്ട ലാബ് പരിശോധനകളും എൻഡോക്രൈനോളജി കൺസൽട്ടേഷനും ആശുപത്രിയിൽ സൗജന്യമായി ചെയ്തു നൽകാമെന്നു അറിയിച്ചു. മറ്റു ചികിത്സകൾ വേണ്ടത് സൗജന്യ നിരക്കിൽ ചെയ്തുനൽകും. ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ, കൊഴുവനാൽ

സെന്റ് ജോൺ നെപുംസ്യാൻസ് പള്ളി വികാരി റവ. ഫാ. ജോർജ് വെട്ടുകല്ലേൽ എന്നിവരും ഭവനസന്ദർശനത്തിൽ പങ്കെടുത്തു.

**ചേർപ്പുങ്കൽ ഹൈവേ ജംഗ്ഷനിലെ നവീകരിച്ച ബസ് കാത്തിരിപ്പുകേന്ദ്രം ഉദ്ഘാടനം നടത്തി.**

ചേർപ്പുങ്കൽ ഹൈവേ ജംഗ്ഷനിലെ നവീകരിച്ച ബസ് കാത്തിരിപ്പു കേന്ദ്രത്തിന്റെ ഉദ്ഘാടനം റിപ്പബ്ലിക് ദിനത്തിൽ ശ്രീ മാണി സി. കാപ്പൻ എം.എൽ.എ. നിർവ്വഹിച്ചു. പാലാ മാർ സ്ലീവാ മെഡിസിറ്റിയും ചേർപ്പുങ്കൽ ലയൺസ് ക്ലബ്ബും ചേർന്നാണ് നൂറു കണക്കിനു യാത്രക്കാർ ദിനവും എത്തുന്ന ബസ് കാത്തിരിപ്പുകേന്ദ്രം രാത്രികാലത്തും ജനങ്ങൾക്കു പ്രയോജനപ്പെടുന്ന വിധത്തിൽ വെളിച്ച സംവിധാനങ്ങളോടെ നവീകരിച്ചത്. മാർ സ്ലീവാ മെഡി സിറ്റി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ.ഫാ. ജോസ് കീരഞ്ചിറ, കോട്ടയം ജില്ലാ പഞ്ചായത്ത് അംഗം ജോസ്മോൻ മുണ്ടയ്ക്കൽ, കിടങ്ങൂർ പഞ്ചായത്ത് പ്രസിഡന്റ് തോമസ് മാളിയേക്കൽ എന്നിവർ പ്രസംഗിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ വിദ്യാർഥിക്ക് അത്യപൂർവ്വ ശസ്ത്രക്രിയ നടത്തി**

ബൈക്ക് അപകടത്തിൽ ഗുരുതരമായി പരുക്കേറ്റതിനെത്തുടർന്ന് 90 ശതമാനം വേർപെട്ടു മുറിച്ചുമാറ്റേണ്ടിവരുമെന്നു കരുതിയ കോളജ് വിദ്യാർഥിയുടെ കാൽ പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ അത്യപൂർവ്വ ശസ്ത്രക്രിയയിലൂടെ പൂർവ്വസ്ഥിതിയിലാക്കി. പൂഞ്ഞാർ സ്വദേശിയും ഇരുപത്തിമൂന്നുകാരനുമായ എൻജിനീയറിംഗ് കോളജ് വിദ്യാർഥിയാണ് വീണ്ടും പ്രതീക്ഷയുടെ ലോകത്തേക്ക് നടന്നുകയറിയത്. പാലാ - ഈരാറ്റുപേട്ട റൂട്ടിൽ പനച്ചിപ്പാറ ഭാഗത്തുവച്ചു നടന്ന അപകടത്തിൽ വിദ്യാർഥിയുടെ കാൽമുട്ടിലേക്ക് കാർ ഇടിക്കുകയായിരുന്നു. വിദ്യാർഥിയുടെ വലതുകാൽ മുട്ടിന്റെ കുഴ തെന്നി അസ്ഥികൾ വേർപെടുകയും മുകൾഭാഗത്തെ അസ്ഥി പുറത്തേക്കു വരികയും ചെയ്തു. കാൽ ദശയിൽ തൂങ്ങിനിന്ന നിലയിലാണ് മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിച്ചത്. ആശുപത്രിയിലെ അഡ്വാൻസ്ഡ് ട്രോമാ കെയർ സെന്ററിൽ എമർ

ജൻസി മെഡിസിൻ വിഭാഗം ഫിസിഷ്യൻ ഡോ. വിപിൻലാൽ വി. യുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ ഡോക്ടർമാർ ഉടൻ പരിശോധന നടത്തി. കാലിൽ പൾസ് കിട്ടാതെവന്നത് ആദ്യം ആശങ്ക ഉണർത്തിയിരുന്നു. തുടർന്നു വിദഗ്ദ്ധപരിശോധനയ്ക്കിടെ കാലിൽ രക്തയോട്ടം കണ്ടതിനെത്തുടർന്ന് ഉടൻ അടിയന്തരശസ്ത്രക്രിയയ്ക്കു വിധേയനാക്കി. ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൽറ്റന്റ് ഡോ. രാജീവ് പി.ബി.യുടെ നേതൃത്വത്തിൽ മണിക്കൂറുകൾ നീണ്ട അത്യപൂർവ്വശസ്ത്രക്രിയയിലൂടെയാണ് മുറിച്ചുമാറ്റേണ്ടിവരുമായിരുന്ന വിദ്യാർഥിയുടെ വലതുകാൽ വീണ്ടും പൂർവ്വസ്ഥിതിയിലാക്കിയത്. പ്ലാസ്റ്റിക് ആൻഡ് റീ കൺസ്ട്രക്റ്റീവ് സർജറി വിഭാഗം കൺസൽറ്റന്റ് ഡോ. ആശിഷ് ശശിധരൻ, അനസ്തേഷ്യോളജി വിഭാഗം കൺസൾട്ടന്റുമാരായ ഡോ. ശിവാനി ബക്ഷി, ഡോ. റോണി മാത്യു എന്നിവരും ശസ്ത്രക്രിയയിൽ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ റിപ്പബ്ലിക് ദിനാഘോഷം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ റിപ്പബ്ലിക് ദിനാഘോഷം വർണാഭമായ ചടങ്ങുകളോടെ നടത്തി. പാലാ രൂപത എജ്യൂക്കേഷണൽ ഏജൻസി സെക്രട്ടറി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം ദേശീയപതാക ഉയർത്തി റിപ്പബ്ലിക്ദിനസന്ദേശം നൽകി. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു.

**രക്തദാനക്യാമ്പ് നടത്തി**

ചേർപ്പുങ്കൽ ബി.വി.എം. കോളേജ് നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ പാലാ മാർ സ്ലീവാ മെഡിസിറ്റിയുമായി സഹകരിച്ചു രക്തദാന ക്യാമ്പ് നടത്തി. 50 ൽ പരം വിദ്യാർഥികൾ രക്തദാനം നടത്തി. കോളേജ് പ്രിൻസിപ്പൽ റവ. ഡോ. ബേബി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ കാൻസർ സെൽഫ് ഹെൽപ് ഗ്രൂപ്പിന്റെ ഉദ്ഘാടനം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ ലോക കാൻസർ ദിനാചരണം ഉദ്ഘാടനവും പുതിയതായി ആരംഭിക്കുന്ന കാൻസർ സെൽഫ് ഹെൽപ് ഗ്രൂപ്പിന്റെ ലോഞ്ചിംഗും ഗവ. ചീഫ് വിപ്

ഡോ.എൻ. ജയരാജ് നിർവ്വഹിച്ചു. കാൻസർ രോഗികൾക്ക് ആവശ്യമായ ബോധവൽക്കരണവും മാനസികപിൻബലവും ഉറപ്പാക്കാൻ ലക്ഷ്യമിട്ടാണ് 'കാൻ ഹെൽപ്' എന്ന പേരിൽ കാൻസർ സെൽഫ് ഹെൽപ് ഗ്രൂപ്പ് എന്ന നൂതനപ്രവർത്തനം മാർ സ്ലീവാ മെഡിസിറ്റിയിൽ ആരംഭിച്ചത്. കാൻസർ മാറിയവർക്കും നിലവിൽ ചികിത്സ തേടുന്നവർക്കും ഇടയിൽ ഒരു ബന്ധം സൃഷ്ടിക്കുക, അതിലൂടെ രോഗത്തെക്കുറിച്ചുള്ള അനാവശ്യവ്യാകുലതകൾ ഇല്ലാതാക്കുക എന്നിവയും കാൻ ഹെല്പിലൂടെ ലക്ഷ്യമിടുന്നു. ചടങ്ങിൽ ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. കാൻസർ രോഗമുക്തി നേടിയവർ അനുഭവങ്ങൾ പങ്കുവെച്ചു. പാലാ ഡിവൈഎസ്പി കെ. സദൻ, ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. റോണി ബെൻസൺ, അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. സോൻസ് പോൾ എന്നിവർ പ്രസംഗിച്ചു. വിവിധ വിഷയങ്ങളിൽ കൺസൾട്ടന്റുമാരായ ഡോ. ജോഫിൻ കെ. ജോണി, ഡോ. ടിജോ ഐവാൻ ജോൺ, ചീഫ് ഡയറ്റീഷ്യൻ ജിജിനു എന്നിവർ ബോധവൽക്കരണക്ലാസ്സ് നയിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിക്ക് ദേശീയപുരസ്കാരം ലഭിച്ചു**

അസോസിയേഷൻ ഓഫ് ഹെൽത്ത്കെയർ പ്രൊവൈഡേഴ്സ് ഇന്ത്യയുടെ (എ.എച്ച്.പി.ഐ) എക്സലൻസ് ഇൻ ഹെൽത്ത് കെയർ ദേശീയപുരസ്കാരം പാലാ മാർ സ്ലീവാ മെഡിസിറ്റിക്കു ലഭിച്ചു. ഗുജറാത്തിൽ നടന്ന ചടങ്ങിൽ മാർ സ്ലീവാ മെഡിസിറ്റി ഹോസ്പിറ്റൽ ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ, ആശുപത്രി ഓപ്പറേഷൻസ് എ.ജി.എം. ഡോ. രശ്മി നായർ എന്നിവർ ചേർന്ന് എ.എച്ച്.പി.ഐ. ഡയറക്ടർ ജനറൽ ഡോ. ഗിരിധർ ഗ്യാനിയിൽനിന്നു പുരസ്കാരം ഏറ്റുവാങ്ങി. എക്സലൻസ് ഇൻ ഹോസ്പിറ്റൽ ഓപ്പറേഷൻസ് (നോൺ ക്ലിനിക്കൽ) വിഭാഗത്തിലുള്ള ദേശീയപുരസ്കാരമാണ് മാർ സ്ലീവാ മെഡിസിറ്റിക്കു ലഭിച്ചത്. വിവിധ ഘടകങ്ങൾ പരിഗണിച്ചശേഷം ഓഡിറ്റിംഗ്, വെർച്വൽ അസസ്മെന്റ് എന്നീ നടപടികൾ പൂർത്തീകരിച്ചായിരുന്നു അവാർഡുനിർണയം. ഭരണനിർവ്വഹണം, സ്കോപ് ഓഫ് സർവീസസ്, നിയമപരമായ ലൈസൻസുകളുടെ കൃത്യത, രജിസ്ട്രേഷൻ ആൻഡ് അഡ്മിഷൻ, ട്രാൻസ്ഫർ ആൻഡ് റഫ

റൽസ്, പേഷ്യന്റ്സ് സേഫ്റ്റി പ്രോഗ്രാം ഉൾപ്പെടെയുള്ള സേഫ്റ്റി റിസ്ക് അസസ്മെന്റ് ആൻഡ് മാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിലെ മികവ് അവാർഡിനായി പരിഗണിച്ച പ്രധാന ഘടകങ്ങളാണ്. എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ബഹുമതിയുള്ള പാലാ മാർ സ്ലീവാ മെഡിസിറ്റിക്കു ലഭിച്ച 6-ാമത്തെ ദേശീയ അംഗീകാരമാണ് അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് ഇന്ത്യയിൽനിന്നു ലഭിച്ചിരിക്കുന്നതെന്ന് ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അറിയിച്ചു.

**ജീവിതശൈലിബോധന സെമിനാറും മെഡിക്കൽ ക്യാമ്പും നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെയും ബിഷപ് വയലിൽ മെഡിക്കൽ സെന്ററിന്റെയും സഹകരണത്തോടെ ലോക കാൻസർ ദിനാചരണത്തിന്റെ ഭാഗമായി മൂലമറ്റം സെന്റ് ജോർജ് ഫൊറോന പള്ളിയിൽ ജീവിതശൈലീബോധന സെമിനാറും മെഡിക്കൽ ക്യാമ്പും നടത്തി. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കാരിത്താസ് ഇന്ത്യ - ആശാകിരണം പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു പരിപാടി സംഘടിപ്പിച്ചത്. മാർ സ്ലീവാ മെഡിസിറ്റി ഓങ്കോളജി വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. ടി.ആർ. രവിശങ്കർ നേതൃത്വം നൽകി. ഫോറോന വികാരി റവ. ഫാ. കുര്യൻ കാലായിലിന്റെ അധ്യക്ഷതയിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ പരിപാടി ഉദ്ഘാടനം ചെയ്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഡ്രഗ് ഇൻഫർമേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു**

മരുന്നുകളുടെ കൃത്യമായ ഉപയോഗത്തെക്കുറിച്ചു രോഗികൾക്കും ആരോഗ്യപ്രവർത്തകർക്കും സമൂഹത്തിനും വ്യക്തവും കൃത്യവുമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി മാർ സ്ലീവാ മെഡിസിറ്റിയിൽ ഡ്രഗ് ഇൻഫർമേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. പാലാ രൂപതാധ്യക്ഷൻ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് സെന്ററിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. മരുന്നുകളുടെ ഉപയോഗം അവ

എങ്ങനെ കൈകാര്യം ചെയ്യണം, പാർശ്വഫലങ്ങൾ, ഗർഭിണികൾ, മുലയൂട്ടുന്നവർ, കുട്ടികൾ, മുതിർന്നവർ എന്നിവർ എടുക്കേണ്ട മുൻകരുതലുകൾ, സുരക്ഷിതമായി മരുന്നു സൂക്ഷിക്കേണ്ട രീതികൾ, ഇൻസുലിൻ, ഇൻഹേലർ എന്നിവയുടെ ശരിയായ ഉപയോഗം, മരുന്നും ഭക്ഷണക്രമവും തുടങ്ങിയ വിവിധ വിവരങ്ങളും സെന്ററിൽക്കൂടി ലഭ്യമാണ്. ഇതോടൊപ്പം, ആശുപത്രിയിലെ പുതിയ ഔട്ട് പേഷ്യന്റ് കൗൺസലിംഗ് റൂം, ഡീസൽ ജനറേറ്റർ, വിപുലീകരിച്ച സ്റ്റോർ എന്നിവയുടെ കൂദാശയും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, നഴ്സിംഗ് ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ, ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട് ഡയറക്ടർ റവ.ഫാ. ജോസ് കീരഞ്ചിറ, ഫിനാൻസ് ഡയറക്ടർ റവ.ഡോ. ഇമ്മാനുവേൽ പാറേക്കാട്ട്, ചാപ്ലയിൻ റവ.ഫാ. തോമസ് മണ്ണൂർ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, മെഡിക്കൽ സൂപ്രണ്ട് ഡോ. നിതീഷ് പി.എൻ. എന്നിവർ പങ്കെടുത്തു.

**ആരോഗ്യബോധവൽക്കരണ ക്ലാസ്സ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെയും മണിമല സെൻട്രൽ ലയൺസ് ക്ലബ്ബിന്റെയും നേതൃത്വത്തിൽ കറിക്കാട്ടൂർ ലയൺസ് ക്ലബ്ബ് ഹാളിൽ കാൻസർ അറിയേണ്ടതെല്ലാം എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സ് നടത്തി. സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി ക്ലാസ്സ് നയിച്ചു.

**ഹൃദ്രോഗപരിശോധനാക്യാമ്പ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റി മെഡിക്കൽ സെന്റർ അരുവിത്തുറയിൽ പൊതുജനങ്ങൾക്കായി സൗജന്യ ഹൃദ്രോഗപരിശോധന ക്യാമ്പ് നടത്തി. പാലാ മാർ സ്ലീവാ മെഡിസിറ്റി കാർഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് പ്രഫ. ഡോ. രാജു ജോർജ് നേതൃത്വം നൽകി.

**നഴ്സിംഗ് ഡയറക്ടറായി റവ. ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ ചുമതലയേറ്റു**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ നഴ്സിംഗ് ഡയറക്ടറായി റവ.ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കൽ ചുമതലയേറ്റു.

**പീഡിയാട്രിക് കാർഡിയോളജിസ്റ്റ് ഡോ. ആർ. സുരേഷ് കുമാർ മാർ സ്ലീവാ മെഡിസിറ്റിയിൽ ചുമതലയേറ്റു**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ പീഡിയാട്രിക് കാർഡിയോളജി ആൻഡ് അഡൽറ്റ് കൺജനിറ്റൽ ഹാർട്ട് ഡിസീസസ് വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റായി രാജ്യാന്തരതലത്തിൽ പ്രശസ്തനായ പീഡിയാട്രിക് കാർഡിയോളജിസ്റ്റ് ഡോ. ആർ. സുരേഷ് കുമാർ ചുമതലയേറ്റു.

**ഹൃദ്രോഗവിദഗ്ധൻ ഡോ. ജെയിംസ് തോമസ് മാർ സ്ലീവാ മെഡിസിറ്റിയിൽ ചുമതലയേറ്റു**

പാലാ മാർ സ്ലീവാ മെഡിസിറ്റി കാർഡിയോളജി വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റായി ഡോ. ജെയിംസ് തോമസ് ചുമതലയേറ്റു.

**ന്യൂറോ സർജൻ ഡോ. സരീഷ് കുമാർ എം. കെ. ചുമതലയേറ്റു**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ന്യൂറോസർജറി ആൻഡ് സ്പൈൻ സർജറി വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റായി ഡോ. സരീഷ് കുമാർ എം.കെ. ചുമതലയേറ്റു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഓർത്തോപീഡിക്സ് സെന്റർ ഓഫ് എക്സലൻസ്**

മാർ സ്ലീവാ മെഡിസിറ്റിയിലെ ഓർത്തോപീഡിക്സ് വിഭാഗത്തെ സെന്റർ ഓഫ് എക്സലൻസ് നിലവാരത്തിലേക്ക് ഉയർത്തിയതിന്റെ ഉദ്ഘാടനം ഗോവ ഗവർണർ പി.എസ്. ശ്രീധരൻപിള്ള നിർവ്വഹിച്ചു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ഉയർന്ന നിലവാരമുള്ള രോഗീപരിചരണം, ഗവേഷണം, സാങ്കേതികവിദ്യ, ക്ലിനിക്കൽ വൈദഗ്ധ്യം, അക്കാദമിക് പരിശീലനം, മൾട്ടി ഡിസിപ്ലിനറി സമീപനം, അക്രഡിറ്റേഷൻ തുടങ്ങിയ വിവിധ മാനദണ്ഡങ്ങൾ പാലിച്ചാണ് ഓർത്തോപീഡിക്സ് വിഭാഗം മികവിന്റെ കേന്ദ്രമായത്. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ഒ. ടി. ജോർജ്, ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ആൻഡ് ഡിപ്പാർട്ട്മെന്റ് കോ-ഓർഡിനേറ്റർ പ്രഫ. ഡോ. മാത്യു എബ്രഹാം, സീനിയർ കൺസൾട്ടന്റ് ഡോ. രാജീവ് പി.ബി എന്നിവർ പ്രസംഗിച്ചു.

എ.എച്ച്.പി.ഐയുടെ എക്സലൻസ് ഇൻ ഹോസ്പിറ്റൽ ഓപ്പറേഷൻസ് (നോൺ ക്ലിനിക്കൽ) അവാർഡ് നേടിയതിന് ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ, ഓപ്പറേഷൻസ് വിഭാഗം എ.ജി.എം. ഡോ. രശ്മി നായർ, മാർ സ്ലീവാ ഹീലിയോസ് അവാർഡ് നേടിയ ആശുപത്രി ഓപ്പറേഷൻസ് വിഭാഗത്തിലെ ജെലീല ജേക്കബ്, അഞ്ജു ജേക്കബ്, ടിന്റു ജോർജ്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ പരിസ്ഥിതിമിത്ര അവാർഡ് നേടിയതിന് സപ്പോർട്ട് സർവീസ് അസി. മാനേജർ ജിബിൻ ജോസഫ്, ഈറ്റ് റൈറ്റ് കാമ്പസ് അവാർഡ് നേടിയതിന് ആശുപത്രി ഓപ്പറേഷൻസ് സീനിയർ മാനേജർ അനൂപ് ചാക്കോ, എഫ് ആൻഡ് ബി മാനേജർ തോമസ് ജേക്കബ് എന്നിവരെ ചടങ്ങിൽ ഫലകം നൽകി ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആദരിച്ചു.

**മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസ് ആൻഡ് റിസർച്ചിന്റെ ഉദ്ഘാടനം നടത്തി.**

മാർ സ്ലീവാ മെഡിസിറ്റിയിൽ മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസ് ആൻഡ് റിസർച്ചിന്റെ ഉദ്ഘാടനം മന്ത്രി വി.എൻ. വാസവൻ നിർവ്വഹിച്ചു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ഡോക്ടർമാർക്കായി നാഷനൽ ബോർഡിന്റെ ഡിഎൻബി കോഴ്സുകളിൽ വിവിധ വകുപ്പുകളിൽ 16 സീറ്റുകളും പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിൽ 2 സീറ്റുകളും ഫെലോഷിപ്പിനും മറ്റ് സർട്ടിഫിക്കറ്റ് കോഴ്സിനും 3 സീറ്റുകളും മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസ് ആൻഡ് റിസർച്ചിൽ ഉണ്ട്. കൂടാതെ, വിദ്യാർഥികൾക്കായി ഒരു പി. ജി. കോഴ്സും, 6 ഡിഗ്രി കോഴ്സുകളും, 2 സർട്ടിഫിക്കറ്റ് കോഴ്സുകളും ഉണ്ട്. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, അക്കാഡമിക്സ് സീനിയർ കൺസൾട്ടന്റ് ഡോ. പി.ടി. തോമസ്, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, അക്കാഡമിക്സ് അസി. ജനറൽ മാനേജർ ഡോ. മനോജ് എം.ടി. എന്നിവർ പ്രസംഗിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ലിറ്റിൽസ് കിങ്ഡം ഉദ്ഘാടനം ചെയ്തു.**

മാർ സ്ലീവാ മെഡിസിറ്റിയിൽ കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം ലിറ്റിൽസ് കിങ്ഡം എന്ന പേരിൽ ആരംഭിച്ചു. സിനിമാ താരം മീനാക്ഷി ഉദ്ഘാടനം നിർവ്വഹിച്ചു. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, പീഡിയാട്രിക് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജിസ് തോമസ് എന്നിവർ പ്രസംഗിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയതായി ക്രമീകരിച്ച ഒ.പി മുറികളുടെ കൂദാശ നടത്തി.**

മാർ സ്ലീവാ മെഡിസിറ്റിയിൽ ക്ലിനിക്കൽ സൈക്കോളജി വിഭാഗത്തിനായി ക്രമീകരിച്ച പുതിയ ഒ.പി. മുറികളുടേയും, നെർവ് കണ്ടക്ഷൻ സ്റ്റഡി മുറിയുടെയും കൂദാശ ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ നിർവ്വഹിച്ചു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**ഫെബ്രുവരിമാസത്തിൽ ആയിരക്കണക്കിന് അൽഫോൻസാഭക്തർ വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.**

തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്ന് ബഹുമാനപ്പെട്ട വൈദികരുടെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ വിശ്വാസീസമൂഹം പ്രാർത്ഥനാപൂർവം വിശുദ്ധയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു

**മേജർ ആർച്ചുബിഷപ്പിന്റെ സന്ദർശനം**

ഫെബ്രുവരി പതിമൂന്നാം തീയതി സീറോമലബാർസഭയുടെ തലവനായ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിക്കുകയും ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ സാന്നിധ്യത്തിൽ തീർത്ഥാടനകേന്ദ്രം റെക്ടർ വെരി അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിലും ഭരണങ്ങാനം ഫോറോനാ പള്ളി വികാരി വെരി റവ. ഫാ. സക്കറിയാസ് ആട്ടപ്പാട്ടും ചേർന്ന് ബാന്റുമേളങ്ങളുടെ അകമ്പടിയോടെ മേജർ ആർച്ചുബിഷപ്പിനെ സ്വീകരിച്ചു. 11:30 ന് മേജർ ആർച്ചുബിഷപ് ദിവ്യബലി അർപ്പിച്ചു സന്ദേശം നൽകി. മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സഹകാർമികൻ ആയിരുന്നു. ദിവ്യബലിക്കുശേഷം മേജർ ആർച്ചുബിഷപ്പിന് സ്വീകരണം നൽകാനായി ചേർന്ന യോഗത്തിൽ പാലാ രൂപതയുടെ പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ, മറ്റു വികാരി ജനറാൾമാർ, രൂപതയിലെ വൈദികർ, വിവിധ സന്ന്യാസസഭകളിലെ സുപ്പീരിയർ, ജനറാൾമാർ, സിസ്റ്റേഴ്സ് വോളണ്ടിയേഴ്സ്, വിശ്വാസിസമൂഹം തുടങ്ങിയവർ പങ്കെടുത്തു.

**ബഹു. വൈദികരുടെ സ്ഥലംമാറ്റം**

ഭരണങ്ങാനം വി. അൽഫോൻസാമ്മയുടെ തീർത്ഥാടനകേന്ദ്രത്തിന്റെ റെക്ടർ എന്ന കഴിഞ്ഞ നിലയിലുള്ള ഒരു വർഷത്തെ സേവനത്തിനുശേഷം പെരിയ

ബഹു. സെബാസ്റ്റ്യൻ വെട്ടുകല്ലേലച്ചൻ അരുവിത്തുറ സെന്റ് ജോർജ് പള്ളിയുടെ വികാരിയായും. സ്പിരിചൽ ഡയറക്ടർ എന്ന നിലയിലുള്ള കഴിഞ്ഞ ആറു വർഷത്തെ സേവനത്തിനുശേഷം ബഹു. മൈക്കിൾ ഔസേപ്പറമ്പിൽ അച്ചൻ തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയിൽ സ്പിരിചൽ ഫാദറായും നിയമിതരായി. ഇരുവർക്കും പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിലച്ചന്റെയും ചാൻസിലർ പെരിയ ബഹു. ജോസ് കുറ്റിയാങ്കലച്ചന്റെയും നേതൃത്വത്തിൽ യാത്രയയപ്പു നൽകി. 2024 ഫെബ്രുവരി മൂന്നാം തീയതി ശനിയാഴ്ച ഇരുവരും പുതിയ ഉത്തരവാദിത്വം ഏറ്റെടുത്തു. നാളിതുവരെ ഇരു വൈദികരും തീർത്ഥാടനകേന്ദ്രത്തിൽ ചെയ്ത എല്ലാ ശുശ്രൂഷകളെയും നന്ദിയോടെ ഓർക്കുന്നു. പുതിയ കർമ്മവീഥികളിൽ എല്ലാ ഭാവുകങ്ങളും നേരുന്നു.

അരുവിത്തുറ സെന്റ് ജോർജ് ഫോറോനാ പള്ളി വികാരിയായിരുന്ന പെരിയ ബഹു. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ അച്ചൻ തീർത്ഥാടനാകേന്ദ്രത്തിന്റെ റെക്ടറായും, അരുവിത്തുറ സെന്റ് ജോർജ് ഫോറോനാ പള്ളി സ്പിരിചൽ ഫാദറായിരുന്ന ബഹു. സെബാസ്റ്റ്യൻ നടുത്തടമച്ചൻ സ്പിരിചൽ ഡയറക്ടറായും, മീനച്ചിൽ സെന്റ് ആന്റണിസ് പള്ളി വികാരിയായിരുന്ന ബഹു. തോമസ് തോട്ടുങ്കലച്ചൻ സ്പിരിചൽ ഡയറക്ടറായും ഉത്തരവാദിത്വം ഏറ്റെടുത്തു. ബഹുമാനപ്പെട്ട അച്ചന്മാർക്ക് ഹൃദ്യമായ സ്വാഗതം.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾക്കു വേണ്ടി 2024 ഫെബ്രുവരി 11 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് പരിശുദ്ധ കുമ്പസാരവും വിശുദ്ധ കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി. നേതൃത്വം വഹിച്ചു. ഇരുനൂറോളം സഹോദരങ്ങൾ പങ്കെടുത്തു.

**ജർമ്മൻവിദ്യാർഥികൾക്കായി ദിവ്യബലിയർപ്പണം**

ഭരണങ്ങാനം അസ്സിസി ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്ന വിദ്യാർഥികൾക്കായി 2024 ഫെബ്രുവരി പതിനെട്ടാം തീയതി ജർമ്മൻ ഭാഷയിൽ ദിവ്യബലി അർപ്പിച്ചു. ഫാ. ജെബി മുകചിറയിൽ OFM Cap. നേതൃത്വം വഹിച്ചു. ഇരുന്നൂറ്റിയമ്പതോളം വിദ്യാർഥികൾ പങ്കെടുത്തു.

**ആർച്ചുബിഷപ് ലൂയിസിന്റെ സന്ദർശനം**

ബ്രസിലിലെ മുൻ ആർച്ചുബിഷപ് Dom Luis വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു. പെരിയ ബഹു. റെക്ടറച്ചന്റെ നേതൃത്വത്തിൽ അദ്ദേഹത്തെ ഹൃദ്യമായി സ്വീകരിച്ചു.

**ഫ്രാൻസിൽനിന്ന് ഒരുപറ്റം വിശ്വാസികളുടെ സന്ദർശനം**

ഫെബ്രുവരി പതിനെട്ടാം തീയതി പാരീസിലെ സെന്റ് ഫ്രാൻസിസ് സേവിയർ ചർച്ചിൽനിന്ന് വികാരിയച്ചന്റെ നേതൃത്വത്തിൽ എൺപതോളം വിശ്വാസികൾ വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു. പെരിയ ബഹു. റെക്ടറച്ചൻ അവരെ സ്വീകരിച്ചു. ബഹു. സെബാസ്റ്റ്യൻ നടുത്തടത്തിലച്ചൻ വിശുദ്ധയുടെ ജിവിതചിത്രം അവർക്കു വിവരിച്ചു നൽകി.

**വിശുദ്ധയുടെ കബറിടത്തിൽ പ്രാർത്ഥനാപൂർവ്വം വിദ്യാർഥികൾ**

ഈ വർഷം എസ്.എസ്.എൽ.സി., പ്ലസ് വൺ, പ്ലസ്ടു ബോർഡ് എക്സാം തുടങ്ങിയ പരീക്ഷകൾക്ക് ഒരുങ്ങിക്കൊണ്ടിരിക്കുന്ന സ്കൂളുകളിലെ വിദ്യാർഥികളും അദ്ധ്യാപകരും വി. അൽഫോൻസാമ്മയുടെ കബറിടത്തിൽ പ്രാർത്ഥനാപൂർവം എത്തിച്ചേർന്നു. ബഹുമാനപ്പെട്ട റെക്ടറച്ചന്റെ നേതൃത്വത്തിൽ അവരെ സ്വീകരിക്കുകയും അവർക്കായി വിശുദ്ധയുടെ മാദ്ധ്യസ്ഥ്യം യാചിച്ചു പ്രാർത്ഥിക്കുകയും ചെയ്തു.

സാൻജോസ് പബ്ലിക് സ്കൂൾ ചൂണ്ടച്ചേരി, സെന്റ് മേരിസ് പബ്ലിക് സ്കൂൾ നാകപ്പുഴ, സെന്റ് തോമസ് ഹൈസ്കൂൾ തുടങ്ങനാട്, ബി.ഇ.എം.എസ് കുത്താട്ടുകുളം, ലൂർദ് പബ്ലിക് സ്കൂൾ കോട്ടയം, സെന്റ് ഫിലോമിനാസ് പബ്ലിക് സ്കൂൾ ഇലഞ്ഞി, ചാവറ പബ്ലിക് സ്കൂൾ പാലാ, ഒ.എൽ.സി.സി. ജി.എച്ച്.എസ് പള്ളുരുത്തി, നിർമല പബ്ലിക് സ്കൂൾ മൂവാറ്റുപുഴ, ഇൻഫന്റ് ജീസസ് പബ്ലിക് സ്കൂൾ മംഗളാരം, സാൻതോം എച്ച്.എസ്. കണമല, ബാപ്പുജി പബ്ലിക് സ്കൂൾ വഴിത്തല, സെന്റ് ജോസഫ് പബ്ലിക് സ്കൂൾ കുന്നുംഭാഗം, സെന്റ് ജോസഫ് കരിമണ്ണൂർ, സെന്റ് മേരീസ് ഏഞ്ചൽവാലി, സെന്റ് തേരസാസ് ഗേൾസ് സ്കൂൾ നെടുംകുന്നം, സാൻജോ സി.എം.ഐ. പബ്ലിക് സ്കൂൾ കൊടുവേലി, സെന്റ് ജോസഫ് ഗേൾസ് ഹൈസ്കൂൾ ചെങ്കൽ, സെന്റ് ജോസഫ് ആലപ്പുഴ, സെന്റ് ജോർജ് കുട്ടിക്കൽ, നിർമല ഇംഗ്ലിഷ് മീഡിയം സ്കൂൾ തണ്ണീർമുക്കം, കാർഡിനൽ പടിയറ പബ്ലിക് സ്കൂൾ മണിമല, സെന്റ് അൽഫോൻസാ ഹൈസ്കൂൾ വാകക്കാട്, ഹോളി സ്പിരിറ്റ് പബ്ലിക് സ്കൂൾ പയ്യാനിത്തോട്ടം തുടങ്ങിയ നിരവധി സ്കൂളുകളിൽനിന്നും വിദ്യാർത്ഥികൾ അദ്ധ്യാപകരോടൊപ്പം പ്രാർത്ഥനാപൂർവം വിശുദ്ധയുടെ കബറിടത്തിൽ എത്തി.

**വിശുദ്ധ അൽഫോൻസാമ്മയുടെ 'വാഴ്ത്തപ്പെട്ടവൾ' പ്രഖ്യാപനത്തിന്റെ മൂപ്പത്തിയെട്ടാം വാർഷികം**

ഫെബ്രുവരി എട്ടാം തീയതി വി. അൽഫോൻസാമ്മയുടെ 'വാഴ്ത്തപ്പെട്ടവൾ' പ്രഖ്യാപനത്തിന്റെ മൂപ്പത്തിയെട്ടാം വാർഷികത്തോടനുബന്ധിച്ചു ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രൊവിൻസിന്റെ നേതൃത്വത്തിൽ രാത്രിയാരാധന നടത്തി. സി. മേഴ്സിൻ പള്ളിവാതുക്കൽ ആരാധനയ്ക്കു നേതൃത്വം നൽകി. എൺപതോളം സന്ന്യാസിനികൾ ആരാധനയിൽ പങ്കുചേർന്നു.

**രാത്രിയാരാധന**

2024 ഫെബ്രുവരി 24 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ രാത്രിയാരാധന നടത്തി. വൈകുന്നേരം 7.00 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ചു. രാത്രി 11.00 മണിക്ക് സമാപിച്ചു. ബഹു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ നേതൃത്വം നൽകി.

**ജപമാലപ്രദക്ഷിണം**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം അഞ്ചു മണിക്കുള്ള വിശുദ്ധ കുർബാനയെത്തുടർന്ന് വിശ്വാസിസമൂഹത്തിന്റെ കൂട്ടായ്മ

യിൽ കത്തിച്ച മെഴുകുതിരികളുമായി ദൈവാലയം ചുറ്റി നടത്തിവരുന്ന ജപമാല പ്രദക്ഷിണത്തിനു ഫെബ്രുവരി മാസം നേതൃത്വം നൽകിയ ഇടവകകൾ - രത്നഗിരി (17/02/2024), മണലുങ്കൽ (24/02/2024).

**റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. ബഹു. വൈദികരുടെ സ്ഥലംമാറ്റം**

പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെയും ഷലോം പാസ്റ്ററൽ സെന്ററിന്റെയും ഡയറക്ടറായി ബഹു. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ അച്ചൻ നിയമിതനായി. അച്ചന് വിശ്വാസപരിശീലനകേന്ദ്രത്തിലേക്കും ഷലോം പാസ്റ്ററൽ സെന്ററിലേക്കും ഹൃദ്യമായ സ്വാഗതം.

കഴിഞ്ഞ അഞ്ചു വർഷക്കാലം പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെയും ഷലോം പാസ്റ്ററൽ സെന്ററിന്റെയും ഡയറക്ടറായി സേവനമനുഷ്ഠിച്ച ബഹു. സെബാസ്റ്റ്യൻ പഴേപറമ്പിൽ അച്ചൻ അന്തീനാട് സെന്റ് ജോസഫ്സ് പള്ളി വികാരിയായി നിയമിതനായി. അദ്ദേഹത്തിന്റെ സ്തുത്യർഹമായ സേവനത്തിന് പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെയും ഷലോം പാസ്റ്ററൽ സെന്ററിന്റെയും ഹൃദ്യമായ നന്ദി.

**2. CTP കോഴ്സ് 2023 -2024**

2023 - 2024 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ഫെബ്രുവരിമാസത്തിലെ ക്ലാസ് 10-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. Patrology എന്ന വിഷയത്തെ അധികരിച്ച് ഡോ. ജോൺ കണ്ണന്താനം ക്ലാസ് നയിച്ചു.

**മാർച്ചുമാസത്തിലെ ക്ലാസ്സ്**

മാർച്ച് 08 വെള്ളി : Patrology :ഡോ. ജോൺ കണ്ണന്താനം

മാർച്ച് 09 ശനി : Theology of Religions: ഡോ. അലക്സ് പണ്ടാരക്കാപ്പിൽ

**3. സൺഡേ സ്കൂൾ വാർഷികപ്പരീക്ഷ**

2023-2024 വിശ്വാസപരിശീലനവർഷത്തിലെ രണ്ടാം ടേം പരീക്ഷ 2024 ഫെബ്രുവരി 18 ഞായറാഴ്ച നടത്തപ്പെട്ടു. പരീക്ഷയ്ക്കുള്ള ചോദ്യപ്പേപ്പറുകൾ ഫെബ്രുവരി 17 ശനിയാഴ്ച വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും വിതരണം ചെയ്തു.

**4. X-ാം ക്ലാസ്സിലെ വിശ്വാസപരിശീലകരുടെ സമ്മേളനം**

X- ാം ക്ലാസ്സിലെ വിശ്വാസപരിശീലകരുടെ സമ്മേളനം 2024 ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു. ഈ സമ്മേളനത്തിൽ X-ാം ക്ലാസ്സിലെ വാർഷികപ്പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയവും നടത്തപ്പെട്ടു.

**5. XII-ാം ക്ലാസ്സിലെ വിശ്വാസപരിശീലകരുടെ സമ്മേളനം**

XII- ാം ക്ലാസ്സിലെ വിശ്വാസപരിശീലകരുടെ സമ്മേളനം 2024 മാർച്ച് 3-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ ഭരണങ്ങാനം

മാതൃഭവനിൽ വച്ച് നടത്തപ്പെടും. ഈ സമ്മേളനത്തിൽ XII-ാം ക്ലാസ്സിലെ വാർഷികപ്പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയവും നടത്തപ്പെടും.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. വി. സെബസ്ത്യാനോസിന്റെ തിരുനാൾ**

റീജണിലെ എല്ലാ ഇടവകകളിലും ഫെബ്രുവരി 11 ന് വി. സെബസ്ത്യാനോസിന്റെ തിരുനാൾ ആചരിച്ചു. വൈദികർ ഭവനങ്ങളിൽ അമ്പ് എഴുന്നള്ളിച്ചുകൊണ്ടുപോവുകയും ഭവനങ്ങളിൽ അമ്പ് പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

**2. വിഭൂതി**

റീജണിലെ എല്ലാ ഇടവകകളിലും ഫെബ്രുവരി 12 തിങ്കളാഴ്ച വലിയ നോമ്പിനു തുടക്കം കുറിച്ചുകൊണ്ട് വിഭൂതിത്തിരുനാൾ ആചരിച്ചു.

**3. മാസധ്യാനം**

ഫെബ്രുവരി 14 ന് മാസധ്യാനം നടത്തപ്പെട്ടു. റവ. ഫാ. സ്റ്റീഫൻ ജയരാജ് ധ്യാനം നയിച്ചു.

**4. സ്വീകരണം**

ഗുജറാത്ത് സബർമതി മിഷനിൽ സേവനത്തിനായി പുതുതായി എത്തിചേർന്ന റവ. ഫാ. മാത്യു പുതിയിടത്തിനെ റീജണിലെ വൈദികർ ഒത്തുചേർന്ന് അഹമ്മദാബാദ് വിമാനത്താവളത്തിൽ വച്ച് സ്വീകരിച്ചു.

**5. സന്ദർശനം**

ചരിത്രകാരനും ഗ്രന്ഥകർത്താവുമായ റവ. ഫാ. ജെയിംസ് പുലിയുറുമ്പിൽ ഗുജറാത്ത് മിഷൻ സന്ദർശിക്കുകയും ഗുജറാത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളായ ബാറുച്ച്, കച്ച്, രാജ്കോട്ട് മുതലയാവ സന്ദർശിച്ചു പഠനങ്ങൾ നടത്തുകയും ചെയ്തു.

**ഫാ. ജോർജ് നെല്ലിക്കൽ** (റീജണൽ സെക്രട്ടറി)

# മിഷൻലീഗ് വാർത്തകൾ

**രൂപതവാർത്തകൾ**

**എക്സിക്യൂട്ടീവ് യോഗവും ഡയറക്ടറച്ചനു സ്വീകരണവും**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ പുതിയ ഡയറക്ടറായി ചുമതല ഏറ്റെടുത്ത റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലിന് ഫെബ്രുവരി മാസത്തിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ചുനടന്ന എക്സിക്യൂട്ടീവ് യോഗത്തിൽ വൈസ് ഡയറക്ടർ സി. ഡോ. മോനിക്ക എസ്.എച്ച്. സ്വാഗതം ആശംസിച്ചു സംസാരിച്ചു. രൂപത പ്രസിഡന്റ് ഡോ. ജോബിൻ റ്റി. ജോണി അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അത് പാസ്സാക്കി. ചെറുപുഷ്പമിഷൻലീഗ് പാലാരൂപത

ഡയറക്ടർ റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സന്ദേശം നൽകി. യോഗം ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു.

**കുഞ്ഞുമിഷണറി മാസിക**

ഫെബ്രുവരി മാസത്തിൽ കുഞ്ഞുമിഷണറി മാസിക pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് മിഷൻലീഗിന്റെയും വിശ്വാസപരിശീലനത്തിന്റെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**ദേശീയ എക്സിക്യൂട്ടിവ് യോഗത്തിലെ പങ്കാളിത്തം**

2024 ഫെബ്രുവരി 3, 4 തീയതികളിൽ ബൽത്തങ്ങാടിയിൽ വച്ചുനടന്ന ദേശീയ എക്സിക്യൂട്ടീവ് യോഗത്തിൽ പാലാ രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും ദേശീയഭാരവാഹികളുമായ ബിനോയ് പള്ളിപ്പറമ്പിൽ, ബെന്നി മുത്തനാട്ട് എന്നിവർ പങ്കെടുത്തു.

**മേഖലാസന്ദർശനം**

മിഷൻലീഗ് പാലാ രൂപതാസമിതിയുടെ മേഖലാസന്ദർശനങ്ങൾ ഫെബ്രുവരി മാസത്തിൽ പൂർത്തിയായി. രൂപതയിലെ 17 മേഖലകളിലും രൂപതാഭാരവാഹികൾ സന്ദർശനം നടത്തുകയും റെക്കോഡുകൾ പരിശോധിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**മേഖലവാർത്ത**

**ഇലഞ്ഞിമേഖല**

ചൊവ്വാഴ്ച (30/01/2024) വൈകുന്നേരം 4.15 ന് ഇലഞ്ഞിയിൽവച്ച് മിഷൻലീഗ് മേഖല ഡയറക്ടറച്ചന് യാത്രയയപ്പു നൽകാനായി എക്സിക്യൂട്ടിവ് മീറ്റിംഗ് കൂടുകയും യാത്രയയപ്പു നൽകുകയും ചെയ്തു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**സ്വീകരണം നൽകി**

ഫെബ്രുവരി 3 ശനിയാഴ്ച കെ.സി.എസ്.എൽ.ന്റെ അസി. ഡയറക്ടറായി ചാർജ്ജെടുത്ത തോമസ് പുതുപ്പറമ്പിലച്ചനെ ഡയറക്ടർ ഫാ. ജോർജ്ജ് പുല്ലുകാലായിൽ സ്വീകരിച്ചു. പ്രസിഡന്റ് ജിജോ മാത്യു, ഓർഗനൈസർ സോജൻ കെ.ജെ, ചെയർമാൻ അലൻ എം. തോമസ്, മറ്റ് എക്സിക്യൂട്ടീവംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഫെബ്രുവരി 15 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3 മണിമുതൽ 5 മണിവരെ ഡയറക്ടർ ജോർജ്ജ് പുല്ലുകാലായിലച്ചന്റെ നേതൃത്വത്തിൽ ടീച്ചേഴ്സ് & സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഫെബ്രുവരി 17 ന് എൽ.പി. കുട്ടികൾക്കായി നടക്കുന്ന ബൈബിൾ വാക്യമത്സരത്തെക്കുറിച്ചു ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു. അവധിക്കാലത്ത് കുട്ടികൾക്കായി നടത്തുന്ന ക്യാമ്പിനെക്കുറിച്ചും ചർച്ച ചെയ്തു. എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും സന്നിഹിതരായിരുന്നു.

**യാത്രയയപ്പു നൽകി**

കെ.സി.എസ്.എൽ.ന്റെ റീജന്റ് ബ്രദറായി മൂന്നു മാസക്കാലം സേവനം ചെയ തതിനുശേഷം ജർമ്മൻ ഭാഷാപഠനത്തിനായി പോകുന്ന ബ്രദർ മാത്യു കിഴക്കേ മുഴയന്മാക്കലിന് സ്നേഹനിർഭരമായ യാത്രയയപ്പു നൽകി. ഫാ. ജോർജ്ജ് പുല്ലു കാലായിൽ, പ്രസിഡന്റ് ജിജോ മാത്യു, മറ്റ് എക്സിക്യൂട്ടീവംഗങ്ങൾ തുടങ്ങിയവർ ബ്രദറിനു പ്രാർത്ഥനാശംസകൾ നേർന്നു.

**ബൈബിൾ വാക്യമത്സരം**

കെ.സി.എസ്.എൽ.ന്റെ ആഭിമുഖ്യത്തിൽ എൽ.പി. സ്കൂളിലെ കുട്ടി കൾക്കായി സംഘടിപ്പിച്ച ബൈബിൾ വാക്യമത്സരം ഫെബ്രുവരി 17 ശനിയാഴ്ച പാലാ അൽഫോൻസാ കോളേജിൽവച്ചു നടത്തപ്പെട്ടു. 164 കുട്ടികൾ പങ്കെടുത്ത മത്സരത്തിൽ എട്ടു കുട്ടികൾ സമ്മാനാർഹരായി. പങ്കെടുത്ത കുട്ടികൾക്കെല്ലാം participation certificate നൽകി. പാലാ അൽഫോൻസാ കോളേജ് പ്രിൻസിപ്പൽ റവ. ഫാ. മാത്യു പുന്നത്താനത്തുകുന്നേൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

**ബൈബിൾ വാക്യമത്സരത്തിൽ സമ്മാനാർഹരായവർ**

Ist - EVELINA SOBICHEN , KURAVILANGADU ST. MARY'S GLPS
IInd - ANGEL JIMMY, BHARANANGANAM STLPS
IIIrd - DION K. JOBIN, CHEMMALAMATTOM LFHS

**INCENTIVE PRIZES**

1. - ANNLIYA JOY, CHEMMALAMATTOM LFHS
2. - JACOB NOEL, BHARANANGANAM STLPS
3. - MICHAEL GEORGE, BHARANANGANAM STLPS
4. - ELAINE LIJO, KURAVILANGADU ST. MARY'S GLPS
5. - ANAT MARIA P. T, BHARANANGANAM STLPS

**മികച്ച കെ.സി.എസ്.എൽ ആനിമേറ്റർ, മികച്ച കെ.സി.എസ്.എൽ. യൂണിറ്റ്**

പാലാ രൂപതയുടെ കീഴിലുള്ള എല്ലാ സ്കൂളുകളിൽനിന്നും (എയ്ഡഡ്, അൺ എയ്ഡഡ്) കെ.സി.എസ്.എൽ പ്രവർത്തനങ്ങളുടെ ഭാഗമായി മികച്ച സ്കൂളും, മികച്ച ആനിമേറ്ററെയും കണ്ടെത്തുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. നന്ദിയോടെ...**

രൂപതയോടൊപ്പം ചേർന്നുനിന്ന് ഫൊറോനകളിൽ ഡയറക്ടറായി സേവനം ചെയ്ത് പുതിയ കർമ്മപഥങ്ങളിലേക്കു യാത്രയാകുന്ന ബഹുമാനപ്പെട്ട ഡയറ ക്ടറച്ചന്മാർക്കും, ഷാലോം പാസ്റ്ററൽ സെന്ററിൽ വിവിധ ഓഫീസുകളിൽ ഡയറ ക്ടറച്ചന്മാരായി സേവനം ചെയ്യുകയും, പുതിയ കർമ്മപഥങ്ങളിലേക്ക് യാത്രയാ വുകയും ചെയ്യുന്ന ബഹുമാനപ്പെട്ട ഡയറക്ടറച്ചന്മാർക്കും ആശംസകൾ അറിയി ച്ചുകൊണ്ട് പോസ്റ്ററുകൾ ഇറക്കി.

**2. സ്വാഗതം**

ഷാലോം പാസ്റ്ററൽ സെന്ററിലെ വിവിധ ഓഫീസുകളിലേക്ക് പുതിയ ഡയറക്ടർ അച്ചന്മാരായി കടന്നുവന്ന ബഹു. അച്ചന്മാർക്ക് ഷാലോം പാസ്റ്ററൽ സെന്ററിലെ ബഹുമാനപ്പെട്ട വൈദികരോടൊപ്പം സ്വീകരണം നൽകി.

**3. യാത്രയയപ്പ്**

കഴിഞ്ഞ നാലുമാസക്കാലം എസ്.എം.വൈ.എം. പാലാ രൂപതയുടെ ബ്രദർ റീജന്റായി സേവനം ചെയ്ത്, അരമനയിലേക്കു റീജൻസിക്കായി പോയ ബ്ര. ജോർജ് പൊട്ടനാനിയിലിന് ഫെബ്രുവരി രണ്ടാം തീയതി യാത്രയയപ്പു നൽകി.

**4. ഫൊറോനാസന്ദർശനങ്ങൾ**

യുവജനവർഷ ലോഗോയും യുവജനവർഷകർമ്മപദ്ധതികളും ഫൊറോനകളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കുറവിലങ്ങാട്, കോതനല്ലൂർ, മുട്ടുചിറ, കടുത്തുരുത്തി, ഇലഞ്ഞി, ഭരണങ്ങാനം, രാമപുരം, ചേർപ്പുങ്കൽ, പാലാ എന്നീ ഫൊറോനകൾ രൂപതാഭാരവാഹികളുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും അവരോടൊപ്പം ചർച്ചകൾ നടത്തുകയും ചെയ്തു.

**5. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഫെബ്രുവരി മാസത്തെ എസ്.എം.വൈ.എം. പാലാ രൂപതയുടെ പ്രവർത്തനങ്ങളുടെ ചർച്ചയ്ക്കായി എക്സിക്യൂട്ടീവ് മീറ്റിംഗ് ഷാലോം പാസ്റ്റർ സെന്ററിൽ വച്ച് കൂടുകയും, പുതിയ കർമ്മപദ്ധതികളെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു.

**6. സോണൽ ലീഡേഴ്സ് മീറ്റിംഗ്**

പാലാ രൂപതയുടെ A,B,C,D സോൺ പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാരുടെ മീറ്റിംഗ് ഫെബ്രുവരി നാലാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ഷാലോം പാസ്റ്റർ സെന്ററിൽ വച്ചു നടത്തപ്പെട്ടു.

**7. മീഡിയസെൽ രൂപീകരണവും പരിശീലനവും**

പാലാ രൂപതയുടെ യുവജനപ്രസ്ഥാനമായ എസ്.എം.വൈ.എമ്മിന്റെ മീഡിയ സെൽ രൂപീകരണം ഫെബ്രുവരി നാലാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ഷാലോം പാസ്റ്റർ സെന്ററിൽ വച്ച് പാലാ രൂപത ദീപിക ഫ്രണ്ട്സ് ക്ലബ് ഡയറക്ടർ റവ. ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടത്തിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**8. യുവജനപ്രസ്ഥാനത്തിന്റെ മുൻ രൂപത പ്രസിഡന്റുമാരുടെ മീറ്റിംഗ്**

ജൂബിലിവർഷത്തിലെ കർമ്മപദ്ധതികളെപ്പറ്റി ചർച്ച ചെയ്യുന്നതിനും, ആശയങ്ങൾ സ്വീകരിക്കുന്നതിനുംവേണ്ടി രൂപതയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനമായ എസ്.എം.വൈ.എമ്മിന്റെ മുൻകാല രൂപത പ്രസിഡന്റുമാരുടെ മീറ്റിംഗ് ഫെബ്രുവരി പത്താം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**9. മീഡിയ സെൽ ഉദ്ഘാടനം**

പാലാ രൂപതയുടെ യുവജനപ്രസ്ഥാനമായ എസ്.എം.വൈ.എമ്മിന്റെ മീഡിയ സെൽ ഉദ്ഘാടനം ഫെബ്രുവരി പത്താം തീയതി ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് പാലാ രൂപത ദീപിക ഫ്രണ്ട്സ് ക്ലബ് ഡയറക്ടർ റവ.ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടത്തിൽ ഉദ്ഘാടനം ചെയ്തു.

**10. മീഡിയ വർക്ക്ഷോപ്പ്**

മീഡിയ സെല്ലിലെ പ്രവർത്തനങ്ങളുടെ പരിശീലനത്തിനായി മീഡിയ വർക്ക് ഷോപ്പ് ഫെബ്രുവരി പത്താം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് പാലാ രൂപത ദീപിക ഫ്രണ്ട്സ് ക്ലബ് ഡയറക്ടർ റവ. ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടത്തിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**11. ആശംസകൾ**

വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയുടെ ജീവിതം പശ്ചാത്തലമാക്കി മലയാളം, ഹിന്ദി, സ്പാനിഷ് എന്നീ ഭാഷകളിൽ പ്രദർശിപ്പിച്ച ഫെയ്സ് ഓഫ് ദ് ഫെയ്ലെസ് എന്ന ചലച്ചിത്രത്തിന്റെ പ്രമോഷന്റെ ഭാഗമായി കെ.സി.വൈ.എം സംസ്ഥാനസമിതിയും, ചിത്രത്തിന്റെ അണിയറ പ്രവർത്തകരും സംയുക്തമായി നടത്തിയ റിവ്യൂ മത്സരത്തിൽ  പാലാ രൂപതയെ പ്രതിനിധീകരിച്ച് പങ്കെടുത്തു പ്രോത്സാഹനസമ്മാനത്തിന് അർഹയായ മുൻ രൂപതാ വൈസ് പ്രസിഡന്റ് കുമാരി സെഞ്ചു ജേക്കബിന് ആശംസകൾ നേർന്നു.

**12. ആഹ്വാനം – മരിച്ചവരുടെ തിരുനാൾ**

ഫെബ്രുവരി മാസം ഒമ്പതാം തീയതി സകല മരിച്ചവരുടെയും ഓർമ്മദിവസമായി സഭ ആചരിക്കുന്നതിന്റെ ഭാഗമായി അന്നേദിവസത്തെ വിശദ്ധ കുർബാനയിൽ യുവജനങ്ങൾ പങ്കെടുക്കുകയും, പരേതർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണമെന്നു രൂപതാസമിതി സ്നേഹപൂർവ്വം യൂണിറ്റുകളോട് ആഹ്വാനം ചെയ്തു.

**13.  ആഹ്വാനം – റംശാ പ്രാർത്ഥന**

ഫെബ്രുവരി മാസം പന്ത്രണ്ടാം തീയതിമുതൽ ഉയിർപ്പുതിരുനാളോടനുബന്ധിച്ച് സഭ അമ്പതു നോമ്പ് ആചരിക്കുന്നതിന് ഭാഗമായി പതിനൊന്നാം തീയതി ഞായറാഴ്ച യുവജനങ്ങൾ ദൈവാലയത്തിൽ ഒരുമിച്ചുകൂടി റംശാ ചെല്ലണമെന്ന് രൂപതാസമിതി യൂണിറ്റുകളോട് ആഹ്വാനം ചെയ്തു.

**14. റംശാപ്രാർത്ഥന**

നോമ്പ് ആരംഭത്തോടനുബന്ധിച്ച് കടുത്തുരുത്തി ഫൊറോനയിൽ മാന്നാർ യൂണിറ്റിൽ വെച്ച് നടത്തപ്പെട്ട റംശാ പ്രാർത്ഥനയിൽ രൂപതാസമിതിയംഗങ്ങൾ പങ്കെടുത്തു.

**15. അമ്പതു നോമ്പാചരണം**

അമ്പതു നോമ്പിനോടനുബന്ധിച്ച് യുവജനങ്ങൾ അമ്പതു ദിവസവും ദൈവാലയത്തിൽ പോയി കുമ്പസാരിച്ചു ഒരുങ്ങി പരിശുദ്ധ കുർബാനയിൽ പങ്കെടുക്കണമെന്നും, വിശുദ്ധ കുർബാന യോഗ്യതയോടുകൂടി സ്വീകരിക്കണമെന്നും, അമ്പതു ദിവസത്തെയും വിശുദ്ധ കുർബാനയിലെ വചനഭാഗം ശ്രദ്ധിച്ച് അതിൽ നിങ്ങളെ ആകർഷിക്കുന്ന വചനഭാഗം ഒരു ഡയറിയിൽ കുറിച്ച് നിങ്ങളുടേതായ വാഖ്യാനം എഴുതി അമ്പതു ദിവസം പൂർത്തിയായിക്കഴിയുമ്പോൾ രൂപതാസമിതിയെ ഏൽപ്പിക്കണമെന്നും, രൂപതാസമിതി യൂണിറ്റുകളോട് ആഹ്വാനം ചെയ്തു.

**16. അമ്പതു രൂപ ചലഞ്ച്**

യുവജനവർഷത്തിൽ യുവജനപ്രസ്ഥാനം ഒരു വീട് നിർമ്മിക്കുന്നതിന്റെ ഭാഗമായി നോമ്പുകാലത്ത് ഒരു ദിവസം ഒരു രൂപവീതം 50 രൂപ ശേഖരിക്കുവാൻ യുവജനങ്ങളോട് രൂപതാസമിതി നിർദ്ദേശിച്ചു.

**17. യുവജനങ്ങളുടെ വിശുദ്ധീകരണം**

രണ്ടുമാസത്തിലൊരിക്കൽ യൂണിറ്റുകളിൽ കുമ്പസാരവും, പരിശുദ്ധ കുർബാനയും നടത്തണമെന്ന് രൂപതാസമിതി യൂണിറ്റുകളോട് ആഹ്വാനം ചെയ്തു. ഈ ആഹ്വാനത്തോടനുബന്ധിച്ച് രൂപതാസമിതി ഫെബ്രുവരി 24, 25 തീയതികളിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരുമിച്ചുകൂടുകയും വിശുദ്ധ കുർബാനയും കുമ്പസാരവും നടത്തുകയും ചെയ്തു.

**18. ക്രൂശിതനോടൊപ്പം**

അമ്പതു നോമ്പിനോടനുബന്ധിച്ച് അമ്പതു ദിവസവും ക്രൂശിതനോടൊപ്പം എന്ന പേരിൽ രൂപതാഭാരവാഹികൾ നൽകുന്ന നോമ്പുക്കാലസന്ദേശ വീഡിയോ ആദ്യദിനം രൂപതാ ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി സന്ദേശം നൽകി ഉദ്ഘാടനം ചെയ്തു.

**19. ആശംസകൾ**

2024 പ്രവർത്തനവർഷത്തിൽ പാലാ രൂപതയിൽനിന്ന് കെ.സി.വൈ.എം സംസ്ഥാന സമിതിയിലേക്കു സംസ്ഥാന ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ ഡിബിൻ ഡൊമിനിക്കിന് രൂപതാകുടുംബത്തിന്റെ ആശംസകൾ.

**20. 46-ാമത് കെ.സി.വൈ.എം. സംസ്ഥാന വാർഷിക സെനറ്റ്**

46-ാമത് കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ വാർഷികസെനറ്റ് കോട്ടപ്പുറം രൂപതയിൽവച്ചു നടത്തപ്പെട്ടു. രൂപതയിൽനിന്ന് രൂപതാഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, ജോയിൻ ഡയറക്ടർ റവ. സി. നവീന സി.എം.സി, പ്രസിഡന്റ് ശ്രീ എഡ്വിൻ ജോസി, ജനറൽ സെക്രട്ടറി ശ്രീ മിജോ ജോയി, വൈസ് പ്രസിഡന്റ് കുമാരി റ്റിൻസി ബാബു, ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി ഓടയ്ക്കൽ, സിൻഡിക്കേറ്റ് കൗൺസിലേഴ്സായ കുമാരി റിയ തെരേസ്, ശ്രീ ഡിബിൻ ഡൊമിനിക് എന്നിവർ പങ്കെടുത്തു. 2023 പ്രവർത്തനവർഷത്തിൽ കെ.സി.വൈ.എം സംസ്ഥാനസമിതിയുടെ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയതിന് വിവിധ സമ്മാനങ്ങൾ പാലാ രൂപതയ്ക്കു ലഭിക്കുകയും ചെയ്തു.

**21. ട്രഷർ ഹണ്ട് മത്സരം**

രൂപതയെയും രൂപതയുടെ വിവിധ പ്രസ്ഥാനങ്ങളെയും അറിയുക എന്ന ലക്ഷ്യത്തോടെ ഫെബ്രുവരി 24-ാം തീയതി ശനിയാഴ്ച ട്രഷർ ഹണ്ട് മത്സരം നടത്തപ്പെട്ടു.

**22. യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാം (YATP)**

2024 പ്രവർത്തനവർഷത്തിൽ യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാമിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള യുവജനങ്ങളുടെ അപേക്ഷ ക്ഷണിച്ചു.

**23. വന്യജീവി ആക്രമണത്തിൽനിന്ന് വയനാടൻജനതയെ രക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് മാനന്തവാടി രൂപതയിൽ നടത്തിയ ഉപവാസത്തിനും പ്രതിഷേധറാലിക്കും ഐക്യദാർഢ്യവുമായി പാലാ രൂപത**

വന്യജീവി ആക്രമണത്തിൽനിന്ന് വയനാടൻജനതയെ രക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് മാനന്തവാടി രൂപതയിൽ നടന്ന ഉപവാസത്തിലും, പ്രതിഷേധറാലിയിയും പാലാ രൂപത പ്രതിനിധികളായി എസ്.എം.വൈ.എം. ഗ്ലോബൽ പ്രസിഡൻറ് അഡ്വ. സാം സണ്ണി ഓടക്കിലും, കെ.സി.വൈ.എം. സംസ്ഥാന ട്രഷറർ ശ്രീ ഡിബിൻ ഡൊമിനിക്കും പങ്കെടുത്ത് രൂപതയുടെ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**24. എസ്.എം.വൈ.എം ഗ്ലോബൽ & സംസ്ഥാനസമ്മേളനവും, 'കാലാനുസൃതമായ സഭാജീവിതവും, ദൗത്യവും സീറോ മലബാർ സഭയിൽ' ചർച്ചയും**

എസ്.എം.വൈ.എം. ഗ്ലോബൽ സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ സീറോ മലബാർ സഭയുടെ രൂപതകളിലെ യുവജന പ്രസ്ഥാനത്തിന്റെ സമ്മേളനം സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ ഫെബ്രുവരി 25-ാം തീയതി ഉദ്ഘാടനം ചെയ്തു.

'കാലാനുസൃതമായ സഭാ ജീവിതവും ദൗത്യവും സീറോ മലബാർ സഭയിൽ' എന്ന വിഷയത്തെ ആസ്പദമാക്കി മാർ പോളി കണ്ണുകാടാൽ (ഇരിഞ്ഞാലക്കുട രൂപത മെത്രാൻ) പിതാവിന്റെ അധ്യക്ഷതയിൽ ഫെബ്രുവരി 25-ാം തീയതി നടത്തപ്പെട്ടു. പാലാ രൂപതയിൽനിന്ന് രൂപതഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, ജോയിൻ ഡയറക്ടർ റവ. സി. നവീന സി.എം.സി, രൂപതാ പ്രസിഡന്റ് ശ്രീ എഡ്വിൻ ജോസി, ജനറൽ സെക്രട്ടറി ശ്രീ മിജോ ജോയി, വൈസ് പ്രസിഡന്റ് കുമാരി ടെൻസി ബാബു, ട്രഷറർ ശ്രീ അൻവിൻ സോണി, എസ്.എം.വൈ.എം സിൻഡിക്കേറ്റ് അഡ്വ. പ്രതീക്ഷ രാജ്, ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി ഓടയ്ക്കൽ, കെ.സി.വൈ.എം സംസ്ഥാന ട്രഷറർ ശ്രീ ഡിബിൻ ഡൊമിനിക് എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു.

**25. ഫൊറോന ഡയറക്ടർ അച്ചന്മാരുടെ മീറ്റിംഗ്**

2024 പ്രവർത്തനവർഷത്തെ രൂപതയുടെ പ്രവർത്തനങ്ങളുടെ വിശദീകരണത്തിനും ആശയശേഖരണത്തിനുമായി ഫെബ്രുവരി 27 ചൊവ്വാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഫൊറോന ഡയറക്ടർ അച്ചന്മാരുടെ മീറ്റിംഗ് നടത്തപ്പെട്ടു.

**26. എസ്.എം.വൈ.എം – കെ.സി.വൈ.എം, AKCC, പിതൃവേദി പാലാ രൂപത പൂഞ്ഞാർ ജനങ്ങൾ പ്രതിഷേധിച്ചു.**

പൂഞ്ഞാർ പള്ളി കോമ്പൗണ്ടിൽ ലഹരി ഉപയോഗിച്ചു സാമൂഹികവിരുദ്ധർ നടത്തിയ അഴിഞ്ഞാട്ടത്തെ ചോദ്യം ചെയ്ത സഹ. വികാരി ഫാ. ജോസഫ് ആറ്റുചാലിലിനെ ആക്രമിച്ചതിനെതിരെ പാലാ രൂപത എസ്.എം.വൈ.എം, AKCC, പിതൃവേദി, പൂഞ്ഞാറിലെ ജനങ്ങൾ ശക്തമായി പ്രതിഷേധിച്ചു. പൂഞ്ഞാർ സെന്റ് മേരിസ് പള്ളിയിൽ അസിസ്റ്റന്റ് വികാരിയായ ഫാ. ജോസഫ് ആറ്റുച്ചാലിലിനെ ഈരാറ്റുപേട്ടയിൽനിന്നു വന്ന ഒരുകൂട്ടം യുവാക്കൾ ലഹരി ഉപയോഗിച്ച്

പള്ളിമുറ്റത്ത് ബൈക്ക്, കാർ റൈസിങ് നടത്തിയത് വിലക്കിയതിനെത്തുടർന്ന് ആക്രമിക്കുകയും കാർകൊണ്ട് ഇടിച്ചിടുകയും ചെയ്തു. അച്ചൻ പരിക്കുകളോടെ പാലാ മാർസ്ലീവാ മെഡിസിറ്റിയിൽ അഡ്മിറ്റാണ്. ഈ സംഭവത്തിൽ പോലീസ് ശക്തമായ അന്വേഷണം നടത്തണമന്നും പ്രതികളെ അറസ്റ്റ് ചെയ്തു നിയമത്തിന്റെ മുൻപിൽ കൊണ്ടുവരണമെന്നും പാലാ രൂപത എസ്.എം.വൈ.എം, AKCC, പിതൃവേദി തുടങ്ങിയ സംഘടനകളും പൂഞ്ഞാറിലെ ജനങ്ങളും ആവശ്യപ്പെട്ടു. എസ്.എം.വൈ.എം-കെ.സി.വൈ.എം പാലാ രൂപത പ്രസിഡന്റ് ശ്രീ എഡ്വിൻ ജോഷി, ഡയറക്ടർ റവ. ഫാ മാണി കൊഴുപ്പൻകുറ്റി എന്നിവർ പ്രതിഷേധിച്ചു പ്രസംഗിച്ചു. ശക്തമായ നിയമനടപടികൾ സ്വീകരിക്കണമെന്നു യോഗം ആവശ്യപ്പെട്ടു

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**സോണൽ ഗാതറിങ്**

ജീസസ് യൂത്ത് പാലാ സോണൽ കൗൺസിലിന്റെ നേതൃത്വത്തിൽ ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽ വെച്ച് ഫെബ്രുവരി 10 ന് രാത്രി 7:00 മണി മുതൽ നടത്തപ്പെട്ടു. പല പ്രായത്തിലുള്ള ജീസസ് അംഗങ്ങൾ ഒന്നു ചേർന്ന ഈ കൂട്ടായ്മ ഏറെ ഹൃദ്യമായിരുന്നു. വചനം വായിക്കുകയും കൂട്ടായ്മ കളെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു.

**സെക്കൻഡ് സാറ്റർഡേ ഗാതറിങ്**

2024 ഫെബ്രുവരി 10 ന് പാലാ അൽഫോൻസാ കോളേജിൽ വെച്ച് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സെക്കൻഡ് സാറ്റർഡേ ഗാതറിംഗ് നടത്തപ്പെട്ടു. വിശുദ്ധ കുർബാനയോടെ ആരംഭിച്ച പ്രോഗ്രാമിൽ നിരവധിപേർ പങ്കെടുത്തു. രാവിലെ 9:30 മുതൽ വൈകിട്ട് 3:30 വരെയാണ് പ്രോഗ്രാം നടത്തപ്പെട്ടത്. ഈശോയുടെ സ്നേഹത്തിൽ നിറഞ്ഞുകൊണ്ട് കൂടുതൽ ആനന്ദത്തിൽ ആയിരിക്കാൻ കോളേജ് വിദ്യാർത്ഥികളെ ഈ സെക്കൻഡ് സാറ്റർഡേ ഗ്യാതറിംഗ് ഏറെ സഹായിച്ചു.

2024 ഫെബ്രുവരി 10 ന് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി പാലാ അൽഫോൻസ് കോളേജിൽ വെച്ച് സെക്കൻഡ് സാറ്റർഡേ ഗാതറിംഗ് നടത്തപ്പെട്ടു. വിശുദ്ധ കുർബാനയോടുകൂടിയാണ് ഈ പ്രോഗ്രാം ആരംഭിച്ചത്. പരീക്ഷയ്ക്ക് ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും അവരെ ബഹുമാനപ്പെട്ട വൈദികൻ അനുഗ്രഹിക്കുകയും ചെയ്തു. രാവിലെ 9 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെയാണ് പ്രോഗ്രാം നടത്തപ്പെട്ടത്. പ്രോഗ്രാമിൽ ജീസസ് യൂത്ത് പാലാ കൗൺസിൽ മെമ്പർമാരായ അഖിൽ സെബാസ്റ്റ്യൻ തോമസ് ക്ലാസ് എടുത്തു.

**കുരിശിന്റെവഴി**

നോമ്പുകാലത്തോടനുബന്ധിച്ച് എല്ലാ ദിവസവും വൈകുന്നേരം 8:30 യ്ക്ക് ഓൺലൈനായി ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ കുരിശിന്റെവഴി പ്രാർത്ഥന നടത്തപ്പെടുന്നു. ഈശോയുടെ പീഡാസഹനവും മരണവും ധ്യാനിച്ചുകൊണ്ടുള്ള ഈ കുരിശിന്റെവഴി പ്രാർത്ഥന ഏറെ ഹൃദ്യമായിരുന്നു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 നു ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ച കൂട്ടായ്മ നടത്തപ്പെടുന്നു.

**നൈറ്റ് വിജിൽ**

2024 ഫെബ്രുവരി 2 ന് വൈകിട്ട് 7:00 മണി മുതൽ അൽഫോൻസ കോളജ് പാലായിൽ വച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു. ഈശോയുടെ ഒപ്പം ഈശോയുടെ സ്നേഹത്തിൽ ആയിരിക്കുവാനും കഴിഞ്ഞ മണിക്കൂറുകൾ ആയിരുന്നു കടന്നുപോയത്.

**ഹൗസ്ഹോൾഡ്**

2024 ഫെബ്രുവരി 4 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30 മണിക്ക് അരുവിത്തുറ പള്ളിയിലെ പാരിഷ് ഹാളിൽ വെച്ച് അരുവിത്തുറ ഹൗസ്ഹോൾഡ് നടത്തപ്പെട്ടു. പത്തോളം ആളുകൾ പങ്കെടുത്തു. അരുവിത്തുറ ഇടവകയിൽ പുതിയതായി സേവനമനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട വൈദികരെ പാലാ അംഗങ്ങൾ ഒന്നിച്ച് പോയി കാണുകയും ഹൗസ്ഹോൾഡിനെ പറ്റി അവരോട് പറയുകയും ചെയ്തു.

**ടീൻ ക്രിസ്റ്റോസ്**

ടീൻസ് ടീമിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചകളിലും സ്കൂൾ കുട്ടികളുടെ ദൈവാനുഭവം പങ്കുവെക്കുന്ന വീഡിയോകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

**പരീക്ഷ ഒരുക്ക പ്രാർത്ഥനാസഹായം പെട്ടി**

പരീക്ഷയ്ക്ക് ഒരുക്കമായി സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു പരീക്ഷ ഒരുക്കപെട്ടി ഓൺലൈനായി ജീസസ് യൂത്ത് പാലാ ടീൻസ് ടീമിന്റെ നേതൃത്വത്തിൽ ഒരുക്കപ്പെട്ടു. ക്യൂ.ആർ കോഡിന്റെ സഹായത്തോടെ വിദ്യാർഥികൾക്ക് അവരുടെ പരീക്ഷാദിവസവും പരീക്ഷാ വിഷയങ്ങളും രേഖപ്പെടുത്തുകയും അവർക്കുവേണ്ടി ജീസസ് യൂത്ത് പാലാ ടീൻസ് ടീം പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഏറെ വിദ്യാർത്ഥികൾക്ക് അവരുടെ പരീക്ഷാ ടെൻഷൻ കുറയ്ക്കാനും ഈശോയോടു കൂടുതൽ ചേർന്നുനിൽക്കാനും ഈ പ്രാർത്ഥനപ്പെട്ടിയിലൂടെ സാധിച്ചു.

**ഗാതറിങ്**

പാലാ ജീസസ് യൂത്ത് പ്രൊഫഷണൽ ടീമിന്റെ നേതൃത്വത്തിൽ 2024 ഫെബ്രുവരി 11 ന് ഞായറാഴ്ച പാലാ ഷലോം പാസ്റ്റർ സെന്ററിൽ വെച്ച് പ്രാർത്ഥനക്കൂട്ടായ്മ നടത്തപ്പെട്ടു. പല ജോലിമേഖലകളിലുള്ള പാലാ സോണിലെ അംഗങ്ങൾ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുകയും സന്തോഷങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

**കുരിശിന്റെ വഴി**

ജീസസ് യൂത്ത് പാലാ സോണിന്റെ വിവിധ നിയോഗങ്ങളെ സമർപ്പിച്ചു കൊണ്ട് വ്യാഴാഴ്ചകളിൽ വൈകുന്നേരം 5:30 യ്ക്ക് കുരിശിന്റവഴി ചൊല്ലി അരുവിത്തുറ വല്യച്ചൻ മല കയറി.

**ഈശോ എന്റെ വാലന്റൈൻ**

ജീസസ് യൂത്ത് പാലാ പാരിഷ് ടീമിന്റെ നേതൃത്വത്തിൽ വാലന്റൈൻസ് വാരാചരണം നടത്തി. ഈശോയെ തങ്ങൾ എങ്ങനെയാണു കാണുന്നതെന്ന് സമൂഹത്തിലെ പല ആളുകളുടെ ഒരു മിനിറ്റ് അടങ്ങുന്ന വീഡിയോകൾ സമൂഹമാധ്യമങ്ങളിലൂടെ നൽകിയാണ് വാലന്റൈൻസ് വാരാചരണം നടത്തിയത്. മുൻ ജീസസ് യൂത്ത് കോഡിനേറ്റർമാർ ഉൾപ്പെടെ ഇപ്പോൾ പാലാ ജീസസ് യൂത്ത് ആനിമേറ്ററായ സി. ലിസ്മരിയ സിഎംസി വരെയുള്ളവരുടെ ജീവിതസാക്ഷ്യങ്ങളാണ് അനേകരിലേക്ക് എത്തപ്പെട്ടത്.

**മൈനർ സെമിനാരി പ്രോഗ്രാം**

2024 ഫെബ്രുവരി 24 ന് വൈകുന്നേരം 6 മണി മുതൽ 8.30 വരെ ജീസസ് യൂത്ത് ഡയറക്ടർ ഫാ. റോഷൻ എണ്ണക്കാപ്പള്ളിലിന്റെ നേതൃത്വത്തിൽ പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിലെ ബ്രദേഴ്സിനുവേണ്ടി പ്രോഗ്രാം നടത്തപ്പെട്ടു. സെമിനാരി റെക്ടർ ഫാ. ജേക്കബ് വടക്കേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നിവരുടെ അധ്യക്ഷതയിൽ നടത്തിയ പ്രോഗ്രാമിന് ക്ലാസ്സ് നയിച്ചത് ആഷിഷ് ജോസ് ആണ്. ഏകദേശം മുപ്പത്തഞ്ചോളം ബ്രദേഴ്സ് പങ്കെടുക്കുകയും അവർക്ക് ഈശോയെ വ്യക്തിപരമായി സ്നേഹിക്കാനും ആ സ്നേഹം പങ്കുവെയ്ക്കാനുമുള്ള ബോധ്യങ്ങൾ പകരുകയും ചെയ്ത പ്രോഗ്രാം ആരാധന 4യോടെ അവസാനിച്ചു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1.** 3/2/2024 ൽ രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്നു. എ,ബി,സി,ഡി വിഭാഗങ്ങളിൽ രണ്ടാംസ്ഥാനം ലഭിക്കുന്നവർക്ക് എവർറോളിങ്ങ് ട്രോഫികൾ ഏർപ്പെടുത്താൻ തീരുമാനിച്ചു. 60 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവർക്ക് മെമന്റോ നൽകാനും തീരുമാനമായി.

**2.** 08/2/2024 ൽ രൂപത കൗൺസിൽ അടുത്ത വർഷംമുതൽ മികച്ച പ്രവർത്തനം നടത്തുന്ന ഫൊറോനകൾക്കും ട്രോഫികൾ ഏർപ്പെടുത്താൻ തീരുമാനിച്ചു. കുടുംബക്കൂട്ടായ്മ രൂപതാ കൗൺസിലും റിസോഴ്സ് ടീമും നടത്തുന്ന ബൈബിൾ പാരായണം (15 മിനിട്ട്, വ്യക്തിപരം) ഇടവകകളിലും വലിയ നോമ്പിനോടനുബന്ധിച്ച് ആരംഭിച്ചു. ബഹു. വികാരിയച്ചന്മാരുടെ അനുമതിതേടി എല്ലാ ഇടവകകളിലും ബൈബിൾ പാരായണം നടത്താൻ തീരുമാനമായി.

**3.** 15/5/2024 ൽ ഇവാഞ്ചലൈസേഷൻ അസിസ്റ്റന്റ് ഡയറക്ടർ ബഹു. തോമസ് പുതുപ്പറമ്പിൽ അച്ചന് രൂപതാനേതൃത്വത്തിന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി.

**4.** 20/2/2024 (സംയുക്ത യോഗം) വിവിധ കമ്മിറ്റികൾ രൂപീകരിച്ചു ചുമതലകൾ പങ്കിട്ട് നൽകി.

**5.** 24/2/2024 ൽ പാലാ രൂപത കുടുംബക്കൂട്ടായ്മയുടെ 26-ാമത് വാർഷികം ഉച്ച കഴിഞ്ഞ് 2 ന് പാലാ ലാളം പഴയപള്ളി പാരിഷ് ഹാളിൽ വച്ച് നടന്നു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. 'ദൈവംതന്നെ കൂട്ടായ്മയാണ്. ദൈവം മനുഷ്യനിൽനിന്നും ആഗ്രഹിക്കുന്നതും കൂട്ടായ്മയാണ്. കൂട്ടായ്മയുടെ പ്രവർത്തനംമൂലമാണ് രൂപത ഒറ്റക്കെട്ടായി പോകുന്നതെന്നും' കൂട്ടായ്മവാർഷികം ഉദ്ഘാടനം ചെയ്തു അഭിവന്ദ്യ പിതാവ് പറഞ്ഞു. രൂപത പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസഫ് പയ്യാനി മണ്ഡപത്തിൽ അധ്യക്ഷത വഹിച്ചു. രൂപതാഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സ്വാഗതം ആശംസിച്ചു. വികാരി ജനറാൾ സെബാസ്റ്റ്യൻ വേത്താനത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. ലാളം പഴയപള്ളി വികാരി റവ. ഫാ. ജോസഫ് തടത്തിൽ, സീറോമലബാർ കുടുംബക്കൂട്ടായ്മ ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ലോറൻസ് തൈക്കാട്ടിൽ എന്നിവർ ആശംസപ്രസംഗങ്ങൾ നടത്തി. ശ്രീ ബാബു പോൾ പെരിയപ്പുറം റിപ്പോർട്ട് അവതരിപ്പിക്കുകയും ശ്രീമതി ജോളി തോമസ് കൃതജ്ഞതയും പറഞ്ഞു. A, B, C, D വിഭാഗങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ ഇടവകകൾക്ക് ട്രോഫികൾ വിതരണം ചെയ്തു. A വിഭാഗം ഫസ്റ്റ് - സെന്റ് അൽഫോൻസാ ചർച്ച് പയ്യാനിത്തോട്ടം, സെക്കൻഡ് - സെന്റ് മേരീസ് ചർച്ച് കാക്കൊമ്പ്, B വിഭാഗം ഫസ്റ്റ് - സേക്രഡ് ഹാർട്ട് ചർച്ച് ഉള്ളനാട്, സെക്കൻഡ് - സെന്റ് മരിയ ഗൊരേത്തി ചർച്ച് കാവുംകണ്ടം, C വിഭാഗം ഫസ്റ്റ് - സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് സിബിഗിരി മുട്ടം, സെക്കൻഡ് - സെന്റ് മേരീസ് ചർച്ച് ഏന്തയാർ. ഡി വിഭാഗം ഫസ്റ്റ് - സെന്റ് മേരിസ് ഫൊറോന ചർച്ച് കടുത്തരുത്തി, സെക്കൻഡ് - മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ചർച്ച് കുറവിലങ്ങാട്. ഇതുകൂടാതെ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ച 22 ഇടവകകളെ മെമെന്റോ നൽകി ആദരിച്ചു. സമ്പൂർണ്ണ ബൈബിൾ പകർത്തി എഴുതിയ വ്യക്തികളെ പൊന്നാടയണിക്കുകയും ചെയ്തു. സ്നേഹവിരുന്നോടെ വാർഷികം സമാപിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

**ഫെബ്രുവരി 9-11** തീയതിയിലെ വിവാഹ ഒരുക്ക സെമിനാറിൽ 123 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**മാർച്ച് 7-9, 25-27, ഏപ്രിൽ 8-10, 22-24, മെയ് 10-12, 24-26** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ഫെബ്രുവരി മാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ പ്രൊഫ. ആൻസി ജോർജ് ക്ലാസ്സെടുത്തു. 211 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

**4. മീറ്റിങ്**

ഫെബ്രുവരി 1,2 തീയതികളിൽ കാന ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ, ആനിമേറ്റർ, റിസോഴ്സ് പേഴ്സൺ സംഗമത്തിലും സെമിനാറിലും ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ ആറു അംഗങ്ങൾ പങ്കെടുത്തു.

**5. യാത്രയയപ്പ്**

3 മാസക്കാലം ഫാമിലി അപ്പോസ്തലേറ്റിൽ റീജന്റായി ശുശ്രൂഷ ചെയ്ത് ജർമ്മൻ പഠനത്തിനായി പോകുന്ന ബ്രദർ മാത്യു കിഴക്കേമുഴയൻമാക്കലിന് സ്നേഹനിർഭരമായ യാത്രയയപ്പ് നൽകി.

**6. സ്വാഗതം**

ഫാമിലി അപ്പോസ്തലേറ്റിൽ റീജന്റായി വന്ന ബ്രദർ ബോബിൻ അരീപ്ലാക്കലിനെ ഫാമിലി അപ്പോസ്തലേറ്റ് കുടുംബാംഗങ്ങൾ സ്വാഗതം ചെയ്തു.

## B. പിതൃവേദി

**1. മേഖലവാർഷികം**

ഫെബ്രുവരി 18-ാം തീയതി പിതൃവേദി ഭരണങ്ങാനം മേഖലയുടെ മേഖല വാർഷികം നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം നടത്തി. ഭരണങ്ങാനം മേഖല പ്രതിനിധികൾ പരിപാടികൾക്കു നേതൃത്വം നൽകി.

**2. രൂപത എക്സിക്യൂട്ടീവ് മീറ്റിങ്**

ഫെബ്രുവരി 19-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത എക്സിക്യൂട്ടീവ് മീറ്റിങ് കൂടുകയും ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ പ്രവർത്തനവർഷ ഉദ്ഘാടനത്തെക്കുറിച്ച് ചർച്ച നടത്തി തീരുമാനിച്ചു.

**3. പ്രവർത്തനവർഷമാർഗരേഖപ്രകാശനം**

ഫെബ്രുവരി 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് പാലാ ബിഷപ്സ് ഹൗസിൽ വച്ച് പിതൃവേദിയുടെ 2024-2025 വർഷത്തേക്കുള്ള പ്രവർത്തനവർഷമാർഗ്ഗരേഖ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രകാശനം ചെയ്തു. അരമനയിൽ വച്ചു നടന്ന ചടങ്ങിൽ പിതൃവേദി ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സ്വാഗതം ആശംസിച്ചു. 2024-2025 വർഷത്തെ മാർഗ്ഗരേഖ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് രൂപത പിതൃവേദി പ്രസിഡന്റ് ജോസ് തോമസ് മുത്തനാട്ടിന് നൽകി പ്രകാശനം ചെയ്തു. ചടങ്ങിൽ സെക്രട്ടറി ടോമി തുരുത്തി

ക്കര, ബിൻസ് തൊടുകയിൽ, മാത്യു പൈലോ, ജോസുകുട്ടി ജോസഫ്, ജോസഫ് വടക്കേൽ, ജോർജ് നരിക്കാട്ട്, ടോമി ചാത്തംകുന്നേൽ എന്നിവർ സന്നിഹിതരായിരുന്നു.

**4. പ്രവർത്തനവർഷ ഉദ്ഘാടനം**

പിതൃവേദി പ്രവർത്തനവർഷ ഉദ്ഘാടനം 23-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. പ്രസിഡന്റ് ജോസ് തോമസ് മുത്തനാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സ്വാഗതം ആശംസിച്ചു. സെക്രട്ടറി ടോമി തുരുത്തിക്കര മാർഗരേഖ പരിചയപ്പെടുത്തി. സമ്മേളനത്തിന് ബിൻസ് തൊടുകയിൽ, മാത്യു പൈലോ, ജോസുകുട്ടി ജോസഫ്, ജോസഫ് വടക്കേൽ, ജോർജ് നരിക്കാട്ട്, മാത്യു സേവ്യർ, ബിനു ജോസഫ്, ഫ്രാൻസീസ് പാറപ്ലാക്കൽ, സെബാസ്റ്റ്യൻ പനയ്ക്കക്കുഴി തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി. വിവിധ ഇടവകകളിൽനിന്നായി നൂറ്റിയിരുപത്തഞ്ചോളം പിതാക്കൻമാർ പരിപാടിയിൽ പങ്കെടുത്തു.

**5. പുതിയ യൂണിറ്റ്**

കീഴൂർ ഇടവകയിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, പ്രസിഡന്റ് ജോസ് തോമസ് മുത്തനാട്ട്, സെക്രട്ടറി ബിൻസ് തൊടുകയിൽ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

## C. മാതൃവേദി

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

ഫെബ്രുവരി 8-ാം തീയതി ഉച്ചകഴിഞ്ഞ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി. മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

**2. സീറോ മലബാർ മാതൃവേദി ഗ്ലോബൽ മീറ്റിംഗ്**

സീറോ മലബാർ മാതൃവേദി ഗ്ലോബൽ മീറ്റിംഗ് ഫെബ്രുവരി 15,16,17 തീയതികളിൽ താമരശ്ശേരിയിൽ വച്ച് നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും രൂപതാസമിതിയംഗങ്ങളായ സിജി ലൂക്ക്സൺ പടന്നമാക്കൽ, ഷേർളി ചെറിയാൻ മഠത്തിപ്പറമ്പിൽ, സുജ ജോസഫ് കുപ്പമലയിൽ എന്നിവർ പങ്കെടുത്തു. മാതൃവേദിയുടെ കഴിഞ്ഞ ഒരു വർഷത്തെ രൂപത റിപ്പോർട്ട് രൂപത സെക്രട്ടറി ഷേർളി ചെറിയാൻ അവതരിപ്പിച്ചു. തദവസരത്തിൽ സീറോ മലബാർ മാതൃവേദി ഗ്ലോബൽ ഡയറക്ടറി താമരശ്ശേരി രൂപത മെത്രാൻ മാർ റെമിജിയോസ് ഇഞ്ചനാനി പ്രകാശനം ചെയ്ത് പാലാ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിനു നൽകി.

## D. പ്രോലൈഫ്

**1. മീറ്റിംഗ്**

പാലാ രൂപതയിലെ പ്രോലൈഫ് സമിതി മീറ്റിംഗ് കൂടി മാനന്തവാടിയിലെ അജീഷിന്റെ ദാരുണാന്ത്യത്തിൽ അനുശോചനം അറിയിച്ചു. രൂപത ഡയറക്ടർ

റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത പ്രസിഡന്റ് ശ്രീ മാത്യു എം. കുര്യാക്കോസ്, സെക്രട്ടറി ഡോ. ഫെലിക്സ് ജെയിംസ്, സംസ്ഥാന ആനിമേറ്റർ സി. മേരി ജോർജ്, സി. ബ്ലസ്സി ജോസ്, ശ്രീ യുഗേഷ് തോമസ്, ജോളി യുഗേഷ്, റോസമ്മ സണ്ണി, മോളി ടോമി, വി.ഡി. ജോർജ്, സിബി നീണ്ടൂർ, പി.എം. മാത്യു, തോമസ് പി.ജെ എന്നിവർ പ്രസംഗിച്ചു.

## E. സീറോ മലബാർ പാലാ മാട്രിമണി

### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

### 2. ഓൺലൈൻ മീറ്റിങ്

സീറോ മലബാർ മാട്രിമണിയുടെ ഡയറക്ടേഴ്സിനും സ്റ്റാഫ് അംഗങ്ങൾക്കും ഓൺലൈനായി ഫെബ്രുവരി 19-ാം തീയതി മീറ്റിങ് നടത്തി. മാട്രിമണിയുടെ സൈറ്റിനെക്കുറിച്ചും കൂടുതലായി വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് വിശകലനം ചെയ്യുകയും ചെയ്തു.

### 3. ഇടവകസന്ദർശനം

ഫെബ്രുവരി 14-ാം തീയതി കുറവിലങ്ങാട് ഫൊറോനയിലും, 22-ാം തീയതി പ്രവിത്താനം ഫൊറോനയിലും മാസധ്യാനത്തിൽ പങ്കെടുത്ത് നമ്മുടെ ഇടവകയിലെ യുവതി യുവാക്കൻമാർക്ക് വിവാഹജീവിതത്തിലേക്കു പ്രവേശിക്കുവാൻ സീറോ മലബാർ സഭ പുതിയതായി ഒരുക്കിയിരിക്കുന്ന സീറോ മലബാർ മാട്രിമോണി സൈറ്റിനെക്കുറിച്ച് സംസാരിച്ചു.

## F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമ കുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംമ്പോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — **7306293048**

**G. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴി ഫെബ്രുവരി മാസത്തിൽ കൊണ്ടാട് ഇടവകയിലെ പെൺകുട്ടിക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**രൂപതാകമ്മിറ്റി**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാക്കമ്മിറ്റി 11-02-2024 ൽ രൂപത ഓഫീസിൽ ചേർന്നു. പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു.

തീരുമാനങ്ങൾ

**1. തിരഞ്ഞെടുപ്പ്**

2024-27 വർഷത്തേക്കുള്ള യൂണിറ്റുതല തിരഞ്ഞെടുപ്പ് നടത്തുന്നതിന് ഫൊറോനാ തിരിച്ചു ചുമതലകൾ നല്കി.

| | |
|---|---|
| കൂട്ടിക്കൽ | ജോൺസൺ ചെറുവള്ളി |
| | സാബു പൂണ്ടിക്കുളം |
| പൂഞ്ഞാർ | ജോൺസൺ ചെറുവള്ളി |
| | ജോഷി പള്ളിപ്പറമ്പിൽ |
| തീക്കോയി | പയസ്സ് കവളംമാക്കൽ |
| | സാന്റോ പുല്ലാട്ട് |
| അരുവിത്തുറ | അഡ്വ. ജോൺസൺ വീട്ടിയാങ്കൽ |
| മൂലമറ്റം | എം.എം. ജേക്കബ് |
| | ഫ്രാൻസിസ് കരിമ്പാനി |
| തുടങ്ങനാട് | എഡ്വിൻ പാമ്പാറ |
| | ജീസ് മോൻ നെല്ലൻകുഴിയിൽ |
| കടനാട് | ജോസ് ജോസഫ് മലയിൽ |
| | ബിനു വള്ളോംപുരയിടം |
| രാമപുരം | സാജു അലക്സ് തെങ്ങുംപള്ളിക്കുന്നേൽ |
| | ജോസിൻ പുതിയിടത്തുചാലിൽ |
| ഇലഞ്ഞി | സി.എം. ജോർജ് |
| | ബെന്നി പനയ്ക്കത്തടം |
| കടുത്തുരുത്തി | റ്റോമി കണ്ണീറ്റുമ്യാലിൽ |
| | ജോസ് വട്ടുകുളം |
| മുട്ടുചിറ | റ്റോമി കണ്ണീറ്റുമ്യാലിൽ |
| | ജോസ് വട്ടുകുളം |

| | |
|---|---|
| കോതനല്ലൂർ | സി.എം. ജോസഫ് |
| | റ്റോമി കണ്ണീറ്റുമ്യാലിൽ |
| കുറവിലങ്ങാട് | ഇമ്മാനുവൽ നിധീരി |
| | നിധീഷ് നിധീരി |
| ചേർപ്പുങ്കൽ | ജോയി കെ. മാത്യു |
| പ്രവിത്താനം | ഡയറക്ടർ & ടീം |
| ഭരണങ്ങാനം | ഡയറക്ടർ & ടീം |
| പാലാ | ഡയറക്ടർ & ടീം |

എല്ലാ ഫൊറോനാ പ്രസിഡന്റുമാരും സെക്രട്ടറിമാരും ഇവർക്കുവേണ്ട സഹകരണങ്ങൾ നല്കണമെന്നും മാർച്ച് 10 നുമുമ്പായി തിരഞ്ഞെടുപ്പുകൾ നടത്താൻ ശ്രദ്ധിക്കണമെന്നും തീരുമാനിച്ചു.

**അംഗത്വവിതരണം**

കത്തോലിക്കാ കോൺഗ്രസിന്റെ അംഗത്വ നവീകരണവും പുതുതായി അംഗങ്ങളെ ചേർക്കുന്നതിന്റെയും പാലാ രൂപതാതല ഉദ്ഘാടനം രൂപതാ ഡയറക്ടർ വെരി റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ രാമപുരം ഫൊറോനാ അംഗം തോമസ് പുളക്കപ്പടവിന് നല്കിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. എമ്മാനുൽ നിധീരി, ജോസ് വട്ടുകുളം, ജോബിൻ പുതിയിടത്തുചാലിൽ സണ്ണിമോൻ മിറ്റത്താനി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

**കർഷകപ്രതിഷേധധർണ**

വന്യമൃഗശല്യത്തിനു ശാശ്വതപരിഹാരം വേണമെന്നും സർക്കാർ ഉടനടി പരിഹാരം ഉണ്ടാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വനംവകുപ്പിന്റെ നിഷ്ക്രിയത്തിനുമെതിരേ കമ്മിറ്റിയുടെ നേതൃത്വത്തിൽ പാലാ പോസ്റ്റോഫീസ് പടിക്കൽ പ്രതിഷേധധർണ നടത്തി. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ച് റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, സണ്ണി അലക്സ്, ജോൺസൺ വീട്ടിയാങ്കൽ തുടങ്ങിയവർ സംസാരിച്ചു.

**പൂഞ്ഞാർ ഫൊറോന**

വന്യമൃഗങ്ങളെ നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ട വനംമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പട്ടുകൊണ്ട് വയനാട്ടിലെ കർഷകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പൂഞ്ഞാർ ഫൊറോന കമ്മിറ്റി സമ്മേളനം നടത്തി. മേഖലപ്രസിഡന്റ് ജോർജ് തൊടുവനാൽ അധ്യക്ഷത വഹിച്ചു. ജോഷി പള്ളിപ്പറമ്പിൽ, ജോയി തെക്കേൽ തുടങ്ങിയവർ സംസാരിച്ചു.

**ഇലഞ്ഞി ഫൊറോന**

ഇലഞ്ഞി മേഖല അംഗത്വവിതരണ ഉദ്ഘാടനം ഡയറക്ടർ പെരിയ റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ നിർവഹിച്ചു. പ്രസിഡന്റ് ജയിംസ് കുറ്റിക്കോട്ടയിൽ അധ്യക്ഷത നിർവഹിച്ചു. ബേബി ആലുങ്കൽ, റോയി ചുമ്മാർ തുടങ്ങിയവർ സംസാരിച്ചു.

**അഭിനന്ദനങ്ങൾ**

ദീപിക ദിനപത്രത്തിന്റെ അവാർഡിന് അർഹനായ കത്തോലിക്കാ കോൺഗ്രസ് മുൻപ്രസിഡന്റ് ജോൺ കച്ചിറമറ്റത്തിനും കഴിഞ്ഞ 40 വർഷമായി വിശ്വാസപരിശീലനരംഗത്തു പ്രവർത്തിക്കുന്നിന് പാലാ രൂപതയുടെ അവാർഡിന് അർഹനായ കത്തോലിക്കാ കോൺഗ്രസ് മുൻ ഗ്ലോബൽ വൈസ് പ്രസിഡന്റും രൂപത പ്രസിഡന്റുമായിരുന്ന സാജു അലക്സ് തെങ്ങുംപള്ളിക്കുന്നേലിന് കത്തോലിക്കാ കോൺഗ്രസ് കുടുംബാംഗങ്ങളുടെ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**ആദരാഞ്ജലികൾ**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത മുൻ സെക്രട്ടറിയായിരുന്ന ശ്രീ തോമസ് സി. മാഞ്ഞൂരാന്റെയും മുൻകർഷകവേദി ചെയർമാനായിരുന്ന ശ്രീ ബേബി ജോസഫ് ഇടക്കരപുത്തൻപുരയുടെയും പയസ്മൗണ്ട് യൂണിറ്റു വൈസ് പ്രസിഡന്റ് ശ്രീ പി.റ്റി. ജോസഫ് പാമ്പാറയുടെ നിര്യാണത്തിൽ ആദരാഞ്ജലികളും പ്രാർഥനകളും നേരുന്നു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**യാത്രയയപ്പും സ്വീകരണവും**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ അസി. ഡയറക്ടറായിരുന്ന റവ. ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ, മണ്ണാറപ്പാറ സെന്റ് സേവ്യേഴ്സ് പള്ളിയിലേക്ക് യാത്രയയ്പ്പു നല്കി. പുതിയ അസി. ഡയറക്ടറായി ഇമ്മാനുവൻ കാഞ്ഞിരത്തുങ്കലിനു സ്വീകരണം നല്കി.

**തേനീച്ച കർഷകസംഗമം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രമോട്ടുചെയ്യുന്ന പാലാ ഹരിതം FPO യുടെ ബോർഡ് മെമ്പേഴ്സിനും ഷെയർ ഹോൾഡേഴ്സിനുംവേണ്ടി ഏകദിനശില്പശാല സംഘടിപ്പിച്ചു. തേനിന്റെ മൂല്യവർദ്ധിത ഉത്പന്നനിർമ്മാണവും വിപണനവും ലക്ഷ്യംവച്ചുകൊണ്ട് ആരംഭിക്കുന്ന തേൻ സംരംഭത്തിന്റെ പ്രവർത്തനങ്ങൾക്കു തുടക്കമായി. പാലാ കരൂർ സ്റ്റീൽ ഇന്ത്യ, ക്യാമ്പസിന് അനുബന്ധമായി അഗ്രോ ഇൻഡസ്ട്രിയൽ പാർക്കിലാണു ഫാക്ടറി അരംഭിച്ചത്. തേനിച്ചകർഷകസംഗമത്തിന്റെ ഉദ്ഘാടനം മുൻസിപ്പൽ ആക്ടിംഗ് ചെയർപേഴ്സൺ ശ്രീമതി ലീന സണ്ണി പുരയിടം നിർവ്വഹിച്ചു. PSWS ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന തേനീച്ച കർഷക അവാർഡു ജേതാവ് ശ്രീ പി.കെ. രാജു കട്ടപ്പന ക്ലാസ്സുകൾ നയിച്ചു.

**പഠനയാത്ര**

പാലാഹരിതം FPO യുടെ ആഭിമുഖ്യത്തിൽ തേനിൽനിന്നു വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കി നല്കുന്ന ചെറുകിട സംരംഭകരാവാൻ താത്പര്യമുള്ളവർക്കായി തേനീച്ചക്കർഷക അവാർഡുജേതാവ് ശ്രീ റ്റി.കെ. രാജു കട്ടപ്പ

നയുടെ ഹണി നഗറിലേക്ക് പഠനയാത്ര നടത്തി. അമ്പതിലധികം തേനീച്ചകർഷകർ പരിപാടിയിൽ പങ്കെടുത്തു.

**ശിലാസ്ഥാപനംകർമ്മം**

PSWS പാലായുടെ മുണ്ടുപാലം സ്റ്റീൽ ഇന്ത്യ കാമ്പസിൽ ആരംഭിക്കുന്ന അഗ്രോ ഇൻഡസ്ട്രിയൽ പാർക്കിൽ പാലാ സാന്തോം ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ കാർഷികമൂല്യവർദ്ധിതസംരംഭത്തിന്റെ ശിലാസ്ഥാപനം മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. രൂപത മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ, മുനിസിപ്പൽ ചെയർമാൻ ഷാജു വി. തുരുത്തേൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ ജോസഫ് കണിയോടിക്കൽ, PSWS ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**സന്ദർശനം നടത്തി**

സ്റ്റേറ്റ് ഹോർട്ടികോർപ്പ് മിഷൻ ടീം പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ അഗ്രിമ സെൻട്രൽ നഴ്സറിയിൽ നടത്തുന്ന കാബേജ്, കോളിഫ്ളവർ കൃഷിയിടങ്ങൾ സന്ദർശിച്ചു. കൃഷി പ്രോത്സാഹനമായി സാമ്പത്തികഅവാർഡും ലഭിച്ചു.

**വിളവെടുപ്പുത്സവം**

അഗ്രിമ സെൻട്രൽ നഴ്സറിയിൽ കൃഷി ചെയ്ത പാവൽ, വെണ്ട, കോവയ്ക്ക, കാബേജ്, കോളിഫ്ളവർ, മുളക് എന്നിയിനങ്ങളുടെ വിളവെടുപ്പ് നടത്തി. രൂപത വികാരി ജനറാൾ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് പരിപാടി ഉദ്ഘാടനം ചെയ്തു. ഷലോം പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, PSWS ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർ, രൂപതാ ഓഫീസിലെ വിവിധ വകുപ്പുകളുടെ ചുമതലക്കാരായ ബഹു. വൈദികർ, പൊതുജനങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു. പാവയ്ക്ക 700 കിലോ, കോവയ്ക്ക 180 കിലോ, വെണ്ടയ്ക്ക 150 കിലോ, മുളക് 100 കിലോ, കോളിഫ്ളവർ 40 എണ്ണം, കാബേജ് 500 എണ്ണം എന്നിവയാണ് വിളവെടുപ്പിലൂടെ ലഭിച്ചത്.

**വിത്തുബാങ്ക്**

അഗ്രിമ സെൻട്രൽ നഴ്സറിയിൽ കൃഷിചെയ്ത പച്ചക്കറിയിനങ്ങളിൽനിന്ന് കലർപ്പില്ലാത്ത വിത്തിനങ്ങൾ ശേഖരിച്ച് വില്പനയ്ക്കു തയ്യാറാക്കി. ആനക്കൊമ്പൻ വെണ്ട, ഉജ്ജ്വല മുളക്, ചതുരപ്പയർ, വാളിപ്പയർ, എന്നിവയുടെ വിത്തിനങ്ങൾ വില്പനയ്ക്കു തയ്യാറാണ്.

**ജൽജീവൻ മിഷൻ**

ജൽജീവൻ മിഷന്റെ ഭാഗമായി പാലാ സേഷ്യൽവെൽഫെയർ സൊസൈറ്റിയുടെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ ISA ആയി തിരഞ്ഞെടുക്കുകയും ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും പൊതുപ്രവർത്തകർക്കുമായി രണ്ടു ശില്പശാലകൾ നടത്തി. PSWS ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽചേർന്ന യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ തോമസ് മാളിയേക്കൽ ശില്പശാല ഉദ്ഘാടനം ചെയ്തു. PSWS, PRO യും ജൽജീവൻ പ്രോജക്റ്റ് മാനേജരുമായ ശ്രീ ഡാന്റീസ് കൂനാനിക്കൽ ക്ലാസ്സുകൾ നയിച്ചു.

**ലോകക്യാൻസർ ദിനാചരണം**

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി മൂലമറ്റം ഫൊറോനായിൽ ലോകക്യാൻസർദിനം ആചരിച്ചു. മാർസ്ലീവ, മെഡിസിറ്റിയുടെയും മൂലമറ്റം ബിഷപ് വയലിൽ മെഡിക്കൽ സെന്ററിന്റെയും സഹകരണത്തോടെ SHGLകർഷകദളം അംഗങ്ങൾക്കായി ജീവിതശൈലിബോധനസെമിനാറും ആരോഗ്യപരിശോധനക്യാമ്പും നടത്തി. മാർസ്ലീവാ മെഡിസിറ്റി മെഡിക്കൽ ഓങ്കോളജി അസ്സോസിയേറ്റ് കൺസൾട്ടന്റ് ഡോ. രവിശങ്കർ റ്റി.ആർ. ക്ലാസു നയിച്ചു. മൂലമറ്റം ഫൊറോന വികാരി ഫാ. കുര്യൻ കാലായിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ബിഷപ് വയലിൽ മെമ്മോറിയൽ സെന്റർ ടീം ആരോഗ്യപരിശോധനയ്ക്കു നേതൃത്വം നല്കി. നൂറിലധികം പേർ ക്യാമ്പിൽ പങ്കെടുത്തു.

**ഷോർട്ട് ഫിലിം മത്സരം: അവാർഡ്**

ജൽജീവൻ മിഷൻ, ജലനിധി പദ്ധതികളുടെ ഭാഗമായി കോട്ടയം ജില്ലയിലെ സ്കൂളുകൾക്കായി കേരളാ റൂറൽ വാട്ടർസപ്ലേ ആന്റ് സാനിറ്റേഷൻ ഏജൻസിയുടെ സഹായത്തോടെ PSWS നടത്തിയ ഷോർട്ട്ഫിലിം മത്സരത്തിൽ ഉള്ളനാട് സേക്രട്ട് ഹാർഡ് യു.പി. സ്കൂൾ ഒന്നാം സ്ഥാനവും, ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ രണ്ടാം സ്ഥാനവും ഉരുളികുന്നം സെന്റ് ജോർജ് യു.പി. സ്കൂൾ ഒന്നാം സ്ഥാനവും കരസ്ഥമാക്കി.

**സജീവം – ലഹരിവിരുദ്ധയജ്ഞം**

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ നടത്തുന്ന സജീവം ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി രാമപുരം മാർ അഗസ്തീനോസ് കോളേജിലെ MSW കുട്ടികൾക്കായി ബോധനസെമിനാർ നടത്തി. ബാംഗ്ലൂർ ആസ്ഥാമായി പ്രവർത്തിക്കുന്ന DREAMS ന്റെ ജില്ലാകോർഡിനേറ്റർ ഗ്രീഷ്മ തോമസ് ക്ലാസ്സുകൾ നയിച്ചു. PSWS പ്രോജക്റ്റ് ഓഫീസർ സി. ലിറ്റിൽ തെരേസ് പ്രതിജ്ഞ ചൊല്ലികൊടുത്തു.

**SHG/കർഷകദള വാർത്തകൾ**

വിവിധ ഫൊറോനാകളിൽനിന്ന് സ്ഥലംമാറ്റം ലഭിച്ചുപോകുന്ന ബഹു. ഡയറക്ടറച്ചന്മാർക്ക് യാത്രയയപ്പു നല്കുകയും സ്ഥലംമാറിവന്ന ബഹു. വൈദികർക്ക് സ്വീകരണവും എല്ലാ സ്വാശ്രയസംഘം പ്രതിനിധികളുടെയും നേതൃത്വത്തിൽ നടത്തപ്പെട്ടു.

17 ഫൊറോനാകളിലും 2024 ഫെബ്രുവരി മാസത്തിൽ സോണൽ മീറ്റിംഗുകൾ നടത്തി. എട്ടു ഫൊറോനകളിൽ വാർഷികാഘോഷങ്ങളും വിപുലമായി നടത്തി. PSWS ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അസി. ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ഇമ്മാനുവൽ കാഞ്ഞിരത്തുങ്കൽ സോണൽ കോർഡിനേറ്റർ പരിപാടികളിൽ പങ്കെടുത്തു.

എല്ലാ സ്വാശ്രയസംഘങ്ങളും പ്രതിമാസ അവലോകന മീറ്റിംഗുകൾ നടത്തി. ഇടവക വികാരിയച്ചന്മാർ/ അസി. വികാരിയച്ചന്മാർ അവലോകന മീറ്റിംഗുകൾക്ക് നേതൃത്വം നല്കി.

ചക്കാമ്പുഴ ദീപം, കൂടല്ലൂർ, കുറിച്ചിത്താനം, ഉാലം ഓൾഡ്, മറ്റത്തിപ്പാറ തുടങ്ങിയ സ്വാശ്രയസംഘങ്ങൾ വരുമാനദായകപ്രവർത്തനങ്ങളായ സംഘക്കൃഷി, ഫുഡ് ഫെസ്റ്റ്, പഴം/പച്ചക്കറികൾ, തുടങ്ങിയവ നടത്തി.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**ഡി.സി.എം.എസ്. രൂപത സ്കോളർഷിപ്പ് വിതരണം**

പാലാ രൂപതയിലെ ദളിത് കത്തോലിക്കാ കുട്ടികളുടെ സമഗ്ര ഉന്നമനത്തിനായി ഡി.സി.എം.എസ്. സംഘടന നല്കുന്ന ഡിസിഎംഎസ്. പാലാ രൂപത സ്കോളർഷിപ്പ്, കലാ-കായിക മത്സരങ്ങളിൽ മികവ് തെളിയച്ചവർക്കുള്ള കലാനിധി സ്കോളർഷിപ്, എന്നിവയുടെ വിതരണം 2024 ഫെബ്രുവരി 11 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ ബിഷപ്സ് ഹൗസിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുകയുണ്ടായി. രൂപതാപ്രസിഡന്റ് ശ്രീ ബിനോയ് ജോൺ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതം ആശംസിച്ചു. തുടർന്നുനടന്ന ഉദ്ഘാടനപ്രസംഗത്തിൽ സംഘടനയുടെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവിധ പിന്തുണയും ഉണ്ടാവും എന്നു പിതാവ് പറഞ്ഞു. കൂടാതെ, വരുംകാലാ സംസാര ഭാഷയായ ആർട്ടിഫിഷ്യൽ ഇന്റലിജെൻസിനെക്കുറിച്ചും കുട്ടികൾക്കും മാതാപിതാക്കൾക്കും അറിവുപകർന്നു നല്കുകയും ചെയ്തു. തുടർന്ന്, പിതാവ് സ്കോളർഷിപ്പ് വിതരണോദ്ഘാടനം നിർവ്വഹിച്ചു. SSLC വിഭാഗത്തിൽ 37 ഉം, +2 വിഭാഗത്തിൽ 43 ഉം, ഡിഗ്രി-BSc, BSc. നേഴ്സിംഗ് വിഭാഗത്തിൽ 12 ഉം, വേദപാഠം വിഭാഗത്തിൽ 10 ഉം, കലാനിധിവിഭാഗത്തിൽ 10 ഉം സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. DCMS സംസ്ഥാന സെക്രട്ടറി ശ്രീമതി ബിജി സാലസ് യോഗത്തിന് ആശംസകൾ അർപ്പിച്ചു. രൂപതാ സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി യോഗത്തിനു കൃതജ്ഞത അർപ്പിച്ചു.

**രൂപതാ കമ്മിറ്റി**

2024-25 വർഷത്തെ കർമ്മപരിപാടികൾ ആവിഷ്കരിക്കുന്നതിനും, DCMS സംഘടന നിലവിൽ വന്നതിന്റെ സപ്തതി (70) വർഷത്തിന്റെ പരിപാടികൾ ചർച്ച ചെയ്യുന്നതിനും അത് കൗൺസിലിൽ അവതരിപ്പിക്കുന്നതിനുംവേണ്ടിയുള്ള DCMS രൂപത കമ്മിറ്റി 2025 ഫെബ്രുവരി 18 ഞായറാഴ്ച രാവിലെ 10.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വെച്ചു രൂപതാപ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടി. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കെക്കുറ്റ് ആമുഖപ്രസംഗം നടത്തുകയും ജോയിന്റ് സെക്രട്ടറി ശ്രീ ബിപിൻ ബേബി സ്വാഗതം ആശംസിക്കുകയും വൈസ് പ്രസിഡന്റ് ശ്രീമതി ഫെമിന സിബിച്ചൻ കൃതജ്ഞതയർപ്പിക്കുകയും ചെയ്തു.

**രൂപതാ കൗൺസിൽ**

2024-25 വർഷത്തെ കർമ്മപരിപാടികൾ ആവിഷ്കരിക്കുന്നതിനും, DCMS സംഘടന നിലവിൽ വന്നതിന്റെ സപ്തതി (70) വർഷത്തിന്റെ പരിപാടികൾ ചർച്ച ചെയ്യുന്നതിനും തീരുമാനങ്ങളെടുക്കുന്നതിനുംവേണ്ടിയുള്ള DCMS രൂപതാകൗൺസിൽ 2025 ഫെബ്രുവരി 18 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വെച്ചു രൂപതാപ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടി.

സപ്തതിയുടെ ഭാഗമായി സപ്തതി സ്മാരക ഭവനപദ്ധതി തുടങ്ങാനും രൂപതയിലെ യുണിറ്റുകളെ 5 സോൺ ആയി തിരിച്ചുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ഏകീകരിക്കാനും തീരുമാനമായി.

**സോണുകൾ**

രാമപുരം : കടനാട്, പ്രവിത്താനം, രാമപുരം

അരുവിത്തുറ : പൂഞ്ഞാർ, തീക്കോയ്, കൂട്ടിക്കൽ, അരുവിത്തുറ

കുറവിലങ്ങാട് : മുട്ടുചിറ, ഇലഞ്ഞി, കോതനല്ലൂർ, കടത്തുരുത്തി, കുറവിലങ്ങാട്

ചേർപ്പുങ്കൽ : പാലാ, ഭരണങ്ങാനം, ചേർപ്പുങ്കൽ

തുടങ്ങനാട് : തുടങ്ങനാട്, മൂലമറ്റം

രൂപത ഡയറക്ടർ ഫാ.ജോസ് വടക്കെക്കുറ്റ് ആമുഖപ്രസംഗം നടത്തുകയും ഓർഗനൈസർ ശ്രീ ബേബി ആന്റണി സ്വാഗതം ആശംസിക്കുകയും വൈസ് പ്രസിഡന്റ് ശ്രീമതി ഫെമിന സിബിച്ചൻ കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

**അവധിക്കാല ക്യാമ്പുകൾ**

രൂപതയിലെ ദളിത് കത്തോലിക്കാ കുട്ടികൾക്കായി എല്ലാവർഷവും നടത്തിവരുന്ന അവധിക്കാല ക്യാമ്പുകൾ 2024 ഏപ്രിൽ 9 ചൊവ്വാഴ്ച വൈകുന്നേരം 4 മണിക്ക് തുടങ്ങും. 5-ാം ക്ലാസ്സുമുതൽ വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ പല ബാച്ചുകളായി തിരിച്ചു മുണ്ടുപാലം വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ചാണ് ക്യാമ്പുകൾ നടത്തുന്നത്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. ഓൺലൈൻ മീറ്റിംഗ്**

സ്പെഷൽ സ്കൂൾ ഭാരവാഹികൾക്കായി ഓൺലൈൻ മീറ്റിംഗ് നടത്തി.

**2. ക്യാമ്പ്**

റോട്ടറി ക്ലബ്ബിന്റെയും പാലാ മുനിസിപ്പാലിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ഭിന്നശേഷിക്കാർക്ക് സൗജന്യമായി സഹായോപകരണങ്ങൾ നൽകുന്ന ക്യാമ്പിൽ സ്ഥാപന അധികാരികൾ പങ്കെടുത്തു.

**3. ആനിവേഴ്സറി**

1. തീക്കോയി ദീപ്തി ഡി.സി.എം.ആർ. സ്പെഷൽ സ്കൂളിന്റെ ആനിവേഴ്സറിയിൽ പങ്കെടുത്തു.

2. അന്തീനാട് ആശാനിലയം സ്പെഷൽ സ്കൂളിന്റെ ആനിവേഴ്സറിയിൽ പങ്കെടുത്തു.

**4. സ്പോട്സ് ഡേ**

ആയാംകുടി ആശാനികേതൻ സ്പെഷൽ സ്കൂളിന്റെ സ്പോട്സ് ഡേ യിൽ പങ്കെടുത്തു.

**5. യാത്രയയപ്പ്**

4 മാസക്കാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം അരമനയിലേക്ക് പോയ ബ്രദർ ജോർജ്ജിൻ പൊട്ടനാനിക്ക് സമുചിതമായ യാത്രയയപ്പു നൽകി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. ഓൺ ലൈൻ രജിസ്ട്രേഷൻ**

അസംഘടിത തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ ഓൺ ലൈൻ രജിസ്ട്രേഷൻ നടക്കുന്നു.

**2. ഫൊറോന വൈദികസമ്മേളനം**

1. കടനാട് ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിക്കുകയും അസംഘടിത ക്ഷേമനിധിയിൽ അംഗങ്ങളെ പുതിയതായി ചേർക്കുന്നതിനും അതിന്റെ ആനുകൂല്യങ്ങളെക്കുറിച്ചും പരിചയപ്പെടുത്തി.

2. കൂട്ടിക്കൽ ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിക്കുകയും അസംഘടിത ക്ഷേമനിധിയിൽ അംഗങ്ങളെ പുതിയതായി ചേർക്കുന്നതിനെക്കുറിച്ചും അതിന്റെ ആനുകൂല്യങ്ങളെക്കുറിച്ചും പരിചയപ്പെടുത്തി.

**3. യാത്രയയപ്പ്**

4 മാസക്കാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം അരമനയിലേക്ക് പോയ ബ്രദർ ജോർജ്ജിൻ പൊട്ടനാനിക്ക് സമുചിതമായ യാത്രയയപ്പു നൽകി.

**4. പുതിയ ഭാരവാഹികൾ**

അസംഘടിത തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ മീറ്റിംഗ് നടന്നു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**പുരുഷവിഭാഗം**

| | |
|---|---|
| പ്രസിഡന്റ് | : ജോയിക്കുട്ടി മണ്ണൂർ, ഭരണങ്ങാനം |
| വൈസ് പ്രസിഡന്റ് | : റോയിറ്റ് മാത്യു, മഞ്ഞാമറ്റം |
| സെക്രട്ടറി | : ഷാജി മേൽവെട്ടം, പാലക്കാട്ടുമല |
| ജോയിന്റ് സെക്രട്ടറി | : തോമസുകുട്ടി അലക്സ് കാവുംകണ്ടം |
| ട്രഷറർ | : ജോർജുകുട്ടി ജോസഫ്, പൂവത്തോട് |

**കമ്മിറ്റി അംഗങ്ങൾ**

സജി കെ.എസ്., കട്ടയ്ക്കൽ, പൂവത്തോട്
വർഗീസ് തോമസ് കാരിക്കാട്ടിൽ, കൊഴുവനാൽ
റോബിൻ വെട്ടുവയലിൽ, കൊഴുവനാൽ

**വനിതാവിഭാഗം**

| | |
|---|---|
| പ്രസിഡന്റ് | : സ്വപ്ന ജോർജ് വടകര, ചെമ്മലമറ്റം |
| വൈസ് പ്രസിഡന്റ് | : ഷിബി ജോർജ് പുരയിടത്തിൽ, പൂവത്തോട് |
| സെക്രട്ടറി | : റോസി സണ്ണി മറ്റം, കൊഴുവനാൽ |
| ജോയിന്റ് സെക്രട്ടറി | : മേരി സണ്ണി കണ്ടവത്ത്, ചിറ്റാർ |
| ട്രഷറർ | : ജോമോൾ ബാബു താന്നിക്കൽ, പൈങ്ങുളം |

**കമ്മിറ്റി അംഗങ്ങൾ**

അജിമോൾ സേവ്യർ പള്ളിക്കുന്നേൽ, കാവുംകണ്ടം

ലൈസ ജോണി പൊന്നമ്പേൽ, കാഞ്ഞിരത്താനം

അന്നമ്മ സെബാസ്റ്റ്യൻ കല്ലുവേലിൽ, കാഞ്ഞിരത്താനം

ലിൻസി ജോബിൻ കിഴക്കയിൽ, മുണ്ടാങ്കൽ

ജെസ്സി സാബു അരീക്കകുന്നേൽ, കരൂർ

മിനി സെബാസ്റ്റ്യൻ പ്ലാത്തോട്ടത്തിൽ കൂടല്ലൂർ

5. **എക്സിക്യൂട്ടീവ് മീറ്റിംഗ്**

15-2-2024 - എക്സിക്യൂട്ടീവ് കൂടി. മാറുന്ന തൊഴിൽനിയമങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടന്നു.

24-2-2024 എക്സിക്യൂട്ടീവ് കൂടി. ഇടവക കേന്ദ്രീകരിച്ച് അസംഘടിത ഗാർഹികക്ഷേമനിധി മേള നടത്താൻ തീരുമാനിച്ചു.

**ലേബർ കോൺക്ലേയ്വ്**

മാർച്ച് 9, 10 തീയതികളിൽ എറണാകുളം ആശീർഭവനിൽവച്ചു നടക്കുന്ന ലേബർ കോൺക്ലേയ്വിനു പങ്കെടുക്കുന്നവരെ തീരുമാനിച്ചു.

6. **വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

7. **ഗാർഹിക ക്ഷേമനിധി മേള**

ബഹുമാനപ്പെട്ട വികാരിയച്ചാ,

അച്ചന്റെ ഇടവകയിലെ 18 മുതൽ 57 വയസ്സുവരെയുള്ള അസംഘടിതരായ തൊഴിലാളികളെ ഒരുമിപ്പിക്കുന്നതിനും അവർക്ക് പെൻഷൻ, ചികിത്സാ ആനുകൂല്യങ്ങൾ, സർക്കാർ ആനുകൂല്യങ്ങൾ നേടിക്കൊടുക്കുന്നതിനും പരമാവധി അംഗങ്ങളെ ചേർക്കുവാനും ഒരു നല്ല അവസരം വന്നുചേർന്നിരിക്കുന്നു. ക്ഷേമനിധി ഓഫീസിലെ നടപടിക്രമങ്ങൾ ഇല്ലാതെ പാലാ ഓഫീസിൽനിന്നുതന്നെ ക്രമീകരണങ്ങൾ ചെയ്യാൻ സാധിക്കുന്ന സമയമാണിത്. ഈ അവസരം പരമാ

വധി പ്രയോജനപ്പെടുത്താൻ സഹായിക്കുമല്ലോ. അച്ചന്റെ ഇടവകയിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സാധിക്കുന്ന 2 പേരെ എങ്കിലും തിരഞ്ഞെടുത്തു നൽകാമോ.

**8. അറിയിപ്പ്**

നിർമ്മാണതൊഴിലാളി ക്ഷേമനിധി, അസംഘടിത തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ 2024 വർഷത്തേക്കുള്ള പുതുക്കൽ നടന്നുകൊണ്ടിരിക്കുന്നു.

**9.** വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിംഗ്)**

ഫെബ്രുവരി 4,11, 18, 25 തീയതികളിൽ അഡാർട്ടിൽ വച്ച് ലഹരിവിമുക്തജീവിതം നയിക്കുന്നവർക്കുവേണ്ടി ഡയറക്ടറുടെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ വർഷങ്ങളായി ലഹരിവിമുക്തജീവിതം നയിക്കുന്നവരെ അനുമോദിക്കുകയും ലഹരിവിമുക്തജീവിതം നയിക്കുന്നവർ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ക്ലാസുകൾ നടത്തുകയും ചെയ്തു.

**അൽ-അനോൺ & അൽ-ആറ്റിൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ഫെബ്രുവരി പത്താം തീയതി ശനിയാഴ്ച രാവിലെ 11:30 ന് നടത്തപ്പെട്ടു.

**ബോധവത്കരണ ക്ലാസുകൾ**

ഫെബ്രുവരി പന്ത്രണ്ടാം തീയതി വലവൂർ ഗവൺമെന്റ് യു.പി. സ്കൂളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അഡാർട്ടിൽവച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും ചികിത്സയിൽ ആയിരിക്കുന്ന ഒരു മായി ചേർന്ന് ചോദ്യോത്തരവേളകളും ക്രമീകരിക്കുകയും ചെയ്തു.

**വേളാങ്കണ്ണി തീർത്ഥാടനം**

ലഹരിവിമുക്തജീവിതം നയിക്കുന്നവരെയും അവരുടെ കുടുംബാംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് വേളാങ്കണ്ണി തീർത്ഥാടനം ക്രമീകരിച്ചു. ഫെബ്രുവരി രണ്ടാം തീയതി വൈകുന്നേരം 5 മണിയോടെ അഡാർട്ടിൽനിന്ന് വേളാങ്കണ്ണിയിലേക്കു നടത്തിയ തീർത്ഥാടനത്തിൽ 50 ൽപരം ആളുകൾ പങ്കെടുത്തു. ഫെബ്രുവരി നാലാം തീയതി രാവിലെ സംഘം തിരിച്ചെത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തോലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2023 ന്റെ സമ്മാനങ്ങൾ വാങ്ങാത്തവർ എത്രയും വേഗം അവ രൂപത ഓഫീസിൽനിന്നു കൈപ്പറ്റേണ്ടതാണ്. ലോഗോസ് ഫാമിലി ക്വിസ് മത്സരങ്ങളും ഇതോടൊപ്പം കൊടുത്തുവിടുന്നതാണ്.

ലോഗോസ് ക്വിസ് 2024 ന്റെ പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

| | | |
|---|---|---|
| പഠനഭാഗം | ന്യായാധിപന്മാർ | 1-10 |
| | പ്രഭാഷകൻ | 34-40 |
| | ലൂക്ക | 9-16 |
| | 2 കൊറിന്തോസ് | 7-13 |

പരീക്ഷാത്തീയതി 2024 സെപ്തംബർ 29. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2024 ജൂൺ 1. രജിസ്ട്രേഷൻ അവസാനിക്കുന്നത് 2024 ജൂലൈ 31. രജിസ്ട്രേഷൻ ഫീസ് : 20 രൂപ.

**ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ അല്മായർക്കായി നടത്തുന്ന ബൈബിൾ കോഴ്സിന്റെ ഫെബ്രുവരി മാസത്തെ ക്ലാസ് 10-ാം തീയതി അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ ക്ലാസ് നയിച്ചു. അടുത്ത ക്ലാസ് മാർച്ച് 9 ന് നടക്കും.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. വാർഷികധ്യാനം**

ഫെബ്രുവരി 2, 3, 4 തീയതികളിൽ ജിയോവാലി ഇടവകയിലും 5, 6, 7 തീയതികളിൽ ഇടമറ്റം ഇടവകയിലും വാർഷികധ്യാനം നടത്തി.

**2.** ഫെബ്രുവരി 12 ന് വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സ് എടുത്തു.

**3.** ഫെബ്രുവരി 13 ന് Hospital Ministry അംഗങ്ങൾ മരിയൻ മെഡിക്കൽ സെന്റർ സന്ദർശിച്ച് രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു.

**4.** തിങ്കൾ മുതൽ വ്യാഴം വരെ എല്ലാ ആഴ്ചകളിലും ഷലോം പാസ്റ്ററൽ സെന്ററിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി

**5. സ്ട്രീറ്റ് മിനിസ്ടി**

7/02 പൊന്തൻപുഴ ഭാഗം, 13/02 കാഞ്ഞാർ, ചക്കിക്കാവ് ഭാഗം, 17/02 തൊടുപുഴ, 21/02 അടിമാലി, 27/02 ഇടുക്കി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

ബഹുമാനപ്പെട്ട ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.15 മണിമുതൽ ഉച്ചകഴിഞ്ഞ് 2.15 വരെയും ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ഫെബ്രുവരി മാസത്തിൽ ബ്രദർ ജോയി കിഴക്കേൽ മൂലമറ്റം, ബ്രദർ സജി സേവ്യർ പാലാ, കെ. കെ. ജോസഫ് എറണാകുളം, റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രേഘോഷണം നടത്തുകയുണ്ടായി.

**2. രാത്രിയാരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനി 24 ന് ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രിയാരാധന വൈകിട്ട് 7 മണിമുതൽ 11 മണിവരെ നടത്തപ്പെട്ടു. ശ്രീ രാജേഷ് ഇലഞ്ഞിമറ്റത്തിൽ വചനപ്രേഘോഷണം നടത്തി. തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. ആഗസ്റ്റ്യൻ പാലയ്ക്കാപ്പറമ്പിൽ, കരിസ് മറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, അസ്സി. ഡയറക്ടർ റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ, രൂപത സേവന സമിതി അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**3. ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS)**

ആഴ്ചയിൽ ഒരു ദിവസം 3 മണിക്കൂർ വീതം 7 ആഴ്ചകൾകൊണ്ട് പൂർത്തിയാകുന്ന സെമിനാർ സ്ലീവാപുരം ഇടവകയിൽ നടന്നുകൊണ്ടിരിക്കുന്നു.

**4. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന ദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന ഫെബ്രുവരി 7 ബുധൻ കടനാട് സെന്റ് അഗസ്റ്റിൻ ദൈവാലയത്തിൽ വച്ച് ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുക യുണ്ടായി. റവ. ഫാ. അഗസ്റ്റ്യൻ അരഞ്ഞാണിപുത്തൻപുരയിൽ തിരി തെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു. ശ്രീ ബാബു തൊമ്മനാമറ്റം വചനസന്ദേശം നൽകി. റവ. ഫാ. ഐസക് പെരിങ്ങാമലയിൽ, റവ. ഫാ. ജേക്കബ് വെള്ളമരു തുങ്കൽ (സോൺ ആനിമേറ്റർ), സോൺ സർവീസ് ടീം, സബ് സോൺ സർവീസ് ടീം അംഗങ്ങൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയുണ്ടായി.

**5. പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി**

പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളിയിൽ വച്ച് എല്ലാം വെള്ളിയാഴ്ചക ളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**6.** എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെ കുരിശിന്റെ വഴിയും ഞായറാഴ്ചകളിൽ രാത്രി 8.30 മുതൽ 10 വരെ വചനസന്ദേശവും മദ്ധ്യസ്ഥപ്രാർ ത്ഥനയും ഓൺലൈനായി നടത്തപ്പെടുന്നു.

7. പാലാ രൂപത 41-ാമത് ബൈബിൾ കൺവെൻഷന്റെ തുടർച്ചയായി 18 സബ് സോണുകളെ 5 മേഖലയായി തിരിച്ച് ഫെബ്രുവരി 10 ന് കടുത്തുരുത്തി ദൈവാലയത്തിലും രാമപുരം ദൈവാലയത്തിലുമായി 7 സബ്സോണിന്റെ മേഖലാസംഗമവും 26 ന് മൂലമറ്റം ദൈവാലയത്തിൽ വച്ച് 2 സബ് സോണിന്റെ മേഖലാസംഗമവും നടത്തപ്പെട്ടു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. ജനുവരി 28 മുതൽ ഫെബ്രുവരി 3 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടന്നു.

2. ഫെബ്രുവരി 3 ന് മൗണ്ട് നെബോ ആബാ ഭവനത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി റെ. ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ സ്ഥാനമേറ്റു.

3. രണ്ടാം ശനിയാഴ്ചതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, മധ്യസ്ഥപ്രാർത്ഥന, നിയോഗസമർപ്പണം, 10 മണി മുതൽ അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ അഭിഷേക-കൈവയ്പ്പു ശുശ്രൂഷകൾ എന്നിവയോടെ പൂർത്തിയാകുന്ന ധ്യാനം - ഫെബ്രുവരി 10 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ചു നടത്തി.

4. മൗണ്ട് നെബോ ആബാഭവനത്തിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 14 മുതൽ 18 വരെ പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ വച്ച് ദിവ്യകാരുണ്യ - ദൈവരാജ്യാനുഭവധ്യാനം നടത്തി.

5. മൗണ്ട് നെബോ ആബാഭവനം ഡയറക്ടർ റവ. ഫാ. തോമസ് വാഴചാരിക്കൽ വിവിധ ശുശ്രൂഷകൾക്കായി അമേരിക്ക - കാനഡ എന്നീ രാജ്യങ്ങളിൽ പോയിരിക്കുന്നതിനാൽ മാർച്ച് മാസം പഞ്ചദിന ദൈവരാജ്യനുഭവധ്യാനം ഉണ്ടായിരിക്കുന്നതല്ല.

6. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2024 മാർച്ച്, 9 ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2024 ഏപ്രിൽ 28 മുതൽ മേയ് 3 വരെ പഞ്ചദിന ദൈവരാജ്യനുഭവധ്യാനം

ബുക്കിംഗിന്: 9847472522; 7306371028.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

**ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയുടെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനാക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു.**

ഫ്രാൻസിസ്കൻ അല്മായസഭ തുടങ്ങനാട് റീജിയൻ കടനാട് സെന്റ് അഗസ്റ്റിൻസ് ഫൊറോനാ യൂണിറ്റ് അംഗവും SFO കടനാട് യൂണിറ്റ് മുൻ പ്രസി ഡന്റുമായിരുന്ന അന്തരിച്ച തോമസ് കുരുവിള പാറപ്പുറത്തിന്റെ വസതിയിൽ എത്തി SFO പാലാ രൂപത സ്പിരിചൽ അസിസ്റ്റന്റ് ഫാ. ജിതിൻ വടക്കുംമുറി OFM Cap അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും റീജിയൻ, യൂണിറ്റ് സമിതി ഭാരവാഹികളുടെ നേതൃത്വത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

യൂണിറ്റ് സന്ദർശനത്തിന്റെ ഭാഗമായി 2024 ഫെബ്രുവരി പതിനെട്ടാം തീയതി ഞായറാഴ്ച SFO അരുവിത്തുറ റീജിയന്റെ ചാർജ് വഹിക്കുന്ന സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ ആദർശ് വടക്കേത്ത് OFM Cap റീജിയൻ ഭാരവാഹികൾ എന്നിവർ കൂട്ടിക്കൽ യൂണിറ്റിൽ സന്ദർശനം നടത്തി. ബഹുമാനപ്പെട്ട സ്പിരിചൽ അസിസ്റ്റന്റ് കൂട്ടിക്കൽ ദേവാലയത്തിൽ രാവിലെ 7 മണിക്കുള്ള വിശുദ്ധ കുർബാന അർപ്പിക്കുകയും വിശുദ്ധ കുർബാനമധ്യേ ഫ്രാൻസിസ്കൻ അല്മായ സഭയെ ക്കുറിച്ചും ഫ്രാൻസിസ്കൻ ആധ്യാത്മികതയെക്കുറിച്ചും പ്രസംഗിക്കുകയും ചെയ്തു. തുടർന്ന് യൂണിറ്റ് മീറ്റിങ്ങിലും പ്രാർത്ഥനാസമ്മേളനത്തിലും പങ്കെടുത്തു. അന്നേദിവസം പറത്താനം, ഏന്തയാർ എന്നീ ഇടവക യൂണിറ്റുകളിലും സ്പിരി ചൽ അസിസ്റ്റന്റിന്റെ നേതൃത്വത്തിൽ റീജിയൻ ഭാരവാഹികൾ സന്ദർശനം നടത്തു കയും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുമായി മൂന്നാംസഭയുടെ പ്രവർത്തനങ്ങളെ ക്കുറിച്ച് വിലയിരുത്തൽ നടത്തുകയും ചെയ്തു. 2024 ഫെബ്രുവരി മാസം 25-ാം തീയതി ഞായറാഴ്ച ഫാ. ആദർശ് വടക്കേത്ത് OFM Cap ന്റെ നേതൃത്വത്തിൽ SFO അരുവിത്തുറ റീജിയൻ പ്രസിഡന്റ് ബ്രദർ സി. ജെ. തോമസ് ചാലിൽ, വൈസ് പ്രസിഡന്റ് ബ്രദർ തോമസ് മാത്യു മടിക്കാങ്കൽ, ഫോർമേറ്റർ സിസ്റ്റർ അന്നക്കുട്ടി തോമസ് പുത്തൻപറമ്പിൽ എന്നിവർ അടിവാരം യൂണിറ്റ് സന്ദർശിക്കുകയും യൂണിറ്റ് മീറ്റിങ്ങിലും പ്രാർത്ഥനാക്കൂട്ടായ്മയിൽ സംബന്ധിക്കുകയും ചെയ്തു. യൂണിറ്റ് സന്ദർശനത്തോടനുബന്ധിച്ച് അതത് ഇടവകയിലെ രോഗികളായ അല്മായസഹോദരങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് അവർക്കായി പ്രാർത്ഥി ക്കുകയും ചെയ്തു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.**(ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ഡി.എഫ്.സി ഫൊറോന എക്സിക്യൂട്ടീവ് മീറ്റിങ്ങുകൾ**

കടനാട് ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് ഫൊറോന പള്ളിയിൽവച്ച് പ്രസിഡന്റ് മധുവിന്റെ അധ്യക്ഷതയിൽ നടന്നു. ഫൊറോന വികാരി വെരി റവ. ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സിയുടെ പ്രവർത്തനങ്ങൾ ചർച്ചചെയ്തു.

**2. ഫൊറോന വൈദിക ഫൊറോന**

1. കടനാട് ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിക്കുകയും ദീപിക ഫ്രണ്ട്സ് ക്ലബ്ബുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്തു.

2. കൂട്ടിക്കൽ ഫൊറോന വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിക്കുകയും ദീപിക ഫ്രണ്ട്സ് ക്ലബ്ബുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്തു.

**3. യാത്രയയപ്പ്**

4 മാസക്കാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം അരമനയിലേക്കു പോയ ബ്രദർ ജോർജ്ജ് ലിൻ പൊട്ടനാനിക്ക് സമുചിതമായ യാത്രയയപ്പു നൽകി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**ജില്ലാ എക്സിക്യൂട്ടീവ്**

ഇൻഫാം പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനും മലയോര കർഷകർ നേരിടുന്ന വന്യമൃഗശല്യങ്ങളെയും അപകടകരമായവിധം വർദ്ധിച്ചുവരുന്ന കർഷകമരണങ്ങളെക്കുറിച്ചും യോഗം ചർച്ച ചെയ്യുകയും മരണമടഞ്ഞ വ്യക്തികളുടെ കുടുംബങ്ങളോട് അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

**വികാരിയച്ചന്മാർക്ക് കത്തു നൽകി – ഇൻഫാം യൂണിറ്റുകൾ**

എല്ലാ ഇടവകകളിലും ശക്തിപ്പെടുത്തുന്നതിനും പുനരാരംഭിക്കുന്നതിനും പാലാ ജില്ലാ സമതിയുടെ സഹായവും പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരണം നൽകാൻ യൂണിറ്റുകളിൽ സന്ദർശിക്കാൻ ദിവസവും ബഹു. വികാരി അച്ചന്മാരോട് ചോദിച്ചുകൊണ്ട് എല്ലാ ഇടവകകളിലേക്കും കത്തയച്ചു.

**ചെമ്മലമറ്റത്തും ചേറ്റുതോടും പുതിയ യൂണിറ്റുകൾ**

ഫെബ്രുവരി 17-ാം തീയതി ഞായറാഴ്ച 5 മണിക്ക് ചെമ്മലമറ്റം പന്ത്രണ്ട് ശ്ലീഹന്മാരുടെ പള്ളിയിൽ കൂടിയ സമ്മേളനത്തിൽ വികാരി ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് ഡോ. കെ.കെ. ജോസ് ക്ലാസ് നയിച്ചു. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ സെക്രട്ടറി തോമസ് മറ്റം തുടങ്ങിയവർ പ്രസംഗിച്ചു. ശ്രീ ജോസ് ജോർജ് വടക്കേൽ നേതൃത്വം നൽകുന്ന പുതിയ യൂണിറ്റു സ്ഥാപിച്ചു. ഫാ. തോമസ് കാട്ടിപറമ്പിൽ കൃതജ്ഞത അർപ്പിച്ചു. ഫെബ്രുവരി 24-ാം തീയതി ചേറ്റുതോട് ഫാത്തിമാമാതാപള്ളിയിൽ വികാരി ഫാ. ജോസഫ് ചക്കാലയ്ക്കലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ പ്രസിഡന്റ് ഡോ. കെ.കെ. ജോസ് ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, സെക്രട്ടറി തോമസ് മറ്റം എന്നിവരുടെ നേതൃത്വത്തിൽ പുതിയ യൂണിറ്റു ഭാരവാഹികൾ ചുമതലയേറ്റു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## ഫാ. സെബാസ്റ്റ്യൻ തുരുത്തേൽ

ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോനയിൽ തുരുത്തേൽ ദേവസ്യയുടെയും റോസയുടെയും 6 മക്കളിൽ ഒരാളായി 1926 ജനുവരി 26-ാം തീയതി സെബാസ്റ്റ്യൻ ജനിച്ചു.

സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ചങ്ങനാശേരി സെയ്ന്റ് ബർക്കുമൻസ് കോളേജിൽനിന്ന് പ്രീഡിഗ്രിയും മദ്രാസ് ക്രിസ്ത്യൻ കോളേജിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദവും കരസ്ഥമാക്കി. തന്നിലെ ദൈവവിളി തിരിച്ചറിഞ്ഞ സെബാസ്റ്റ്യൻ ചങ്ങനാശ്ശേരിയിലെ സെയ്ന്റ് തോമസ് മൈനർ സെമിനാരിയിൽ വൈദികപരിശീലനത്തിനായി പ്രവേശിച്ചു. തുടർന്ന്, ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. 1955 മാർച്ച് 15-ാം തീയതി ആലുവ സെമിനാരിയിൽ വച്ച് മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ചു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ ആദ്യനാളുകളിൽ പാലാ ളാലം പഴയ പള്ളിയിൽ അസ്തേന്തിയായി സേവനം ചെയ്തു. 1958-69 കാലഘട്ടത്തിൽ ആലുവ കാർമൽഗിരി സെമിനാരിയിൽ അധ്യാപകനായി സേവനം ചെയ്തു. 1969-75 കാലഘട്ടത്തിൽ മേലമ്പാറയിലുള്ള ദീപ്തി കോളേജിന്റെ റെക്ടറായി സേവനം ചെയ്തു. ഒപ്പം സെയ്ന്റ് തോമസ് മിഷനറി സൊസൈറ്റിയുടെ അംഗമാവുകയും 1978-88 കാലഘട്ടത്തിൽ ഫസ്റ്റ് കൺസൾട്ടന്റായും സേവനം ചെയ്തു. പിന്നീട് വടവാതൂർ സെയ്ന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ അധ്യാപകനായും ദീപ്തി കോളേജിന്റെ അധ്യാപകനായും തുടർന്നു. 1988-93 കാലഘട്ടത്തിൽ MST സൊസൈറ്റിയുടെ ഡയറക്ടർ ജനറലായി സ്ഥാനമേറ്റു. മാണ്ഡ്യയിലുള്ള ജീവൻ ജ്യോതി ഭവനത്തിലെ സ്പിരിച്വൽ ഡയറക്ടറായി 1993-96 കാലഘട്ടത്തിൽ സേവനം ചെയ്തു. തുടർന്ന് ദീപ്തി കോളേജിൽ അധ്യാപകനായും വിശ്രമജീവിതം നയിച്ചും പോന്നു. സീറോ മലബാർ സഭയ്ക്ക് നൽകിയ സംഭാവനകൾ

പരിഗണിച്ച് അദ്ദേഹത്തെ സഭാരത്നം അവാർഡ് നൽകി ആദരിച്ചു. വാർദ്ധക്യ സഹജമായ രോഗങ്ങളാൽ ബഹുമാനപ്പെട്ട അച്ചൻ 2024 ഫെബ്രുവരി 08 ന് ഇഹ ലോകവാസം പൂർത്തിയാക്കി നിത്യകിരീടം നേടാൻ ദൈവപിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായി.

ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ തുരുത്തേലച്ചന്റെ മൃതസംസ്കാരശുശ്രൂഷ കൾ 2024 ഫെബ്രുവരി 12-ാം തീയതി രാവിലെ 10 മണിക്ക് ഉജ്ജെയ്ൻ ബിഷപ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വടക്കേൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ മേലമ്പാറയിലുള്ള ദീപ്തി ഭവനിൽ വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ചു. സീറോ മലബാർ സഭയുടെ കർദ്ദിനാളായിരുന്ന അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവ് വിശുദ്ധ കുർബാനമദ്ധ്യേ വചനസന്ദേശം നൽകി. സീറോ മലബാർ സഭ യുടെ മേജർ ആർച്ചുബിഷപ് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് അന്തിമകർമ്മ ങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തലേദിവസം ഒപ്പീസ് പ്രാർത്ഥനയിൽ അഭി വന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് തുരുത്തേലച്ചനെക്കുറിച്ച് പങ്കുവെച്ച ചിന്ത ഇപ്രകാരമായിരുന്നു. " 'തിളങ്ങുന്ന മാണിക്യം' - 'Lapis lazuli' പോലെ തിരുസ്സഭയിൽ തിളങ്ങിനിന്ന വ്യക്തിത്വമായിരുന്നു ബഹുമാനപ്പെട്ട തുരുത്തേൽ അച്ചന്റേത്. സർവ്വ മേഖലയിലും അച്ചൻ തിളങ്ങിനിന്ന മാണിക്യമായിരുന്നു. MST സമൂഹത്തിന് ഊടും പാവും നൽകിയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ലാളിത്യമനോഭാവം ആയിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. നിഷ്കളങ്കമായ ഒരു കുഞ്ഞിനെപോലെ എല്ലാവരോടും പെരുമാറി.

ഈ ദീപ്തി ഹൗസിൽനിന്ന് ലോകമാകെ ദീപ്തിപരത്തിയാണ് സഭാ വൈദികരത്നമായ പെരിയ ബഹുമാനപ്പെട്ട തുരുത്തേൽ സെബാസ്റ്റ്യനച്ചൻ ദൈവികസന്നിധിയിലേക്ക് യാത്രയാകുന്നത്." മരിച്ചവരെ നിത്യതയിൽ ഉയിർ പ്പിക്കുന്ന ദൈവം തന്റെ വിശ്വസ്തദാസനായ ബഹുമാനപ്പെട്ട തുരുത്തേലച്ചനെ ജീവന്റെ കിരീടവും അണിയിക്കട്ടെ




## FEBRUARY 2024

| | | |
|---|---|---|
| 1-7 | | ബാംഗ്ളൂർ സെയ്ന്റ് ജോൺസ് ഹോസ്പിറ്റലിൽ വച്ചുനടന്ന CBCI മീറ്റിംഗിൽ സംബന്ധിച്ചു. |
| 08 | 4.30 pm | കൈപ്പള്ളി പള്ളിയിൽ പുതുതായി നിർമ്മിക്കപ്പെട്ട കൽക്കുരിശിന്റെയും കൊടിമരത്തിന്റെയും ആശീർവാദകർമ്മം നടത്തി, തിരുനാളിന് കൊടിയേറ്റി. വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| 09 | 10.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.30 pm | കരിമ്പാനി പള്ളിയിൽ പുതുതായി നിർമ്മിക്കപ്പെട്ട കൊടിമരം വെഞ്ചെരിച്ച് തിരുനാളിന് കൊടിയേറ്റി. |
| 10 | 9.00 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ പുതുതായി നിർമ്മിക്കപ്പെട്ട ഒ.പി. ഡിപ്പാർട്ടുമെന്റുകളുടേയും ഡ്രഗ് ഇൻഫർമേഷൻ സെന്ററിന്റെയും ആശീർവാദകർമ്മം നിർവഹിച്ചു. |
| | 4.15 pm | പാലാ കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 6.00 pm | കുറുമണ്ണ് ഇടവകയിൽ സി. ഗ്രേയ്സ് DST യുടെ സുവർണ്ണജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്ത് ആശംസകളർപ്പിച്ചു. |
| | 7.15 pm | കുറുമണ്ണ് ഇടവകയിൽ ഐപ്പൻപറമ്പിൽ പാപ്പച്ചന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 11 | 02. 00 pm | ബിഷപ്സ് ഹൗസിൽ DCMS സംഘടനയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സ്കോളർഷിപ്പ് വിതരണ ചടങ്ങ് ഉദ്ഘാടനം ചെയ്തു സമ്മാനങ്ങൾ നൽകി. |

| | | |
|---|---|---|
| | 4.00 pm | മുട്ടം സിബിഗിരി പള്ളിയുടെ ശതാബ്ദി സമാപനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്നു നടത്തപ്പെട്ട പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. |
| | 8.30 pm | ഭരണങ്ങാനം MST ദീപ്തി ഭവനത്തിൽ വൈദികരത്നം ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ തുരുത്തേലച്ചന്റെ ഭൗതികദേഹത്തിനരികിൽ രൂപതയിലെ നിരവധി അച്ചന്മാരുടെ സാന്നിധ്യത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 12 | 6.30 am | പാലാ കത്തീഡ്രലിൽ വിഭൂതിത്തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 10.00 am | ഭരണങ്ങാനം MST ദീപ്തിഭവനത്തിൽ വൈദികരത്നം ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ തുരുത്തേലച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ സഹകാർമ്മികത്വം വഹിച്ചു. |
| | 1.30 pm | ബിഷപ്സ് ഹൗസിൽ സീറോമലബാർ മേജർ ആർച്ചുബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനെ സ്വീകരിച്ചു. |
| | 2.00 pm | കോട്ടയം വിമലഗിരി കത്തീഡ്രലിൽ വിജയപുരം രൂപതാസഹായമെത്രാൻ മോസ്റ്റ് റൈറ്റ് റവ. ഡോ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ പിതാവിന്റെ മെത്രാഭിഷേക ചടങ്ങിൽ സംബന്ധിച്ചു. |
| | 5.00 pm | കോട്ടയം ദീപിക ഓഫീസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 13 | 09.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11. 30 pm | ഭരണങ്ങാനം അൽഫോൻസ ഷ്റൈനിൽ സീറോമലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന് സ്വീകരണവും അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിനോടൊത്ത് വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്നുള്ള മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു. |
| | 3.30 pm | മുണ്ടുപാലം സ്റ്റീൽ ഇന്ത്യാ കാമ്പസിൽ ആരംഭിക്കുന്ന കാർഷികമൂല്യവർദ്ധിത സംരംഭത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| | 05.30 pm | പാലാ സെന്റ് തോമസ് കോളജിന്റെ ഗ്രൗണ്ട് വർക്കുകൾ സന്ദർശിച്ചു വിലയിരുത്തി. |
| 14 | 2.45 pm | വെള്ളികുളം സ്കൂളിന്റെ 75-ാം വർഷ ജൂബിലി സമാപനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 15 | 11.00 am | വാക്കാട് പള്ളിയിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| | 03.00 pm | ബിഷപ്സ് ഹൗസിൽ PSWS ന്റെ ജനറൽ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 16 | 9.30 am | പാലാ അൽഫോൻസാ കോളേജിൽ പുതുതായി നിർമ്മിക്കപ്പെട്ട പ്രവേശനകവാടത്തിന്റെയും വിശുദ്ധ അൽഫോൻസയുടെ രൂപത്തിന്റെയും ആശീർവാദ കർമ്മം നടത്തി. |
| | 10.30 am | പാലാ സെന്റ് തോമസ് കോളേജിന് ലഭിച്ച ഓട്ടോണോമസ് പദവിയുടെ പ്രഖ്യാപനം കോളേജ് ഓഡിറ്റോറിയത്തിൽ വച്ചുനടത്തി. |
| | 11.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.30 pm | കവീക്കുന്ന് ഇടവകയിൽ പാമ്പൂരാംപാറ മലകയറ്റ കുരിശുപള്ളിയുടെ ആശീർവാദകർമ്മം നിർവഹിച്ചു. |
| | 5.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ഗവേണിംഗ് ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 9.00 pm | സെമിനാരി കമ്മീഷനുമായി ബന്ധപ്പെട്ട ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 17 | 11.30 am | മുട്ടുചിറ ഫൊറോനയിൽ മാഞ്ഞൂരാൻ എം.സി. തോമസിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 4.00 pm | കൊഴുവനാൽ ഇടവകയിൽ ഫാ. ജോസഫ് തോലാനിക്കൽ പൗരോഹിത്യ രജതജൂബിലി സ്മാരകാർത്ഥമായി ഹോം പാലാ പ്രോജക്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കപ്പെട്ട ഭവനം ആശീർവദിച്ചു. |
| | 5.00 pm | പാലാ രൂപതയിൽ വിവിധ ഇടവകകളിൽ ഈ വർഷം അജപാലനശുശ്രൂഷ ചെയ്ത വടവാതൂർ സെയ്ന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെയും തെള്ളകം കപ്പൂച്ചിൻ ആശ്രമത്തിലെയും ശമ്മാശന്മാർക്ക് ബിഷപ്സ് ഹൗസിൽ സ്വീകരണം നൽകി. |

| | | |
|---|---|---|
| 19 | 10.00 am | കൊഴുവനാൽ ഇടവകയിൽ തണ്ണിപ്പാറ ബഹു. തോമസച്ചന്റെ മാതാവ് ശ്രീമതി മേരി തോമസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. |
| | 12.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ഓർത്തോപീഡിക്സ് വിഭാഗത്തെ സെന്റർ ഓഫ് എക്സലൻസ് നിലവാരത്തിലേക്ക് ഉയർത്തിയതിന്റെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. |
| | 4.00 pm | മേരിലാൻഡ് ഇടവകയിൽ ഹോം പാലാ പ്രോജക്ടിൽ ഉൾപ്പെടുത്തി നിർമ്മിച്ച രണ്ടു വീടുകളും മലമുകളിൽ പുതുതായി നിർമ്മിച്ച കുരിശടിയും ആശീർവദിച്ചു. |
| | 06.30 pm | കടപ്ലാമറ്റം ഇടവകയിൽ കൂവള്ളൂർ ഔസേപ്പച്ചന്റെ മൃതദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 20 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ ബഡ്ജറ്റ് അവലോകന മീറ്റിംഗിൽ സംബന്ധിച്ചു. |
| 21 | 10.15 am | പാലാ സെയ്ന്റ് തോമസ് കോളേജിൽ ഭൗതികശാസ്ത്രവിഭാഗം നടത്തിയ നാഷണൽ കോൺഫറൻസ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. |
| | 2.15 pm | ചേർപ്പുങ്കൽ ഹയർസെക്കൻഡറി സ്കൂളിൽ പുതുതായി നിർമ്മിക്കപ്പെട്ട പ്രവേശനകവാടവും ബാസ്ക്കറ്റ് ബോൾ കോർട്ടും ആശീർവദിച്ചു. |
| | 3.00 pm | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ അഡ്വൈസറി ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 22 | 9.00 am | പാലാ സെന്റ് തോമസ് ബി. എഡ്. കോളേജിൽ കേന്ദ്ര ഗവണ്മെന്റിന്റെ RUSA - Rashtriya Uchchatar Shiksha Abhiyan പദ്ധതിയിൽ നിർമ്മിക്കപ്പെട്ട കെട്ടിടസമുച്ചയം ആശീർവദിച്ചു. |
| | 9.30 am | പാലാ സെന്റ് തോമസ് കോളേജിൽ കേന്ദ്ര ഗവണ്മെന്റിന്റെ RUSA - Rashtriya Uchchatar Shiksha Abhiyan പദ്ധതിയിൽ നിർമ്മിക്കപ്പെട്ട കെട്ടിടസമുച്ചയം ആശീർവദിച്ചു. |

| | | |
|---|---|---|
| | 11.30 am | കൊച്ചി അമൃത മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയെത്തുടർന്ന് വിശ്രമത്തിലായിരിക്കുന്ന ബഹുമാനപ്പെട്ട കുപ്പപ്പുഴയ്ക്കൽ അബ്രാഹം അച്ചനെ സന്ദർശിച്ചു. |
| 23 | 9.00 am | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസ് & റിസേർച്ചിന്റെ ഉദ്ഘാടനച്ചടങ്ങിൽ അധ്യക്ഷത വഹിച്ചു. |
| | 10.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.00 pm | തോടനാൽ ഇടവകയിൽ ഹോം പാലാ പ്രോജക്ടിൽ നിർമ്മിക്കപ്പെട്ട ഒരു ഭവനം ആശീർവദിച്ചു. |
| | 9.15 pm | ഒരുകൂട്ടം സാമൂഹികവിരുദ്ധരാൽ ആക്രമിക്കപ്പെട്ട പൂഞ്ഞാർ അസ്തേന്തി ആറ്റുചാലിൽ ജോസഫ് അച്ചനെ മാർസ്ലീവാ മെഡിസിറ്റിയിൽ സന്ദർശിച്ചു. |
| 24 | 9.30 am | പാലാ സെയ്ന്റ് തോമസ് കോളേജിൽ 'കരിയർ എക്സ്പോ ദിശ' - എന്ന പേരിൽ നടന്ന മെഗാ ജോബ് ഫെയർ ഉദ്ഘാടനച്ചടങ്ങിൽ അധ്യക്ഷത വഹിച്ചു. |
| | 11.30 am | പൂഞ്ഞാർ സെയ്ന്റ് മേരിസ് ഫൊറോന പള്ളിയിൽ അടിയന്തരസന്ദർശനം നടത്തി. |
| | 2.00 pm | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ബഹുമാനപ്പെട്ട സിറിയക് കുന്നേലച്ചന്റെ നവതിസ്മരണിക പ്രകാശനം ചെയ്തു. |
| | 2.15 pm | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് SH മീഡിയ തയ്യാറാക്കിയ ഹ്രസ്വ ചിത്രം പ്രേക്ഷകർക്കായി സമർപ്പിച്ചു. |
| | 2.30 pm | പാലാ സെയ്ന്റ് മേരീസ് ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ വച്ച് കുടുംബക്കൂട്ടായ്മാവാർഷികം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 5.30 pm | കുടക്കച്ചിറ ഇടവകാംഗം അന്തീനാട്ട് മത്തായിച്ചന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 7.00 pm | വിമലഗിരി (ചക്കിക്കാവ്) പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗ ത്തിലും ജപമാലപ്രാർത്ഥനയിലും സംബന്ധിച്ചു. |
| 25 | 08.00 am | വിമലഗിരി (ചക്കിക്കാവ്) പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവ കാംഗങ്ങളോടൊത്ത് വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനവും തുടർന്നുനടന്ന പൊതുയോഗത്തിലും സംബന്ധിച്ചു. |
| 26 | 10.00 am | നരിയങ്ങാനം ഇടവകയിൽ കുളത്തിനാൽ ജോഫിൻ ജോയിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 11.30 am | പാലാ സെയ്ന്റ് തോമസ് സ്കൂൾ ഓഡിറ്റോറിയ ത്തിൽ ഈ വർഷം റിട്ടയറാകുന്ന പാലാ കോർപ്പറേറ്റ് അധ്യാപക-അനധ്യാപകസമ്മേളനം ഉദ്ഘാടനം ചെയ്തുസംസാരിച്ചു. |
| | 4.00 pm | പൂഞ്ഞാർ സെയ്ന്റ് മേരിസ് ഫൊറോന പള്ളിയിൽ അടിയന്തരസന്ദർശനം നടത്തി. |
| | 6.00 pm | പറത്താനം 'സീ വ്യു' എസ്റ്റേറ്റിൽ അടിയന്തരസന്ദർ ശനം നടത്തി. |
| 27 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.00 am | ബിഷപ്സ് ഹൗസിൽ പൂഞ്ഞാർ സംഭവത്തിന്റെ നിജസ്ഥിതികൾ മനസ്സിലാക്കാനും തുടർനടപടികൾ ചർച്ച ചെയ്യാനും വിളിച്ചുചേർക്കപ്പെട്ട അടിയന്തര മീറ്റിംഗിൽ സംബന്ധിച്ചു. |
| 28 | 11. 00 am | കുരുവിനാൽ SH മഠത്തിൽ തിരുഹൃദയസന്ന്യാസിനീ സമൂഹത്തിന്റെ റിന്യൂവൽ അസംബ്ലിയിൽ പ്രബോ ധനം നൽകി. |
| 29 | 11.00 am | പാലാ സെന്റ് തോമസ് കോളേജിൽ മലയാളവിഭാഗം മേധാവി ശ്രീ ഡേവിസ് സേവ്യർ രചിച്ച 'പദശുദ്ധി കോശം' പുസ്തകപ്രകാശനം നടത്തി. |
| | 4.30pm | പാലാ ളാലം പുത്തൻ പള്ളിയിൽ 'പ്രവാചകമധ്യസ്ഥ പ്രാർത്ഥന'യിൽ വചനസന്ദേശം നൽകി. |

# മാർ സ്ലീവാ മെഡിസിറ്റി വിശേഷങ്ങൾ



പുതുതായി പണികഴിപ്പിക്കപ്പെട്ട ഒ.പി. ഡിപ്പാർട്ടുമെന്റുകളുടെ ആശീർവാദകർമം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസ് & റിസേർച്ചിന്റെ ഉദ്ഘാടനം മന്ത്രി വി.എൻ. വാസവൻ നിർവഹിക്കുന്നു.



ഓർത്തോപീഡിക്സ് വിഭാഗത്തെ സെന്റർ ഓഫ് എക്സലൻസ് നിലവാരത്തിലേക്ക് ഉയർത്തിയതിന്റെ സമ്മേളനോദ്ഘാടനം ഗോവ ഗവർണർ പി.എസ്. ശ്രീധരനും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും ചേർന്നു നിർവഹിക്കുന്നു.



പുതുതായി ആരംഭിച്ച ഡ്രഗ് ഇൻഫർമേഷൻ സെന്ററിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



പാലാ രൂപതയിലെ വിവിധ ദൈവാലയങ്ങളിൽ ഞായറാഴ്ചകളിൽ അജപാലനശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടിരുന്ന വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെയും തെള്ളകം കപ്പൂച്ചിൻ ആശ്രമത്തിലെയും വൈദികവിദ്യാർഥികൾ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടൊപ്പം





പാലാ കത്തീഡ്രലിൽ വിഭൂതിത്തിരുനാളിന്റെ തിരുക്കർമ്മങ്ങൾ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നപ്പോൾ

# കലാലയവിശേഷങ്ങൾ



സെന്റ് തോമസ് കോളേജിൽ 'കരിയർ എക്സ്പോ ദിശ' – എന്ന പേരിൽ നടന്ന മെഗാ ജോബ് ഫെയർ



പാലാ സെന്റ് തോമസ് കോളേജിൽ കേന്ദ്രഗവണ്മെന്റിന്റെ
RUSA (Rashtriya Uchchatar Shiksha Abhiyan) പദ്ധതി
യിൽ നിർമ്മിക്കപ്പെട്ട കെട്ടിടസമുച്ചയം അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ആശീർവദിക്കുന്നു.



പാലാ സെന്റ് തോമസ് കോളേജിന്
ലഭിച്ച ഓട്ടോണമസ് പദവി അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
പ്രഖ്യാപിക്കുന്നു.



പാലാ സെന്റ് തോമസ് കോളേജിൽ ഫിസിക്സ് വിഭാഗം നടത്തിയ നാഷണൽ കോൺഫറൻസ്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



പാലാ അൽഫോൻസാ കോളേജിൽ പുതുതായി
നിർമ്മിക്കപ്പെട്ട പ്രവേശനകവാടവും വി. അൽഫോൻസാമ്മ
യുടെ രൂപവും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
ആശീർവദിക്കുന്നു.



പാലാ സെന്റ് തോമസ് ബി.എഡ്. കോളേജിൽ കേന്ദ്രഗവണ്മെന്റിന്റെ
RUSA (Rashtriya Uchchatar Shiksha Abhiyan) പദ്ധതിയിൽ
നിർമ്മിക്കപ്പെട്ട കെട്ടിടസമുച്ചയം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ആശീർവദിക്കുന്നു.



ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
വിമലഗിരി (ചക്കിക്കാവ്) ഇടവക

2024
MARCH

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN




Printed at St Thomas Press, Palai and Published by Fr. John Pakkarampel